പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

അറുപത്തിയെട്ടാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16, 2016-17, 2017-18, 2018-19, 2022-23 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

അറുപത്തിയെട്ടാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16, 2016-17, 2017-18, 2018-19, 2022-23 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	
മുഖവുര	:	
റിപ്പോർട്ട്	:	
അനുബന്ധം I		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:	
അനുബന്ധം II		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	:	

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ

അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി.ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2023-2026)യുടെ അറുപത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16, 2016-17, 2017-18, 2018-19, 2022-23 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 സെപ്റ്റംബർ മാസം 17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18.

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16, 2016-17, 2017-18, 2018-19, 2022-23 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

അറവുശാലയിലെ ആധുനിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല - 32,58,000/- രൂപ പാഴ്ചെലവ്

മഞ്ചേരി നഗരസഭ, മലപ്പുറം ജില്ല

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2012-13, ഖണ്ഡിക നം. 3 – 8)

- അറവുശാല നവീകരിച്ചത് വ്യക്തമായ പഠനം നടത്താതെ
- മാലിന്യ സംസ്കരണത്തിന് സംവിധാനമില്ല
- അറവുശാലാ പ്രവർത്തനം മലിനീകരണ നിയന്ത്രണബോർഡ്, ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നിവയുടെ അനുമതിയില്ലാതെ
- മാംസം സുരക്ഷിതമെന്ന് ഉറപ്പുവരുത്തുന്നില്ല

മഞ്ചേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള വെട്ടുക്കോട് എന്ന സ്ഥലത്ത് ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുന്നതിന് നഗരസഭ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ദിനേന ചെറുതും വലുതുമായ 40 ആടുമാടുകളെ കശാപ്പ ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങളോട് കൂടിയ അറവുശാല നിർമ്മിക്കുന്നതിന് കേരള സർക്കാർ സ്ഥാപനമായ 'സിൽക്ക്'മായി നഗരസഭ കരാറിൽ ഏർപ്പെട്ടു. അറവുശാലയുടെ നിർമ്മാണത്തിനായി 2001-02, 2002-03 വർഷങ്ങളിൽ സിൽക്കിന് 32,58,000/- രൂപ നൽകിയിട്ടുണ്ട്. (സിവിൽ പ്രവൃത്തികൾ – 20,60,000, യന്ത്ര സാമഗ്രികൾ സ്ഥാപിക്കൽ – 9,98,000, ബയോഗ്യാസ് പ്ലാന്റ് - 2,00,000). ഇതു കൂടാതെ പ്ലാന്റ് വൈദ്യുതീകരണത്തിന് 8,900/- രൂപ നഗരസഭ കെ.എസ്.ഇ.ബി.യിൽ ഒടുക്കുകയും ചെയ്തു.

അറവുശാലയുടെ നിർമ്മാണം 2002-03ൽ തന്നെ പൂർത്തിയാക്കിയെങ്കിലും നാളിതുവരെയും ഇതിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയിട്ടില്ല.

അറവുശാലയ്ക്ക് തുടർന്നുള്ള വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ നൽകുന്നു.

റോഡ് നിർമ്മാണം (2002-03, 2003-04)	-	1,34,850/-
അറവുശാല അറ്റകുറ്റപ്പണികൾ (2012-13)	-	10,53,595/-

അറവുശാലയിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ (2014-15)	-	25,90,298/-
ആകെ	-	**37,78,743/-**

അറവുശാല നിർമ്മാണത്തിനും നവീകരണത്തിനുമായി 2000-01 മുതൽ 2014-15 വരെ നഗരസഭ 70,45,643/- രൂപ ചെലവഴിച്ചെങ്കിലും പ്രവർത്തനത്തിൽ യാതൊരു പുരോഗതിയും കൈവരിക്കാനായിട്ടില്ല.

ഓഡിറ്റിന്റെ ഭാഗമായി സ്ഥലം നേരിട്ട് സന്ദർശിച്ചതിൽ ചുവടെപ്പറയുന്ന കാര്യങ്ങൾ ബോധ്യമായി. (24.6.2016 ൽ നഗരസഭ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.)

1. അറവുശാലയിൽ ഏർപ്പെടുത്തിയ ആധുനിക സൗകര്യങ്ങളൊന്നും ഉപയോഗപ്പെടുത്താതെ പരമ്പരാഗത രീതിയിലാണ് ഇപ്പോഴും മൃഗങ്ങളെ കശാപ്പ് ചെയ്യുന്നത്.
2. മാലിന്യ സംസ്കരണത്തിന് നിലവിൽ ഫലപ്രദമായ സംവിധാനമില്ല.
3. അറവുശാലയിൽ സ്ഥാപിച്ച ഉപകരണങ്ങൾ നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.
4. മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെയും ലൈസൻസ് നേടാതെയാണ് സ്ഥാപനം നാളിതുവരെ പ്രവർത്തിച്ചത്.
5. അറവുശാലയിൽ കശാപ്പ് ചെയ്യുന്ന മൃഗങ്ങളുടെ ആന്റിമോർട്ടം, പോസ്റ്റ്മോർട്ടം എന്നിവ നടത്തി മാംസം സുരക്ഷിതമാണെന്ന് ഉറപ്പ് വരുത്തുന്നില്ല.

നിലവിൽ അറവുശാലാഷെഡിലെ സിമന്റ് തറയിൽ വച്ച് പരമ്പരാഗത രീതിയിൽ കശാപ്പ് ചെയ്യുകയും രക്തം പ്ലാന്റിലെ സോക്ക് പിറ്റിലേക്ക് ഒഴുക്കുകയുമാണ് ചെയ്യുന്നത്. അറവുശാലയിലെ മറ്റ് മാലിന്യങ്ങളൊന്നും സംസ്കരിക്കുന്നതിന് പ്ലാന്റിൽ സൗകര്യമില്ല. ഇവിടെ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന രഹിതമാണ്.

അറവുശാല ഇപ്പോൾ പ്രവർത്തിക്കുന്ന രീതിയിലെ പ്രവർത്തനത്തിന് ആവശ്യമായ സൗകര്യങ്ങൾ ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് മുമ്പ്തന്നെ നഗരസഭയിൽ ലഭ്യമായിരുന്നു.

മൃഗങ്ങളെ പ്രത്യേകതരം തോക്ക് ഉപയോഗിച്ച് കൊന്നശേഷം കപ്പിയിലുറപ്പിച്ച ചങ്ങലയിൽ വലിച്ചുയർത്തി മാംസം വേർതിരിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങളാണ് 'സിൽക്ക്' അറവുശാലയിൽ ഒരുക്കിയിരുന്നത്. എന്നാൽ നഗരസഭാപ്രദേശത്തും അയൽ പ്രദേശത്തും

താമസിക്കുന്നവരിൽ ഭൂരിപക്ഷവും മുസ്ലീം സമുദായക്കാരാണ് എന്നതും ഇവർ ഹലാൽ രീതിയിൽ അറുക്കപ്പെട്ട മാടുകളുടെ ഇറച്ചി മാത്രമേ ഉപയോഗിക്കു എന്നതിനാലും അറവുശാലയിൽ ഏർപ്പെടുത്തിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് മാംസവ്യാപാരികളാരും തയ്യാറാകുന്നില്ല.

അറവുശാലയുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തമായ പഠനം നടത്താതെയും (പ്രോജക്ട് സ്റ്റഡി) ഗുണഭോക്താക്കളായ വ്യാപാരികളുമായി കൂടിയാലോചന നടത്താതെയും പ്രോജക്ട് നടപ്പാക്കിയതുമൂലം പുതിയ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുമായി 'സിൽക്ക്' എന്ന സ്ഥാപനത്തിന് നൽകിയ 32,58,000/- രൂപ പാഴായി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.18)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, മഞ്ചേരി നഗരസഭയുടെ ഉടമസ്ഥതയിൽ 2003-ൽ പ്രവർത്തനം ആരംഭിച്ച വെട്ടുക്കോട്ടുള്ള അറവുശാലയിൽ ഒരുക്കിയിട്ടുള്ള ആധുനിക സംവിധാനങ്ങൾ നിലവിലും ഉപയോഗപ്പെടുത്തുന്നില്ലെന്നും ഭൂരിഭാഗം ഗുണഭോക്താക്കളും ആധുനിക അറവുശാലയിലെ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയുള്ള കശാപ്പുരീതിയോട് എതിർപ്പ് പ്രകടിപ്പിക്കുന്നതിനാൽ പരമ്പരാഗതമായ കട്ടിങ് രീതിയാണ് അനുവർത്തിച്ചുവരുന്നതെന്നും നഗരസഭാ പ്രദേശത്തും അയൽ പ്രദേശത്തും താമസിക്കുന്നവരിൽ ഭൂരിപക്ഷവും മുസ്ലീം മതവിഭാഗത്തിൽപ്പെട്ടവരായതിനാൽ ഹലാൽ രീതിയിൽ കശാപ്പുചെയ്ത ഇറച്ചി മാത്രമേ ഉപയോഗിക്കു എന്നതിനാൽ അറവുശാലയിൽ സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് മാംസ വ്യാപാരികളാരും തയ്യാറാകുന്നില്ലെന്നും ഭൂരിപക്ഷം ജനങ്ങളും മാംസാഹാരം കഴിക്കുന്ന പ്രദേശമായതിനാൽ അറവുശാലയുടെ പ്രവർത്തനം നിർത്തലാക്കാൻ കഴിയില്ലെന്നും മഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ശാസ്ത്രീയവും ആധുനികവുമായ സംവിധാനം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ച് ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ടെന്നും അറവുശാലയിലുണ്ടാകുന്ന സ്ലറി, ചാണകം മുതലായവ സംസ്കരിക്കുന്നതിന് സംവിധാനമേർപ്പെടുത്തിയിട്ടുണ്ടെന്നും 2026 വരെ സംസ്കരണത്തിന്

പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും മഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

2. ശാസ്ത്രീയമായ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞാൽ അത് നടപ്പാക്കുകയാണ് വേണ്ടതെന്നും പ്രോജക്ട് നടപ്പാക്കുന്നതിനുമുമ്പുതന്നെ വ്യക്തമായ പഠനം നടത്തേണ്ടതായിരുന്നുവെന്നും അഭിപ്രായപ്പെട്ട സമിതി, നിലവിൽ അറവുശാലയിൽ ഡോക്ടറുടെ സേവനം ലഭ്യമാണോയെന്ന് ആരാഞ്ഞു. ഡോക്ടറുടെ സേവനം ലഭ്യമല്ലെന്നും അറവുശാലയുടെ പ്രവർത്തനം രാവിലെ 4 മണിക്ക് ആരംഭിക്കുന്നതിനാൽ ആന്റിമോർട്ടവും പോസ്റ്റ്മോർട്ടവും നടത്തുന്നതിനായി എത്തുന്നതിന് പ്രയാസമാണെന്ന് നഗരസഭാ വെറ്ററിനറി സർജൻ അറിയിച്ചിരുന്നുവെന്നും ഇതിനായി ഒരു ഡോക്ടറെ താൽക്കാലികമായി ചുമതലപ്പെടുത്തിയെങ്കിലും പരിശോധന രാത്രിയിലായതിനാൽ രണ്ട് മാസമേ അദ്ദേഹത്തിന്റെ സേവനം ലഭ്യമായിട്ടുള്ളൂവെന്നും അറവുശാലയിൽ ഡോക്ടറെ നിയമിക്കണമെന്ന് കൗൺസിലിൽ ശിപാർശ ചെയ്തിട്ടുണ്ടെന്നും മഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നല്കി.

3. താൽക്കാലിക സംവിധാനമെന്ന നിലയിൽ ആഴ്ചയിലൊരിക്കലെങ്കിലും നിലവിലുള്ള വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ പരിശോധന നടത്തി കശാപ്പിന് കൊണ്ടുവരുന്ന മൃഗങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണെന്ന നിർദേശം നഗരസഭാ സെക്രട്ടറിക്ക് നൽകിയിരുന്നുവെന്നും പ്രസ്തുത നിർദേശം നടപ്പാക്കി സമിതി മുമ്പാകെ നേരിട്ട് വസ്തുതകൾ ബോധിപ്പിക്കാൻ സെക്രട്ടറിയോടും വെറ്ററിനറി സർജനോടും നിർദേശിച്ചതാണെന്നും തദവസരത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

4. അറവുശാലയിൽ കശാപ്പ് ചെയ്യുന്ന മൃഗങ്ങളുടെ മാംസം ഭക്ഷ്യയോഗ്യമാണോയെന്ന് പരിശോധിക്കേണ്ടതുണ്ടെന്നും ആധുനിക കട്ടിങ് സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ അറവുശാല ആരംഭിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിക്കുകയുള്ളൂവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

5. ആധുനിക കട്ടിങ് സംവിധാനം ഉപയോഗിക്കുന്നതിൽ പ്രദേശവാസികൾ എതിർപ്പ് പ്രകടിപ്പിക്കുന്ന സാഹചര്യത്തിൽ അറവുശാലയിലെ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെങ്കിൽ അത് ആവശ്യമുള്ള ഏതെങ്കിലും ഏജൻസിക്ക് നൽകാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞു. നഗരസഭ ഉചിതമായ തീരുമാനം കൈക്കൊണ്ടാൽ മറ്റേതെങ്കിലും ഏജൻസിക്ക് ഉപകരണങ്ങൾ നൽകുന്നതിൽ തെറ്റില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ അറിയിച്ചു.

6. അറവുശാലയിലെ ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി തുടർന്ന് ആരാഞ്ഞപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും പ്ലാന്റിന്റെ റിപ്പയർ ജോലിക്കായി 14,75,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടെന്നും ടി തുക ചെലവഴിച്ച് റിപ്പയർ വർക്ക് നടത്തിയാലും രണ്ടുമൂന്ന് വർഷം കഴിയുമ്പോൾ വീണ്ടും റിപ്പയർ ചെയ്യേണ്ടിവരുമെന്നും 1 ടൺ കപ്പാസിറ്റിയുള്ള പ്ലാന്റ് ഇത്രയും തുക ചെലവഴിച്ച് റിപ്പയർ ചെയ്യണമോ എന്നുള്ള ആശങ്ക കൗൺസിലിൽ ഉണ്ടെന്നും ഇക്കാര്യത്തിൽ കൗൺസിൽ തീരുമാനമെടുത്തിട്ടില്ലെന്നും മഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

7. അറവുശാലയുടെ പരിസരം വൃത്തിഹീനമാണോയെന്ന് സമിതി ആരാഞ്ഞതിന്, വൃത്തി ഹീനമല്ലെന്നും അറവുശാലയിലുണ്ടാകുന്ന സ്ലറി, ചാണകം മുതലായവ സംസ്കരിക്കുന്നതിനും മൃഗങ്ങളെ കശാപ്പുചെയ്തതിനു ശേഷമുള്ള മാലിന്യങ്ങൾ സ്ഥിരമായി എടുത്തുകൊണ്ടു പോകുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി.

8. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സാധിക്കില്ലെന്ന് വ്യക്തമാക്കിയ സമിതി ആധുനിക അറവുശാലയ്ക്കായി ചെലവഴിച്ച ഫണ്ടും സ്ഥാപിച്ച ഉപകരണങ്ങളും ഉപയോഗശൂന്യമാകാതെ എന്തുചെയ്യാൻ സാധിക്കുമെന്നത് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

9. കശാപ്പിനു കൊണ്ടുവരുന്ന മൃഗങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണെന്ന സർക്കാർ നിർദ്ദേശത്തിന്മേൽ നഗരസഭ സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. അറവുശാലയിൽ ശാസ്ത്രീയമായ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞാൽ അത് നടപ്പാക്കുകയാണ് വേണ്ടതെന്നും പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പുതന്നെ വ്യക്തമായ പഠനം നടത്തേണ്ടതായിരുന്നുവെന്നും അഭിപ്രായപ്പെട്ട സമിതി വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കില്ലെന്നും അഭിപ്രായപ്പെടുന്നു. ആയതിനാൽ ആധുനിക അറവുശാലയ്ക്കായി ചെലവഴിച്ച ഫണ്ടും സ്ഥാപിച്ച ഉപകരണങ്ങളും ഉപയോഗശൂന്യമാകാതെ എന്തുചെയ്യാൻ സാധിക്കുമെന്നത് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ജൈവവള ഉൽപ്പാദന യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല – 14.73 ലക്ഷം പാഴായി

വളാഞ്ചേരി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല

(ഓഡിറ്റ് റിപ്പോർട്ട് വർഷം – 2013 – 14, 2014–15 ഖണ്ഡിക 3–10)

- ◆ 15 വർഷം മുമ്പ് തുടക്കമിട്ട പദ്ധതി എങ്ങുമെത്താതെ നീളുന്നു
- ◆ പദ്ധതിക്കായി ആർജ്ജിച്ച ആസ്തികൾ നിഷ്ക്രിയം

വളാഞ്ചേരി ഗ്രാമപഞ്ചായത്ത് 2001-02 ലെ ജനകീയാസൂത്രണ പദ്ധതിയിലെ ഉൽപ്പാദന മേഖലയിൽ ഉൾപ്പെട്ട ജൈവവള ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കാനായി 1.77 ഏക്കർ സ്ഥലം വാങ്ങിയിരുന്നു. പ്രസ്തുത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിച്ച ശേഷം 29.9.2004 ൽ മാലിന്യ നിക്ഷേപത്തിനായി എത്തിയപ്പോൾ പരിസരവാസികളുടെ എതിർപ്പുണ്ടായി. എന്നാൽ ഈ എതിർപ്പ് നിലനിൽക്കെ പ്രസ്തുത സ്ഥലത്ത് ഗ്രാമപഞ്ചായത്ത് 2006-07 വർഷം എസ്8/07 നമ്പർ പ്രോജക്റ്റായി ക്ലീൻ കേരളാ മിഷൻ വിഹിതം 20 ലക്ഷം രൂപയും ചേർത്ത് 40 ലക്ഷം രൂപ അടങ്കലിൽ ജൈവവള ഉൽപ്പാദന പദ്ധതി തയ്യാറാക്കി. പ്രസ്തുത പദ്ധതി 9.8.2006 ൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചു. 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിൽ സ്പിൽ ഓവറായി മാറിയ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജോലികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, ക്ലീൻ കേരളാ മിഷന്റെ അംഗീകാരമുള്ള കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തി. സൊസൈറ്റി തയ്യാറാക്കിയ 41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ആവശ്യമായ ഭേദഗതി വരുത്തി ക്ലീൻ കേരള മിഷൻ 16.9.2006 ൽ 37.10 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി. ഗ്രാമപഞ്ചായത്തിന്റെ 22.9.2006 ലെ യോഗ തീരുമാന പ്രകാരം 10.10.2006 ന് കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെട്ടു. കരാർ ഉടമ്പടി പ്രകാരം സംസ്കരണശാലയുടെ നിർമ്മാണം 31.7.2007 ന് പൂർത്തിയാക്കേണ്ടതായിരുന്നു. അനുബന്ധ കരാർ ഉടമ്പടി പ്രകാരം 31.3.2008 ന് കാലാവധി ദീർഘിപ്പിച്ച് നൽകിയെങ്കിലും പരിസരവാസികളുടെ

എതിർപ്പുമൂലം നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പദ്ധതിയ്ക്കുവേണ്ടി വികസന ഫണ്ടിൽ നിന്നും 15.82 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നും 15,000/- രൂപയും താഴെ കാണും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ഇനം	തുക
ട്രസ്സ് വർക്ക് സാധനങ്ങൾ വാങ്ങിയത് (മുൻകൂർ നൽകിയത്)	6,57,798
വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് നൽകിയത്	1,23,775
വാഹനം വാങ്ങിയത്	8,15,000
ആകെ	15,96,573

23.12.2013 ലെ 7(13) നമ്പറിൽ ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന തീരുമാനമെടുത്തെങ്കിലും ആയത് നാളിതുവരെ നടപ്പാക്കിയിട്ടില്ല.

1. 7,29,000/- രൂപയ്ക്ക് വാങ്ങിയ 1.77 ഏക്കർ സ്ഥലത്ത് പ്ലാന്റ് നിർമ്മിക്കാൻ കഴിയാത്തതിനാൽ ആയത് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചു.
2. റൂഫ് ട്രസ്സ് വർക്കിന് സപ്ലൈ ചെയ്ത മെറ്റീരിയൽസ് ഉപയോഗിച്ച് ശോചനീയാവസ്ഥയിലായ പൈങ്കണ്ണൂർ, ജി.യു.പി. സ്കൂളിന് ഷീറ്റ് മേയുന്നതിന് നൽകുകയോ ആയത് പ്രായോഗികമല്ലെങ്കിൽ സർക്കാർ അനുമതിയോടെ മെറ്റീരിയൽസ് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുകയോ ചെയ്യാൻ തീരുമാനിച്ചു.
3. ഖരമാലിന്യം കൊണ്ടുപോകുന്നതിന് വാങ്ങിയ ടിപ്പർ ലോറി സർക്കാർ അനുമതിക്ക് വിധേയമായി സപ്ലൈകോയുടെ വളാഞ്ചേരി ഷോപ്പിന് അവരുടെ അപേക്ഷ പരിഗണിച്ച് ലീസിന് നൽകുകയോ, മറ്റ് സർക്കാർ സഹകരണ സംഘങ്ങൾക്ക് സർക്കാർ അനുമതിയോടെ ലീസിന് നൽകുകയോ ചെയ്യാൻ തീരുമാനിച്ചു.

എന്നാൽ, മേൽപ്പറഞ്ഞ യാതൊരു തീരുമാനങ്ങളും നാളിതുവരെ നടപ്പിലായിട്ടില്ല. കൂടാതെ 2013-14, 2014-15 വർഷങ്ങളിലെ ഓഡിറ്റ് വേളയിൽ, 23.6.2015 ന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ താഴെകാണും പ്രകാരമുള്ള വിവരങ്ങൾ ഓഡിറ്റിന് ബോധ്യപ്പെട്ടു.

1. നിലവിലെ വാർഡ് രണ്ടിൽ വട്ടപ്പാറ എന്ന സ്ഥലത്ത് 1.77 ഏക്കർ സ്ഥലം കാട് മൂടി കിടക്കുന്നു.

2. ട്രസ്സ് വർക്കിനായി വാങ്ങിയ സാമഗ്രികൾ നിലവിലെ വാർഡ് ഏഴിൽ ടി.കെ.ആബിദലി, തറയങ്കണ്ടത്ത്, കുളമംഗലം എന്ന വ്യക്തിയുടെ വീട്ടുപറമ്പിൽ ഉരുമ്പെടുത്ത് കിടക്കുന്നതായി കണ്ടു. ഒരു ലക്ഷത്തോളം രൂപ വില വരുന്ന സാധനങ്ങളാണിത്.

3. മാലിന്യം നീക്കാനായി 2008 മാർച്ചിൽ വാങ്ങിയ KL-55-B-5828 നമ്പർ ലോറി ഗ്രാമപഞ്ചായത്തിനടുത്ത് സർവ്വീസ് ബാങ്കിന്റെ കോമ്പൗണ്ടിൽ വെയിലും, മഴയുമേറ്റ് വെറുതെ കിടക്കുന്നു. ഇതിനായി ഒരു താൽക്കാലിക ഷെഡ് പോലും നിർമ്മിച്ചിട്ടില്ല.

ചുരുക്കത്തിൽ സാമഗ്രികൾക്കായി ചെലവ് ചെയ്ത 6,57,798/- രൂപയും, വാഹനം വാങ്ങിയ 8,15,000/- രൂപയുമടക്കം 14,72,798/- രൂപ പാഴ്ചെലവായി മാറിയിരിക്കുകയാണ്.

ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സ്വച്ഛ ജീവിതത്തിനും കാർഷികാഭിവൃദ്ധിക്കും മറ്റും പലതരത്തിൽ പ്രയോജനപ്പെടുന്ന ഒരു മാതൃകാ സംരംഭമായി മാറേണ്ടിയിരുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ട് 15 വർഷമായെങ്കിലും പ്രവർത്തനമാരംഭിക്കാനായില്ല. ജനങ്ങളുടെ അഭിപ്രായം പരിഗണിച്ചും പങ്കാളിത്തം ഉറപ്പുവരുത്തിയും പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.19)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

11. ജൈവവള ഉല്പ്പാദന പദ്ധതിക്കുവേണ്ടി വാങ്ങിയ ഭൂമിയിൽ FSTP പ്ലാന്റ് നിർമ്മിക്കുന്നതിന് 2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി പ്ലാന്റിന്റെ നിർമ്മാണത്തിനായി IRTC-ക്ക് കരാർ നൽകിയിട്ടുണ്ടെന്നും എക്കോപാർക്കും ഹാപ്പിനെസ് പാർക്കും സ്ഥാപിക്കുന്നതിനായി മുൻ വർഷം 7 കോടി രൂപയുടെ പ്രോജക്ടും ഏറ്റെടുത്തിട്ടുണ്ടെന്നും വളാഞ്ചേരി നഗരസഭ ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ പ്രദേശത്തെ രൂക്ഷമായ മാലിന്യപ്രശ്നം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട ജൈവവള ഉല്പ്പാദന പദ്ധതിക്കുവേണ്ടിയാണ് ഭൂമി വാങ്ങിയതെങ്കിലും പ്രദേശവാസികളുടെ എതിർപ്പുമൂലം പദ്ധതി ആരംഭിക്കാൻ സാധിച്ചില്ലെന്നും പദ്ധതിയുടെ ആവശ്യത്തിലേക്കായി വാഹനം വാങ്ങിയിരുന്നുവെങ്കിലും മാലിന്യം കൊണ്ടുപോകുമ്പോൾ പ്രദേശവാസികൾ തടസ്സം സൃഷ്ടിക്കുകയും ധാരാളം പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നുവെന്നും വീണ്ടും ആർ.ഡി.ഒ.-യുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തി പദ്ധതി പ്രവർത്തനം ആരംഭിക്കാൻ ശ്രമിച്ചെങ്കിലും നടപ്പാക്കാൻ സാധിച്ചില്ലെന്നും വളാഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി വിശദമാക്കി. ജൈവവള ഉല്പ്പാദന പദ്ധതിയുമായി

ബന്ധപ്പെട്ട് ട്രസ്സ് വർക്കിന് ആവശ്യമായ മെറ്റീരിയൽസ് വാങ്ങുന്നതിന് 6,57,798/- രൂപ ക്ലീൻ കേരള മിഷന്റെ അംഗീകാരമുള്ള കാസർഗോഡ് സോഷ്യൽ സർവീസ് സൊസൈറ്റിക്ക് മുൻകൂറായി അനുവദിച്ചിരുന്നുവെന്ന് സെക്രട്ടറി ബോധിപ്പിച്ചു.

12. പദ്ധതിയുടെ ഭാഗമായി ഒരു ലക്ഷത്തോളം രൂപ വില വരുന്ന ട്രസ്സ് വർക്ക് മെറ്റീരിയലുകൾ വാങ്ങിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കിയ സമിതി, ബാക്കി തുക സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞു. 2007-ലാണ് പ്രോജക്ട് വച്ച് അഡ്വാൻസ് തുക നൽകിയതെന്നും പിന്നീട് അന്വേഷിച്ചപ്പോൾ 2010 മുതൽ സൊസൈറ്റി നിലവിലില്ല എന്നാണ് അറിഞ്ഞതെന്നും പ്രോജക്ട് സ്പിൽ ഓവറായി നടന്നുകൊണ്ടിരിക്കുകയായിരുന്നുവെന്നും വളാഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

13. സൊസൈറ്റി പ്രവർത്തിക്കുന്നില്ലെങ്കിലും 10-10-2006-ന് കരാർ ഉടമ്പടിയിൽ ഒപ്പിട്ട സൊസൈറ്റി പ്രതിനിധികളിൽ നിന്നും തുക ഈടാക്കാൻ കഴിയില്ലേയെന്ന സമിതിയുടെ ചോദ്യത്തിന്, അതേക്കുറിച്ച് അന്വേഷിച്ചെങ്കിലും കരാർ ഒപ്പിട്ട സൊസൈറ്റി പ്രതിനിധികളെ കണ്ടെത്താൻ കഴിഞ്ഞില്ലെന്നാണ് പഞ്ചായത്ത് മെമ്പർമാർ അറിയിച്ചതെന്നും സൊസൈറ്റിയുടെ ഹെഡിലാണ് പണം നൽകിയതെന്നും കൈമാറിക്കിട്ടിയ രേഖകളിൽ കരാർ ഉടമ്പടിയിൽ ഒപ്പിട്ടവരുടെ മേൽവിലാസം സംബന്ധിച്ച വിശദാംശം ലഭ്യമല്ലെന്നും എഗ്രിമെന്റ് വച്ചിരുന്നത് സൊസൈറ്റിയുമായിട്ടായിരുന്നുവെന്നും വളാഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

14. പദ്ധതി നടപ്പാക്കുന്നതിന് ക്ലീൻ കേരള മിഷന്റെ അംഗീകാരമുള്ള കാസർഗോഡ് സോഷ്യൽ സർവീസ് സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയതെന്നും സൊസൈറ്റിക്ക് കൊടുത്ത എഗ്രിമെന്റ് തയ്യാറാക്കിയ ക്ലീൻ കേരള കമ്പനി സർക്കാരിന്റെ അധികാരപരിധിയിൽപ്പെടുന്ന കമ്പനി ആയതുകൊണ്ട് ഏത് സൊസൈറ്റിയുമായിട്ടാണ് ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടത്, സൊസൈറ്റിയുടെ ഭാരവാഹികൾ ആരായിരുന്നു തുടങ്ങിയ എല്ലാ വിശദാംശത്തിനും കൃത്യമായ രേഖകൾ അവിടെ നിന്നും ലഭ്യമാകുമെന്നും അഭിപ്രായപ്പെട്ട സമിതി, സൊസൈറ്റിയുമായി ബന്ധപ്പെട്ട വിശദാംശം അന്വേഷിച്ച് കണ്ടെത്തി തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് നിർദേശിച്ചു.

15. ജൈവവള ഉല്പ്പാദന പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയ വാഹനം കണ്ടം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന്, 2018-19-ൽ വാഹനം കണ്ടം ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ മെക്കാനിക്കൽ ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും വളാഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. വാഹനം കണ്ടം ചെയ്യുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചാൽ അക്കാര്യത്തിലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കുമെന്ന് സമിതി വ്യക്തമാക്കി. വാഹനം കണ്ടം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രാവീണ്യമുള്ളവരുടെ ഒരു വിങ് ജില്ലാ തലത്തിൽ രൂപീകരിക്കാൻ സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത കാര്യത്തിൽ സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച നടപടി ആരംഭിച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്ന വാഹനങ്ങൾ കണ്ടം ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതിക്കായി വർഷങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളതെന്ന് അഭിപ്രായപ്പെട്ട സമിതി തദ്ദേശ സ്വയംഭരണ വകുപ്പിന് അതിന് പ്രത്യേക എഞ്ചിനിയറിംഗ് വിഭാഗം ഉണ്ടെങ്കിലും അവർക്ക് അതിന് അധികാരം ഇല്ലെന്നും സൂചിപ്പിച്ചു. ജൈവവള ഉല്പ്പാദനത്തിന് വാങ്ങിയ വാഹനം കണ്ടം ചെയ്യുന്നതിനായുള്ള നടപടി ത്വരിതപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

16. ജൈവവള പദ്ധതി നടപ്പാക്കുന്നതിന് ക്ലീൻ കേരള മിഷന്റെ അംഗീകാരമുള്ള കാസറഗോഡ് സോഷ്യൽ സർവീസ് സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയതെന്നും സൊസൈറ്റിക്ക് കൊടുത്ത ധാരണ പത്രം തയ്യാറാക്കിയ ക്ലീൻ കേരള കമ്പനി സർക്കാരിന്റെ അധികാര പരിധിയിൽ പെടുന്ന ഒന്നായതുകൊണ്ട് ഏത് സൊസൈറ്റിയുമായി ആണ് ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടത്, സൊസൈറ്റിയുടെ ഭാരവാഹികൾ ആരായിരുന്നു തുടങ്ങിയ വിവരങ്ങൾ അവിടെ നിന്നും ലഭ്യമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. സൊസൈറ്റിയുമായി ബന്ധപ്പെട്ട വിശദാംശം അന്വേഷിച്ച് കണ്ടെത്തി തുക ഈടാക്കാൻ നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

17. വാഹനം കണ്ടം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രാവീണ്യം ഉള്ളവരുടെ ഒരു വിഭാഗം ജില്ലാ തലത്തിൽ രൂപീകരിക്കുന്ന കാര്യത്തിൽ നടപടി ആരംഭിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കിയ സാഹചര്യത്തിൽ ഇക്കാര്യത്തിലുള്ള അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്ന വാഹനങ്ങൾ കണ്ടം ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതിക്കായി വർഷങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളതെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന് അതിന് പ്രത്യേക എഞ്ചിനിയറിംഗ് വിഭാഗം ഉണ്ടെങ്കിലും അവർക്ക് അതിന് അധികാരം ഇല്ലെന്നും സമിതി

നിരീക്ഷിക്കുന്നു. ജൈവവള ഉല്പാദനത്തിന് വാങ്ങിയ വാഹനം കണ്ടം ചെയ്യുന്നതിനായുള്ള നടപടി ത്വരിതപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ലോൺട്രി യൂണിറ്റ് ആരംഭിച്ചില്ല – പെരിന്തൽമണ്ണ നഗരസഭയിൽ നിന്നും സഹകരണ സംഘത്തിന് നൽകിയ 2,00,000/- രൂപ പലിശ സഹിതം തിരിച്ചടച്ചു

ലോൺട്രി യൂണിറ്റ് ആരംഭിക്കുന്നതിനായി പട്ടികജാതി സഹകരണ സംഘത്തിന് വ്യവസായ വികസന ഓഫീസർ അനുവദിച്ച രണ്ട് ലക്ഷം രൂപ 2 വർഷത്തിന് ശേഷവും യൂണിറ്റ് ആരംഭിച്ചില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ (ഓഡിറ്റ് റിപ്പോർട്ട് 2012-13, ഖണ്ഡിക 3-2) 70,000/- രൂപ പലിശ സഹിതം (ആകെ 2,70,000/-രൂപ) ചെലാൻ നം. 294/31.12.2015 പ്രകാരം പെരിന്തൽമണ്ണ സബ് ട്രഷറിയിൽ തിരിച്ചടച്ചു.

നിർദ്ദിഷ്ട ലൈസൻസ് ഫീ ഈടാക്കിയില്ല – പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം സ്ഥാപനങ്ങൾ പലിശ സഹിതം തിരിച്ചടച്ചു

വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ (മലപ്പുറം ജില്ല) പോബ്സൺ ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ്, നാലകത്ത് ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് അഞ്ച് വർഷ കാലാവധിയിൽ ലൈസൻസ് അനുവദിച്ചപ്പോൾ പ്രതിവർഷ ലൈസൻസ് ഫീസിന്റെ അഞ്ചിരട്ടി തുക ഈടാക്കാത്തത് മൂലമുണ്ടായ 1,09,650/- രൂപയുടെ നഷ്ടം 5.3.2016 ലെ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് 23,207/- രൂപ പലിശ സഹിതം (ആകെ 1,32,857/- രൂപ) പഞ്ചായത്ത് ഫണ്ടിൽ അടവു വരുത്തി (രസീത് നം. 11504104472/15.3.2016, 111504104348/10.3.2016).

പരിശീലനം നടന്നില്ല – വ്യാജരേഖയുണ്ടാക്കി പിൻവലിച്ച 3 ലക്ഷം രൂപ തിരിച്ചടച്ചു

നടത്തപ്പെടാത്ത പരിശീലനത്തിന്റെ പേരിൽ വ്യാജരേഖകൾ ചമച്ച് സാമ്പത്തിക ക്രമക്കേട് നടത്തി എന്ന ഓഡിറ്റ് പരാമർശത്തെ (ഓഡിറ്റ് റിപ്പോർട്ട് 2013-14 ഖണ്ഡിക 3-3) തുടർന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് മെമ്പർമാർ, സ്റ്റാഫ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർക്ക് ദ്വിദിന പഠന ക്യാമ്പ് എന്ന പ്രോജക്റ്റിനുവേണ്ടി ട്രഷറിയിൽ നിന്നും പിൻവലിച്ച 3,00,000/- രൂപ പ്രോജക്ട് കോ-ഓർഡിനേറ്റർ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചു (25.4.2016 ലെ 11606100016-ാം നമ്പർ രസീത് പ്രകാരം 75,000/- രൂപയും 30.6.2016 ലെ 11606100067-ാം നമ്പർ രസീത് പ്രകാരം 2,25,000/- രൂപയും).

രജിസ്റ്റേർഡ് സൊസൈറ്റിയ്ക്ക് വേണ്ടി നിയമവിരുദ്ധമായി ചെലവഴിച്ച 7.5 ലക്ഷം രൂപ തിരിച്ചടച്ചു

മലപ്പുറം പ്രിന്റിംഗ് & പബ്ലിഷിംഗ് സൊസൈറ്റിയുടെ കീഴിൽ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന ഓഫ്സെറ്റ് പ്രസ്സിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രോജക്ട് നം.189/2014 പ്രകാരം ജില്ലാ വ്യവസായ കേന്ദ്രം മാനേജർ (നിർവ്വഹണ ഉദ്യോഗസ്ഥൻ) 7.5 ലക്ഷം രൂപ ചെലവഴിച്ചു. (ബിൽ നം. 3/2013-14 തീയതി: 25.3.2014). ഇത് പഞ്ചായത്ത് രാജ് നിയമത്തിന് വിരുദ്ധമാണെന്ന 2013-14 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തെ (ഖണ്ഡിക 3-6) തുടർന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചു. (രസീത് നം. 11506100338/17.3.2016).

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അദ്ധ്യായം 9 ഖണ്ഡിക 9.10, 9.11, 9.12, 9.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

20. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല-മലപ്പുറം ജില്ല

ആറ് പരിഷ്കരണ നടപടിഘട്ടങ്ങളും ആയത് നിർവ്വഹിക്കാൻ നിർദ്ദേശിക്കപ്പെട്ടവരുടെയും അവയോരോന്നിലും ആവശ്യമായ മേൽപരിശോധന / അംഗീകാരനടപടികളും അവ നിർവ്വഹിക്കേണ്ടതിന്റെ വിവരവും താഴെ ചേർക്കുന്നു.

1		**അടിസ്ഥാന വസ്തുനികുതി നിർണയത്തിനുശേഷം കെട്ടിടങ്ങൾക്ക് നമ്പർ പതിപ്പിക്കൽ** 31.08.2012 (സ.ഉ(സാധാ)നം.1821/2012/ത.സ്വ.ഭ.വ, തീയതി 30.06.2012)
		ബിൽ കളക്ടർ/ക്ലാർക്ക്
	മേൽനോട്ടം	ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന)
	മേൽപരിശോധന	സെക്രട്ടറി (30% പരിശോധന) (ഉപയോഗക്രമമനുസരിച്ച് പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%, വ്യവസായം -

		10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധന
	സാക്ഷ്യപ്പെടുത്തൽ	ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി (10% പരിശോധിക്കണം) (പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%, വ്യവസായം - 10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാം.
	അംഗീകാരം	പരിശോധനാനടപടികൾ ഭരണസമിതി വിലയിരുത്തി അംഗീകരിക്കണം
2		**കെട്ടിടങ്ങളുടെ എണ്ണം, തരം, നികുതി, നികുതി കുടിശ്ശിക, പഴയ കെട്ടിട നമ്പർ, പുതിയ നമ്പർ, പേര്, വിലാസം, പഴയനികുതിയും ലൈബ്രറി സെസ്സും, അസസ്മെന്റ് വർഷം, ARV/പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണോ നികുതി നിശ്ചയിച്ചത് എന്നിവയുടെ ഡിജിറ്റൽ ഡാറ്റാബേസ് തയ്യാറാക്കൽ.** (സ.ഉ(എം.എസ്)നം. 210/2013/തസ്വഭവ തീയതി 04.06.2013)
		01.04.2013 പ്രാബല്യം (നിലവിലുള്ള നികുതിദായകർ) 01.04.2011 പ്രാബല്യം (പുതിയ നികുതിദായകർ)
		ബിൽ കളക്ടർ/ വാർഡ് ക്ലാർക്ക്
	മേൽനോട്ടം	ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന)
	മേൽപരിശോധന	സെക്രട്ടറി (30% പരിശോധന) ഉപയോഗക്രമമനുസരിച്ച് പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%, വ്യവസായം - 10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%, അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധന
	സാക്ഷ്യപ്പെടുത്തൽ	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (10% പരിശോധന) പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%, വ്യവസായം - 10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%, അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാം.

	അംഗീകാരം	പരിശോധനാനടപടികൾ ഭരണസമിതി വിലയിരുത്തി അംഗീകരിക്കണം
3		**കെട്ടിട ഉടമകളിൽ നിന്ന് ഫോറം 2 എ-യിൽ വിവരശേഖരണം. ആകെ കെട്ടിടങ്ങളുടെ ഡാറ്റ ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം എല്ലാ കെട്ടിട ഉടമകളും ഫോറം 2 ൽ വിവരം സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്തിന്റെ/നഗരസഭയുടെ ഡാറ്റയുമായി ഒത്ത് നോക്കി ഉറപ്പുവരുത്തൽ, ഫോറം 3 ലുള്ള വസ്തുനികുതി റിട്ടേൺ രജിസ്റ്റർ രേഖപ്പെടുത്തൽ (2011 ലെ കേ.പ.രാ. (വസ്തുനികുതിയും....സർചാർജ്ജും) ചട്ടം 11(4))**
		30.09.2012 (സ.ഉ(സാധാ)നം.1821/2012/ത.സ്വ.ഭ.വ, തീയതി 30.06.12)
		ബിൽ കളക്ടർ/ ക്ലാർക്ക്
	മേൽനോട്ടം	ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന)
	മേൽപരിശോധന	സെക്രട്ടറി (30% പരിശോധന) (ഉപയോഗക്രമമനുസരിച്ച് പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%, വ്യവസായം - 10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധന.
	സാക്ഷ്യപ്പെടുത്തൽ	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 10% പരിശോധന അപാകതകളുണ്ടെങ്കിൽ സെക്രട്ടറിയോട് 100% പരിശോധിക്കാൻ നിർദ്ദേശിക്കാം.
	അംഗീകാരം	പരിശോധനാനടപടികൾ ഭരണസമിതി വിലയിരുത്തി അംഗീകരിക്കണം
4		**കെട്ടിട ഉടമകൾ ഫോറം 2 ൽ നൽകിയ വിവരങ്ങൾ ഉറപ്പ് വരുത്താൻ ഭൗതിക പരിശോധന നടത്തി ഫോറം 6 ൽ വിവരങ്ങൾ രേഖപ്പെടുത്തലും, ഡാറ്റ എൻട്രി നടത്തലും. ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കലും വസ്തുനികുതി റിട്ടേൺ രജിസ്റ്ററിൽ രേഖപ്പെടുത്തലും (2011 ലെ കേ.പ.രാ. (വസ്തുനികുതിയും .....സർചാർജ്ജും) ചട്ടം 12(4),(6)**
		21.7.2013 മുതൽ 30.9.2013 വരെ (പഞ്ചായത്ത് ഡയറക്ടറുടെ 08.07.2013-ലെ സി.3-6865/2011 നമ്പരിലുള്ള സർക്കുലർ)

		ബിൽ കളക്ടർ/ ക്ലാർക്ക്
	മേൽനോട്ടം	ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന)
	മേൽപരിശോധന	സെക്രട്ടറി (30% പരിശോധന) അപാകതകളുണ്ടെങ്കിൽ 100% പരിശോധന
	സാക്ഷ്യപ്പെടുത്തൽ	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 10% പരിശോധന. (പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%, വ്യവസായം - 10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാം.
	അംഗീകാരം	പരിശോധനാനടപടികൾ ഭരണസമിതി വിലയിരുത്തി അംഗീകരിക്കണം
5		**വസ്തുനികുതി നിർണയത്തിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും വരുത്തുന്ന മാറ്റങ്ങൾ രേഖപ്പെടുത്തൽ.** (2011 ലെ കേ.പ.രാ. (വസ്തുനികുതിയും .....സർചാർജ്ജും) ചട്ടം 17)
		ബിൽ കളക്ടർ/ക്ലാർക്ക്
	മേൽനോട്ടം	ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട്
	മേൽപരിശോധന	സെക്രട്ടറി
	സാക്ഷ്യപ്പെടുത്തൽ	ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി
	അംഗീകാരം	ഭരണസമിതി
	അഭിപ്രായം	കെട്ടിടത്തിന് വരുത്തിയ മാറ്റങ്ങൾ ഉടമ അറിയിക്കാതിരിക്കുകയോ വസ്തുതാ വിരുദ്ധമായ വിവരങ്ങൾ നൽകുകയോ ചെയ്താൽ സെക്രട്ടറി നേരിട്ട് പരിശോധന നടത്തി വിവരങ്ങൾ ശേഖരിച്ച് നികുതി നിർണ്ണയിക്കണമെന്ന് 17-ാം ചട്ടത്തിൽ നിഷ്കർഷിക്കുന്നു. എന്നാൽ കെട്ടിടത്തിലെ മാറ്റങ്ങൾ ഉടമ അറിയിക്കാതെ സെക്രട്ടറി അറിയാനും സാധ്യതയില്ല. ഈ അപാകത പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതാണ്. (ഉദാഹരണത്തിന് വർദ്ധിച്ച പിഴയോ നികുതി നിരക്കോ ഏർപ്പെടുത്താവുന്നതാണ്)

6		**നികുതിദായകർക്ക് 9-ാം നമ്പർ ഫോറത്തിൽ നികുതി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യലും, ഡിമാന്റ് നോട്ടീസിന്റെ കൈപ്പറ്റരേഖ സൂക്ഷിക്കലും.** (2011 ലെ കേ.പ.രാ. (വസ്തുനികുതിയും .....സർചാർജും) ചട്ടം 14)
		15.9.2013 മുതൽ 15.10.2013 വരെ (പഞ്ചായത്ത് ഡയറക്ടറുടെ 08.07.2013-ലെ സി.3-6865/2011 നമ്പർ സർക്കുലർ)
	മേൽപരിശോധന	സെക്രട്ടറി
	മേൽനോട്ടം	ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട്
	സാക്ഷ്യപ്പെടുത്തൽ	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
	അംഗീകാരം	ഭരണസമിതി

മേൽപ്പറഞ്ഞ 6 ഘട്ടങ്ങളിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും മേൽപരിശോധനയും സാക്ഷ്യപ്പെടുത്തലും കൃത്യമായി നടക്കാത്തതിനാലും അപ്രകാരം ഉറപ്പാക്കാത്തതിനാലും 2016-17 വർഷം നിർവ്വഹിച്ച ഓഡിറ്റിൽ വ്യാപകമായി വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചില പ്രധാനപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള വസ്തുനികുതി സംബന്ധിച്ച ഡാറ്റാ എൻട്രി പൂർത്തിയാക്കാത്തതും, തദ്ദേശ സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കുന്ന സാംഖ്യ സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കാത്തതും കാരണമായുള്ള അപാകതകൾ.
2. വസ്തുനികുതി കുടിശ്ശിക ഈടാക്കാത്തത്.
3. കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യാത്തത്.
4. നഗരസഭകളിലേക്ക് കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളായി മാറിയ ഗ്രാമപഞ്ചായത്തുകളിലും നഗരസഭയ്ക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.
5. വസ്തുനികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും മറ്റു രേഖകളും മാന്വലായും ഡിജിറ്റലായും സൂക്ഷിക്കാത്തതും അപൂർണ്ണമായി സൂക്ഷിക്കുന്നതും.
6. നികുതി പരിഷ്കരണം നടപ്പിലാക്കാത്തത്.
7. വസ്തുനികുതി നിർണ്ണയിക്കുന്നതിലെ അപാകതകൾ. (ഉപയോഗക്രമം/തരം മാറ്റിയത്, 100 എം^{2} ൽ കൂടുതലുള്ള തറവിസ്തീർണ്ണത്തിന്റെ നികുതി നിരക്കിനു പകരം കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചത്, FAR ൽ തെറ്റായി രേഖപ്പെടുത്തി നികുതി നിശ്ചയിച്ചത് തുടങ്ങിയവ)

മേൽപ്പറഞ്ഞ അപാകതകൾ ഓരോന്നും പരാമർശിക്കപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകളുടെ ജില്ലാതല വിവരം താഴെചേർക്കുന്നു.

ജില്ല	ഓഡിറ്റ് വർഷം	1	2	3	4	5	6	7
മലപ്പുറം	2014-15	1	6	10		8	2	25

ഗ്രാമപഞ്ചായത്തിന്റെ പേര്	ഖണ്ഡിക നം.
അബ്ദുറഹ്മാൻ നഗർ	2.2
ആനക്കയം	2.1, 2.2
അതവനാട്	2.4
ചെറിയമുണ്ടം	2.1
ചുങ്കത്തറ	2.2, 2.3, 2.4, 2.5
എടക്കര	2.7
എടപ്പാൾ	2.2, 2.3
എടരിക്കോട്	2.1
എടവണ്ണ	2.2
ഏലംകുളം	2.3
കാലടി	2.5, 2.6, 2.7
കാളികാവ്	2.4
കുന്നമംഗലം	2.2
കരുളായി	2.2
കുഴിമണ്ണ	2.2
മംഗളം	2.3
മാറഞ്ചേരി	2.6

മൂത്തേടം	2.7
മോറയൂർ	2.2
മുതുവല്ലൂർ	2.1
നന്നമ്പ്ര	2.1, 2.2
നെടിയിരിപ്പ്	2.3
ഒതുക്കങ്ങൽ	2.4
ഓഴൂർ	2.2
പെരുമ്പടപ്പ്	2.3, 2.4
പൊന്മാല	2.1, 2.2
പൂക്കോട്ടൂർ	2.3
പൊതുകൽ	2.3
പുലാമന്തോൾ	2.1, 2.3
പുൽപറ്റ	2.1
താനൂർ	2.1
താഴേക്കോട്	2.1
തേഞ്ഞിപ്പലം	2.1
തിരുനാവായ	2.5
തുവ്വൂർ	2.1
ഊറങ്ങാട്ടിരി	2.3, 2.4
വളാഞ്ചേരി	2.1
വളവന്നൂർ	2.1, 2.2, 2.3, 2.4, 2.5, 2.7, 2.8, 2.9
വട്ടംകുളം	2.1

വാഴക്കാട്	2.5
വെളിയങ്കോട്	2.2
വെട്ടത്തൂർ	2.2
വണ്ടൂർ	2.1

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

22. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തൊഴിൽ നികുതി – മലപ്പുറം ജില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാനത്തിൽ ഗണ്യമായ പങ്കു വഹിക്കുന്ന വരുമാന സ്രോതസ്സാണ് തൊഴിൽ നികുതി. കേരള പഞ്ചായത്ത് രാജ് നിയമം 205-ാം വകുപ്പും, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 13 മുതൽ 19 വരെയുമുള്ള നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ കൃത്യവും പൂർണ്ണവുമായി ഈടാക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾക്ക് ലക്ഷ്യം കൈവരിക്കാനാകുന്നില്ല.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2016-17 സാമ്പത്തിക വർഷം നടത്തിയ ഓഡിറ്റിൽ തൊഴിൽ നികുതി നിയമങ്ങളും ചട്ടങ്ങളും യഥാവിധി പാലിക്കാത്തതിനാൽ തൊഴിൽ നികുതി ഇനത്തിലുള്ള തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 927 ഗ്രാമപഞ്ചായത്തുകളുടെ 2014-15 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്തതിൽ 594 ഗ്രാമപഞ്ചായത്തുകളിലും, 941 ഗ്രാമപഞ്ചായത്തുകളുടെ 2015-16 വർഷത്തെ കണക്കുകൾ

ഓഡിറ്റ് ചെയ്തതിൽ 653 ഗ്രാമപഞ്ചായത്തുകളിലും തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കൽ, രജിസ്റ്ററുകൾ തയ്യാറാക്കൽ, നോട്ടീസ് നൽകൽ, നികുതി നിർണ്ണയിക്കൽ, ഡിമാന്റ് ചെയ്യൽ, പിരിവ് എന്നിവയിൽ പോരായ്മകൾ കണ്ടെത്തിയിട്ടുണ്ട്.

തൊഴിൽ നികുതി പിരിവിൽ സംസ്ഥാനത്തിലെ ഗ്രാമപഞ്ചായത്തുകളുടെ പൊതു അവസ്ഥ - 2016-17 വർഷത്തെ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) 2014-15 വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളിൽ അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജില്ല	2014-15 വർഷം ആകെ ഓഡിറ്റ് ചെയ്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം	2014-15 വർഷത്തിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പഞ്ചായത്തുകളുടെ എണ്ണം	അപാകതകൾ തരംതിരിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ എണ്ണം			
			തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല (ഗ്രാമപഞ്ചായത്തുകളുടെ എണ്ണം)	തൊഴിൽ നികുതി ഈടാക്കാത്ത (പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല) ഗ്രാമപഞ്ചായത്തുകളുടെ എണ്ണം	വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് ഉണ്ടായ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം	തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തതും, രജിസ്റ്റർ സൂക്ഷിക്കാത്തതുമായ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം
മലപ്പുറം	90	71	14	20	22	15

ഗ്രാമപഞ്ചായത്തിന്റെ പേര്	ഖണ്ഡിക നം.
അബ്ദുറഹ്മാൻ നഗർ	21, 2.3
അലിപ്പറമ്പ്	2.2, 2.3, 2.4, 2.5
ആനക്കയം	2.3
അരീക്കോട്	2.9
അതവനാട്	2.1, 2.2, 2.3
ചേക്കോട്	2.1, 2.3, 2.4

ചേലമ്പ്ര	2.2
ചെറിയമുണ്ടം	2.2
ചെറുകാവ്	2.1, 2.2
ചുങ്കത്തറ	2.7, 2.8
എടക്കര	2.2
എടപ്പാൾ	2.4
എടരിക്കോട്	2.3, 2.4
എടവണ്ണ	2.1
എടയൂർ	2.1, 2.2
ഏലംകുളം	2.1, 2.2
ഇരുമ്പിളിയം	2.1, 23.2, 2.3, 2.4, 2.5
കാലടി	2.1, 2.2
കണ്ണമംഗലം	2.1
കരുളായ്	2.7
കാവന്നൂർ	2.4, 2.5, 2.6, 2.7, 2.9, 2.10
കീഴ്പ്പറമ്പ്	2.3, 2.4
കൊട്ടൂർ	2.3
കൊണ്ടോട്ടി	2.4
കുട്ടിലങ്ങാടി	2.3
കുറുവ	2.2
കുറ്റിപ്പുറം	2.1, 2.2, 2.3, 2.4, 2.5, 2.6
കുഴിമണ്ണ	2.1
മമ്പാട്	2.1

മംഗലം	2.2
മങ്കട	2.2
മറക്കര	2.2, 2.3
മാറഞ്ചേരി	2.1, 2.2, 2.3, 2.4
മൂന്നിയൂർ	2.1, 2.2
മൂർക്കനാട്	2.1
മൂത്തേടം	2.2
മുതുവല്ലൂർ	2.2
നന്നമ്പ്ര	2.7
നന്നാമുക്ക്	2.1
നെടിയിരിപ്പ്	2.1
നിറമരുതൂർ	2.2, 2.3
ഊരകം	2.1, 2.2
ഒതുക്കുങ്ങൽ	2.2, 2.3
പള്ളിക്കൽ	2.1
പരപ്പനങ്ങാടി	2.1, 2.5
പെരുമ്പടപ്പ്	2.7
പൂക്കോട്ടൂർ	2.1
പോരൂർ	2.4
പോത്തുകൽ	2.4
പുലാമന്തോൾ	2.4, 2.5, 2.6
പുളിക്കൽ	2.4, 2.6
പുൽപ്പറ്റ	2.3
പുറത്തൂർ	2.3

പുറക്കാട്ടിരി	2.2, 2.3, 2.5, 2.6
താനൂർ	2.3
താനാളൂർ	2.2
തവനൂർ	2.1, 2.6, 2.7
താഴേക്കോട്	2.4
തേഞ്ഞിപ്പലം	2.3
തിരുനാവായ	2.3
തൃക്കലങ്ങോട്	2.4
തിരൂരങ്ങാടി	2.2, 2.3
ഊർങ്ങാട്ടിരി	2.2
വളാഞ്ചേരി	2.2
വളവന്നൂർ	2.10, 2.11, 2.12, 2.13
വട്ടംകുളം	2.2
വാഴക്കാട്	2.1, 2.2
വഴിക്കടവ്	2.6
വെളിയംകോട്	2.3
വെട്ടം	2.2
വണ്ടൂർ	2.2

2) 2015-16 വാർഷികകണക്കുകൾ ഓഡിറ്റ് ചെയ്തതിൽ അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജില്ല	2015-16 വർഷം ആകെ ഓഡിറ്റ് ചെയ്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം	2015-16 വർഷത്തിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പഞ്ചായത്തുകളുടെ എണ്ണം	അപാകതകൾ തരംതിരിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ എണ്ണം			
			തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല (ഗ്രാമപഞ്ചായത്തുകളുടെ എണ്ണം)	തൊഴിൽ നികുതി ഈടാക്കാത്ത (പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല) ഗ്രാമപഞ്ചായത്തുകളുടെ എണ്ണം	വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് ഉണ്ടായ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം	തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്ത, രജിസ്റ്റർ സൂക്ഷിക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം
മലപ്പുറം	94	69	43	26	11	12

ഗ്രാമപഞ്ചായത്തിന്റെ പേര്	ഖണ്ഡിക നം.
നന്നമ്പ്ര	2.3
നന്നമുക്ക്	2.2
നിറമരുതൂർ	2.2
ഒതുക്കുങ്ങൽ	2.1
ഓഴൂർ	2.3
പരപ്പനങ്ങാടി	2.1
പറപ്പൂര്	2.6
പെരുമണ്ണക്ലാരി	2.1, 2.3
പെരുമ്പടപ്പ്	2.10, 2.11

പെരുവള്ളൂർ	2.1, 2.3, 2.4
പൊന്മല	2.6, 2.7, 2.8, 2.9
പൊൻമുണ്ടം	2.1
പൂക്കോട്ടൂർ	2.2
പൊതുക്കൽ	2.4
പുലാമന്തോൾ	2.3
പുളിക്കൽ	2.2
പുൽപ്പറ്റ	2.3
പുറത്തൂർ	2.1, 2.2, 2.3, 2.4
പുഴക്കാട്ടിരി	2.4
താനൂർ	
തലക്കാട്	2.3, 2.4
തണലൂർ	2.5
തവനൂർ	2.3
തേഞ്ഞിപ്പലം	2.2
തിരുനാവായ	2.1, 2.2
തൃപ്പങ്ങോട്	2.4
ഊർങ്ങാട്ടിരി	2.2
ഊരങ്ങാട്ടിരി	2.8, 2.9, 2.10, 2.11, 2.12
വളവന്നൂർ	2.4
വള്ളിക്കുന്ന്	2.4, 2.5, 2.6, 2.7, 2.8
വട്ടംകുളം	2.2
വാഴക്കാട്	2.1

വാഴയൂർ	2.1, 2.2, 2.4
വഴിക്കടവ്	2.8
വെളിയംകോട്	2.2
വെട്ടത്തൂർ	2.1

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

24. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തൊഴിൽ നികുതിയിലെ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മാലിന്യ സംസ്കരണം - ബയോഗ്യാസ് പ്ലാന്റ് - സാങ്കേതികത്തികവുള്ള മാതൃകകൾ ഉണ്ടാവണം

മാർക്കറ്റ് കോംപ്ലക്സിലെ ബയോഗ്യാസ് പ്ലാന്റ് 16.43 ലക്ഷം രൂപ ചെലവഴിച്ചിട്ടും പ്രവർത്തനരഹിതമായി തുടരുന്നു

(മഞ്ചേരി നഗരസഭ, മലപ്പുറം ജില്ല, ഓ.റി. 2013-14, 2014-15 ഖ.3-7)

മഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള മാർക്കറ്റിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.റ്റി.സി (IRTC) മുഖാന്തിരം പ്രോജക്ട് തയ്യാറാക്കി. പ്രോജക്ട് പ്രകാരം 1000 കിലോ മാർക്കറ്റ് വേസ്റ്റ് സംസ്കരണശേഷിയുള്ള പ്ലാന്റിനുവേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. കരാർ വ്യവസ്ഥ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്ന് തുക ഐ.ആർ.റ്റി.സി ക്ക് കൈമാറി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. നിലവിലുള്ള എസ്റ്റിമേറ്റ് തുകയിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയില്ല എന്ന് ഐ.ആർ.റ്റി.സി അറിയിച്ചതിനെ തുടർന്ന് പ്ലാന്റിന്റെ സംഭരണശേഷി 800 കിലോ ആയി കുറച്ച് പുതുക്കി

നിശ്ചയിക്കുകയും അതനുസരിച്ച് എസ്റ്റിമേറ്റ് പരിഷ്കരിച്ച് നൽകുയും ചെയ്തു. 20.03.2015 ൽ ഐ.ആർ.റ്റി.സി നിർമ്മാണം പൂർത്തിയാക്കിയതായി നഗരസഭയെ രേഖാമൂലം അറിയിക്കുകയും ബാക്കി തുക ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ മെഷിനറികൾ സ്ഥാപിക്കുന്ന ഷെഡ്ഡിന്റെ നിർമ്മാണം പൂർത്തിയായില്ല എന്നും വയറിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടില്ല എന്നും ഫയലിൽ നിന്നും വ്യക്തമാകുന്നു. ഇപ്രകാരം പ്ലാന്റിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയാക്കി മാലിന്യത്തിൽ നിന്ന് ഗ്യാസ് ഉത്പാദിപ്പിക്കുന്നതിന് നാമമാത്രമായ തുടക്കം കുറിച്ചതായി കാണുന്നു. നിലവിൽ പ്ലാന്റുകൊണ്ട് വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ലഭിക്കേണ്ട പ്രയോജനം ഉണ്ടാകുന്നില്ല എന്ന് വ്യക്തമാണ്. അടിസ്ഥാനപരമായി പഠനം നടത്താതെയും, നിർവ്വഹണ സമയത്ത് കൃത്യമായി ഇടപെട്ട് നിർമ്മാണം വിലയിരുത്തി നിർദ്ദേശം നൽകാതെയും പദ്ധതി മുന്നോട്ട് കൊണ്ടുപോയത് ഇതിന്റെ വിജയസാധ്യതകൾ ഇല്ലാതാക്കി. നാളിതുവരെ പ്രവൃത്തിക്കുവേണ്ടി 16.43 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പ്ലാന്റും പരിസരവും സംസ്കരിക്കാത്ത മാലിന്യങ്ങളുടെ കേന്ദ്രം എന്ന നിലയിൽ ഉപയോഗശൂന്യമായി അവശേഷിക്കുന്നു.

പൊതുമാർക്കറ്റുകൾ ശരിയാംവണ്ണം പരിപാലിക്കുക എന്ന നിയമ ബാദ്ധ്യത ഏറ്റെടുക്കുന്നതിലേക്ക് നഗരസഭകൾ ആവിഷ്ക്കരിക്കുന്ന മാലിന്യ പരിപാലന പദ്ധതികൾ ഈ വിധത്തിൽ ഫലരഹിതമായി തീരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ ഉണ്ടാകേണ്ടത് സംസ്ഥാനത്തിന്റെ പൊതു ആവശ്യമാണ്. ബയോഗ്യാസ് പ്ലാന്റുകൾ നിർദ്ദിഷ്ടവിധം പ്രവർത്തിക്കുന്നില്ല എന്നതിന്റെ സാങ്കേതികവശം വിദഗ്ധതല പരിശോധനയ്ക്ക് വിധേയമാക്കി കുറ്റമറ്റ മാതൃക നിർദ്ദേശിക്കേണ്ടതുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 4, ഖണ്ഡിക 4.1.2(ii))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

25. നഗരസഭയുടെ മാർക്കറ്റിൽ അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.ടി.സി. മുഖാന്തരം സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റിൽ സ്ലറി അടിഞ്ഞുകൂടിയതുമൂലം നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും സ്ലറി നീക്കം ചെയ്ത് പ്ലാന്റ് പ്രവർത്തനസജ്ജമാക്കുന്നതിന് 14,74,625/- രൂപയുടെ എസ്റ്റിമേറ്റാണ് ഐ.ആർ.ടി.സി. സമർപ്പിച്ചിട്ടുള്ളതെന്നും ദിവസേന ഒരു ടൺ മാലിന്യം മാത്രം സംസ്കരിക്കാൻ കഴിയുന്ന പ്ലാന്റിന് രണ്ടുമൂന്ന് വർഷം കൂടുമ്പോൾ ഇത്രയും ഭീമമായ തുക റിപ്പയർ വർക്കിനായി ചെലവഴിക്കേണ്ടിവരുന്നത് ഉചിതമല്ലെന്നുള്ള തീരുമാനമാണ്

കൗൺസിൽ എടുത്തിട്ടുള്ളതെന്നും മാർക്കറ്റിലെ മാലിന്യം നിലവിൽ അവിടെനിന്നും നീക്കം ചെയ്യുന്നതിനാൽ മാലിന്യ പ്രശ്നമില്ലെന്നും മഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

26. മാർക്കറ്റിലെ മാലിന്യം നിലവിൽ അവിടെ നിന്നും നീക്കം ചെയ്യുന്നതിനാൽ മാലിന്യപ്രശ്നമില്ലെന്ന മഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ആസ്തികളുടെ ഉപയോഗം - വാടകക്കാരിൽനിന്ന് ലക്ഷ്വറി ടാക്സ് ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ പര്യാപ്തമല്ല

ലക്ഷ്വറി ടാക്സിനത്തിലെ റിക്കവറി തുക നഗരസഭാ ഫണ്ടിൽനിന്നും അടവാക്കി

(മലപ്പുറം നഗരസഭ, ഓ.റി. 2014-15 ഖ.3-2)

1976-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് നിയമം വകുപ്പ് 32 പ്രകാരം കൺവെൻഷൻ സെന്റർ, ഹാൾ, കല്യാണമണ്ഡപം, ഓഡിറ്റോറിയം തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതും പ്രസ്തുത സ്ഥാപനത്തിൽ നടക്കുന്ന ഓരോ പരിപാടിക്കും വാങ്ങുന്ന 3,000/- രൂപ മുതൽ 10,000/- രൂപ വരെയുള്ള തുകകൾക്ക് 10%-ഉം 10,000/- രൂപ മുതൽ 20,000/- രൂപ വരെയുള്ള തുകകൾക്ക് 15%-ഉം ലക്ഷ്വറി ടാക്സിനത്തിൽ കക്ഷികളിൽ നിന്നും ഈടാക്കേണ്ടതുമാണ്. എന്നാൽ നഗരസഭ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ 'കുന്നുമ്മൽ വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ടൗൺ ഹാൾ' വാടകയ്ക്ക് എടുത്ത കക്ഷികളിൽ നിന്ന് ലക്ഷ്വറി ടാക്സ് ഈടാക്കിയില്ല. ആയതിനാൽ ലക്ഷ്വറി ടാക്സ് ഇനത്തിൽ കുടിശ്ശികയും പലിശയുമടക്കം 3,25,263/- രൂപ നഗരസഭാ ഫണ്ടിൽ നിന്നും ഒടുക്കു വരുത്തി.

ലക്ഷ്വറി ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ (215-ാം വകുപ്പ്) പര്യാപ്തമല്ലാത്തതിനാൽ ആയത് യഥാവിധി ഈടാക്കുന്നതിന് കഴിയാതെ വരുന്നു. ഈ അപാകത പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി ആവശ്യമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.9.3 (i))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. ലക്ഷ്വറി ടാക്സ് ഇനത്തിൽ കുടിശ്ശികയും പലിശയും അടക്കം 3,25,263/- രൂപ അടവാക്കാത്തതുകൊണ്ട് 15-10-2021-ന് നഗരസഭയുടെ KL-10-Q-0197 എന്ന വാഹനം ജപ്തി ചെയ്തെങ്കിലും ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം പെനാൽറ്റി തുക 3 തുല്യഗഡുക്കളായി അടച്ച് ജപ്തി ചെയ്ത വാഹനം തിരികെ ലഭിച്ചിട്ടുണ്ടെന്നും നഗരസഭാ കൗൺസിൽ തീരുമാനപ്രകാരമാണ് ലക്ഷ്വറിസ് ടാക്സ് ഇനത്തിൽ ഈടാക്കാതിരുന്ന തുക നഗരസഭയുടെ തനത് ഫണ്ടിൽനിന്ന് അടവാക്കിയതെന്നും മലപ്പുറം മുനിസിപ്പാലിറ്റി സെക്രട്ടറി വിശദീകരിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

28. ലക്ഷ്വറി ടാക്സ് ഇനത്തിൽ കുടിശ്ശികയും പലിശയും അടക്കം അടവാക്കാത്തതുകൊണ്ട് 15-10-2021-ന് നഗരസഭയുടെ KL-10-Q-0197 എന്ന വാഹനം ജപ്തി ചെയ്തെങ്കിലും ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം പെനാൽറ്റി തുക 3 തുല്യഗഡുക്കളായി അടച്ച് ജപ്തി ചെയ്ത വാഹനം തിരികെ എടുത്തിട്ടുണ്ടെന്നും നഗരസഭാ കൗൺസിൽ തീരുമാനപ്രകാരമാണ് തുക അടവാക്കിയതെന്നുമുള്ള മലപ്പുറം മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സർക്കാർ അനുമതിയില്ലാതെ പുതിയ ഭവന നിർമ്മാണ പ്രോജക്റ്റ് നടപ്പിലാക്കി

(വേങ്ങര ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1)

സർക്കാർ അനുമതി ലഭ്യമാക്കാതെ വേങ്ങര ഗ്രാമ പഞ്ചായത്ത് പുതിയ ഭവന നിർമ്മാണ പ്രോജക്റ്റ് (പ്രോജക്റ്റ് നമ്പർ 27/17, വീട് നിർമ്മാണം - ജനറൽ) ഏറ്റെടുക്കുക വഴി 1,00,80,000/- രൂപ വികസന ഫണ്ടിൽ നിന്നും ക്രമവിരുദ്ധമായി ചെലവഴിച്ചു. വികസന ഫണ്ടിൽ നിന്നും 40,00,000/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 20,00,000/- രൂപയും തനത് ഫണ്ടിൽ നിന്നും 78,00,000/- രൂപയും വകയിരുത്തി. 2016-17 ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ മേൽ പ്രോജക്റ്റിനായി ആകെ 1,00,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2016-17 വർഷത്തേക്ക് ബാധകമായ 12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ ജി.ഒ. (എം.എസ്) 4/2016/തസ്വഭവ, തീയതി 11.01.2016 പ്രകാരം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സ്വന്തമായ ഭവന നിർമ്മാണ പ്രോജക്റ്റുകൾ ഏറ്റെടുക്കാൻ പാടില്ല. പകരം ഐ.എ.വൈ പദ്ധതി പ്രകാരമുള്ള വീടുകൾക്ക് വേണ്ടി വരുന്ന അധിക തുകയുടെ യഥാക്രമം

25:40:35 എന്ന അനുപാതത്തിൽ വകയിരുത്തേണ്ടതാണ്. ഐ.എ.വൈ ഭവന പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് വീട് നൽകിയ ശേഷവും നിലവിൽ തീരെ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പൊതു വിഭാഗത്തിൽപെട്ട അർഹരായ അപേക്ഷകർ വളരെയധികം അവശേഷിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ളവരുടെ ഗുണഭോക്തൃ ലിസ്റ്റ് അയൽസഭയും ഗ്രാമസഭയും അംഗീകരിച്ച് സർക്കാരിന് സമർപ്പിച്ച് അനുമതി വാങ്ങിയ ശേഷം പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് വീട് ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റ് ഗ്രാമ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പദ്ധതി മാർഗ്ഗരേഖ ലംഘിച്ചാണ് മേൽ പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.10.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

29. 2016-17-ൽ സർക്കാർ അനുമതിയില്ലാതെ പഞ്ചായത്ത് ഭവന നിർമ്മാണ പ്രോജക്റ്റ് ഏറ്റെടുത്ത് തുക ചെലവഴിച്ച എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രോജക്റ്റ് നിർവഹണത്തിനായി വികസന ഫണ്ടിൽ നിന്നും 40,00,000/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 20,00,000/- രൂപയും തനത് ഫണ്ടിൽനിന്നും 78,00,000/- രൂപയുമാണ് വകയിരുത്തിയതെന്നും പദ്ധതിയിലൂടെ 69 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾ താമസിക്കുന്നുണ്ടെന്നും വേങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് വ്യക്തമാക്കി. പ്രസ്തുത പ്രോജക്റ്റ് ഡി.പി.സി. അംഗീകരിച്ചതാണെന്നും ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവിറങ്ങിയ ആദ്യവർഷത്തിലാണ് പ്രോജക്റ്റ് നടപ്പാക്കിയതെന്നും സെക്രട്ടറി-ഇൻ-ചാർജ് കൂട്ടിച്ചേർത്തു.

30. സർക്കാർ അനുമതിയില്ലാതെ ഭവന നിർമ്മാണ പ്രോജക്റ്റ് ഏറ്റെടുത്ത് തുക ചെലവഴിച്ചതിന് സർക്കാരിന്റെ സാധൂകരണത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ അറിയിച്ചു. സർക്കാർ സാധൂകരണം ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

31. വേങ്ങര പഞ്ചായത്തിൽ സർക്കാർ അനുമതിയില്ലാതെ ഭവന നിർമ്മാണ പ്രോജക്റ്റ് ഏറ്റെടുത്ത് തുക ചെലവഴിച്ചതിന് സർക്കാരിന്റെ സാധൂകരണത്തിനായി അപേക്ഷ

സമർപ്പിച്ചിട്ടുണ്ടെന്നുള്ള മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ, ആയത് സംബന്ധിച്ചുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

നികുതി നിർണ്ണയിക്കാതെ 11 മൊബൈൽ ടവറുകൾ - പഞ്ചായത്തിന് വരുമാന നഷ്ടം

(മൂർക്കനാട് ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1)

ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ 12 ടവറുകൾ പ്രവർത്തിക്കുന്നതായി സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആകെ ഒരു ടവറിന് മാത്രമാണ് (ഐഡിയ സെല്ലുലാർ ലി. 254, കൊളത്തൂർ - ആലുംകൂട്ടം) നികുതി ഈടാക്കിയിട്ടുള്ളത്. ബാക്കിയുള്ളവയ്ക്ക് നാളിതു വരെ നികുതി നിർണ്ണയിച്ചിട്ടില്ല. നികുതി നിർണ്ണയിക്കാത്ത പ്രസ്തുത ടവറുകൾക്ക് നിർമ്മാണ അനുമതി നൽകിയിട്ടുണ്ടോ എന്നും വ്യക്തമല്ല. വർഷങ്ങളായി പ്രവർത്തിക്കുന്ന ടവറുകൾക്ക് നികുതി ഈടാക്കാത്തത് വഴി ഗ്രാമ പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടമാണ് ഓരോ വർഷവും ഉണ്ടാകുന്നത്. പഞ്ചായത്തിൽ ആകെ ഒരു ടവർ മാത്രം നികുതി അടവാക്കി വരുന്ന സാഹചര്യം ഉണ്ടായിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഫീൽഡ് പരിശോധന നടത്തി അടിയന്തിര നടപടികളിലൂടെ പ്രസ്തുത ടവറുകളുടെ നികുതി പിഴ സഹിതം ഈടാക്കിയും, ഇവയിൽ നിർമ്മാണ അനുമതി ഇല്ലാത്ത ടവറുകളുടെ ഉടമകൾക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമായിരുന്നു.

ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ, നീലുകാവിൽ, കുളമ്പ് എന്ന പ്രദേശത്ത് ഒന്നര വർഷമായി പ്രവർത്തിക്കുന്ന ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന് നാളിതു വരെ നികുതി അസസ് ചെയ്ത് ഈടാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് നിർമ്മാണ അനുമതി നൽകിയ മൊബൈൽ ടവർ പ്രവർത്തിക്കാൻ തുടങ്ങി ഒന്നര വർഷമായിട്ടും നമ്പർ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും പ്രസ്തുത ടവർ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും ഗ്രാമ പഞ്ചായത്തിലെ അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പിന്നീട് 01.06.2017 ൽ ടവർ ഉടമ നമ്പർ ലഭിക്കുന്നതിന് അപേക്ഷ നൽകിയെങ്കിലും സമർപ്പിച്ച പ്ലാനിൽ വ്യത്യാസമുള്ളത് കാരണം നമ്പർ അനുവദിച്ചിട്ടില്ല. ഇപ്പോഴും പ്രവർത്തിച്ച്കൊണ്ടിരിക്കുന്ന പ്രസ്തുത ടവറിന് നികുതി അസസ് ചെയ്ത് ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (17/ 2.8.2017)ക്ക് മറുപടി നൽകിയിട്ടില്ല.

12 ടവറുകൾ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ ആകെ ഒരു ടവർ മാത്രം നികുതി അടവാക്കി വരുന്ന സാഹചര്യമുണ്ടായിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നത്

ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഫീൽഡ് പരിശോധന നടത്തി അടിയന്തര നടപടികളിലൂടെ പ്രസ്തുത ടവറുകളുടെ നികുതി പിഴ സഹിതി ഈടാക്കിയും, ഇവയിൽ നിർമ്മാണ അനുമതി ഇല്ലാത്ത ടവറുകളുടെ ഉടമകൾക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിച്ചും വിവരമറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.10.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

32. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

33. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ 'നികുതി നിർണ്ണയിക്കാതെ 11 മൊബൈൽ ടവറുകൾ - മൂർക്കനാട് പഞ്ചായത്തിന് വരുമാന നഷ്ടം' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ

(മഞ്ചേരി നഗരസഭ 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-9)

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം മഞ്ചേരി നഗരസഭയുടെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് കൗൺസിൽ നിശ്ചയിച്ചിട്ടുള്ളത്.

100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	40 രൂപ/ചതുരശ്ര മീറ്റർ
100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	70 രൂപ/ചതുരശ്ര മീറ്റർ

നഗരസഭയിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിട നമ്പറുകൾ അനുവദിക്കുകയും അപ്രകാരമുള്ള

തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്തുവരുന്നത്.

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറേ വേറേ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് (ചട്ടം 3(4)). എന്നാൽ തക്കതായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ നൽകിയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യമാണ് ഇവിടെ വിവക്ഷിക്കുന്നത്. വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് നഗരസഭ ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ചട്ടം (5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിടഭാഗങ്ങളെ വേറേ വേറേ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിടനമ്പർ നൽകാവുന്നതാണ്. എന്നാൽ ഒരേ വിനിയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല. ചട്ടവിരുദ്ധമായി നികുതി നിർണ്ണയിക്കുന്നതിലൂടെ നഗരസഭയ്ക്ക് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്.

നികുതി നിർണ്ണയത്തിലുള്ള അപാകതയ്ക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ. 33/14.11.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം കുറവായി വസ്തുനികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളുടേയും നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.10.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. പ്രസ്തുത വിഷയം പരിഹരിച്ചിട്ടുണ്ടെന്ന് മഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടപ്രകാരമുള്ള നികുതി നിരക്ക് ഈടാക്കണമെന്നാണ് ഓഡിറ്റ് വകുപ്പ് പറയുന്നതെന്നും സർക്കാർ ഡെവലപ് ചെയ്ത സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യ കെട്ടിടങ്ങളിലുള്ള ഓരോ മുറിക്കും

പ്രത്യേകം നികുതി ഈടാക്കേണ്ടതാണെന്നും മിക്കവാറും മുറികളും 100 ചതുരശ്ര മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ളവയായിരിക്കുമെന്നും ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലായിരിക്കുമെന്നും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കാക്കി നികുതി നിർണ്ണയിക്കണമെന്നാണ് ഓഡിറ്റ് പറയുന്നതെന്നും സോഫ്റ്റ്‌വെയറിൽ പറയുന്ന രീതിയിൽ മാത്രമേ നികുതി നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂവെന്നും പ്രസ്തുത വിഷയം സർക്കാർ തലത്തിൽ പരിശോധിക്കേണ്ടതാണെന്നും ഇക്കാര്യം പല പ്രാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി മാന്വലായി നികുതി നിർണ്ണയിച്ചാണ് പ്രശ്നം പരിഹരിച്ചിരിക്കുന്നതെന്നും എന്നാൽ സോഫ്റ്റ്‌വെയർ പ്രകാരം അങ്ങനെ ചെയ്യാൻ സാധിക്കില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ വിശദീകരിച്ചു.

35. ഇതൊരു പൊതുവായ പ്രശ്നമാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നികുതി നിർണ്ണയിക്കുന്നതിലെ അപാകതയല്ലെന്നും സർക്കാർ ഡെവലപ് ചെയ്ത സോഫ്റ്റ്‌വെയർ പ്രകാരമാണ് നികുതി ഈടാക്കുന്നതെന്നുമുള്ള വിശദീകരണം ഓഡിറ്റ് വിഭാഗത്തിന് സർക്കാർ ലഭ്യമാക്കണമെന്ന് സമിതി വ്യക്തമാക്കി. മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

36. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നികുതി നിർണ്ണയിക്കുന്നതിലെ അപാകതയല്ലെന്നും സർക്കാർ ഡെവലപ് ചെയ്ത സോഫ്റ്റ്‌വെയർ പ്രകാരമാണ് നികുതി ഈടാക്കുന്നതെന്നുമുള്ള മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി നഗരസഭയിലെ 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മൊബൈൽ ടവറുകളുടെ വസ്തുനികുതി - 28,56,905/- രൂപ കുടിശ്ശിക.

(മഞ്ചേരി നഗരസഭ 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-10)

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന 28 മൊബൈൽ ടവറുകളിൽ 4 എണ്ണം മാത്രമേ ഓഡിറ്റ് വർഷം വരെ വസ്തുനികുതി പൂർണ്ണമായും അടവാക്കിയിട്ടുള്ളൂ. ബാക്കിയുള്ള ടവറുകളിൽ ചിലത് 2009-10 മുതൽ വസ്തുനികുതി അടവാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	വർഷം	വാർഷിക നികുതി (ഗ്രന്ഥശാലാ വരി ഉൾപ്പെടെ)	ആകെ കുടിശ്ശിക തുക
1	6/88 B	2011-12 മുതൽ 2016-17 വരെ	32,814	1,96,884
2	6/504 J	2015-16 മുതൽ 2016-17 വരെ	7,876	15,752
3	6/545 A	2014-15 മുതൽ 2016-17 വരെ	38,720	1,16,160
4	7/421 A	2015-16 മുതൽ 2016-17 വരെ	1,970	3,940
5	4/605 A	2013-14 മുതൽ 2016-17 വരെ	16,900	67,600
6	18/7 T	2015-16 മുതൽ 2016-17 വരെ	13,125	26,250
7	32/44 A	2013-14 മുതൽ 2016-17 വരെ	37,932	1,51,728
8	22/538 A	2012-13 മുതൽ 2016-17 വരെ	31,238	1,56,190
9	32/320 A	2015-16 മുതൽ 2016-17 വരെ	10,108	20,216
10	21/59 A	2009-10 മുതൽ 2016-17 വരെ	37,590	3,00,720
11	21/293 A	2013-14 മുതൽ 2016-17 വരെ	6,564	26,256
12	27/306 B1	2010-11 മുതൽ 2016-17 വരെ	8,532	59,724
13	3/254 B	2011-12 (II Half) മുതൽ 2016-17 വരെ	32,158	1,76,869
14	3/40/187 A	2009-10 (II Half) മുതൽ 2016-17 വരെ	37,606	2,82,045
15	28/317 A	2010-11 മുതൽ 2016-17 വരെ	10,238	71,666
16	2/126 L	2011-12 (II Half) മുതൽ 2016-17 വരെ	32,158	1,76,869
17	12/444 D	2015-16 മുതൽ 2016-17 വരെ	32,158	64,316
18	12/444 M	2016-17 II Half	32,288	16,144
19	50/494 B	2015-16 മുതൽ 2016-17 വരെ	7,737	15,474
20	22/30/146 A	2012-13 മുതൽ 2016-17 വരെ	37,590	1,87,950
21	14/455 A	2013-14 മുതൽ 2016-17 വരെ	31,763	1,27,052
22	5/1/303 A	2011-12 മുതൽ 2016-17 വരെ	39,246	2,35,476

23	20/679 A	2010-11 (II Half) മുതൽ 2016-17 വരെ	32,812	2,13,278
24	20/679 B	2011-12 (II Half) മുതൽ 2016-17 വരെ	26,972	1,48,346
			ആകെ	**28,56,905**

വസ്തുനികുതി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കാഞ്ഞതിനാൽ ഇതിൽ വലിയൊരു ഭാഗം കാലാഹരണപ്പെട്ടിട്ടുണ്ട്. കുടിശ്ശിക തുക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.10.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

37. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന 28 മൊബൈൽ ടവറുകളിൽ 4 എണ്ണമേ ഓഡിറ്റ് വർഷം വരെ വസ്തു നികുതി പൂർണ്ണമായും അടവാക്കിയിട്ടുള്ളൂവെന്നും നിലവിൽ 12 ടവറുകളുടെ നികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കിയിട്ടുണ്ടെന്നും കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്ന മൊബൈൽ ടവർ ഉടമകൾക്ക് നഗരസഭയിൽ ലഭ്യമായ മേൽവിലാസത്തിൽ രജിസ്റ്റേർഡ് നോട്ടീസ് അയയ്ക്കുന്നുണ്ടെങ്കിലും ടവർ ഉടമകളുടെ ഓഫീസ് മാറുന്നതിനനുസരിച്ച് കൃത്യമായ മേൽവിലാസം നഗരസഭയ്ക്ക് ലഭ്യമാക്കാത്തതിനാൽ പഴയ മേൽവിലാസത്തിൽ അയയ്ക്കുന്ന നോട്ടീസ് കൈപ്പറ്റാതെ നഗരസഭയിൽ തിരികെ ലഭിക്കുന്ന സാഹചര്യമുണ്ടെന്നും പല ടവറുകളും പ്രവർത്തനരഹിതമാണെന്നും ബന്ധപ്പെട്ട ടവറുകൾ സ്ഥിതിചെയ്യുന്ന വസ്തുവിന്റെ ഉടമസ്ഥന് നോട്ടീസ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

38. ടവർ സ്ഥാപിക്കുന്നതിനായി സ്വകാര്യ വ്യക്തികൾ പാട്ടവ്യവസ്ഥയിൽ ഭൂമി ഏറ്റെടുത്ത് ടവർ പണിത് സർവീസ് പ്രൊവൈഡേഴ്സിന് അത് വാടകയ്ക്ക് കൊടുക്കുകയാണ് ചെയ്യുന്നതെന്നും ഒരേ ടവറിൽത്തന്നെ ഒന്നിൽക്കൂടുതൽ കമ്പനികളുടെ സർവീസ് പ്രൊവൈഡേഴ്സ് ഉണ്ടാകുമെന്നും ഈ സാഹചര്യത്തിൽ ഭൂമി പാട്ടവ്യവസ്ഥയിൽ കൈമാറിയ ഭൂവുടമയ്ക്കെതിരെ നടപടി സ്വീകരിക്കാൻ സാധിക്കില്ലെന്നും ഭൂവുടമയുടെ കൈവശം ലീസ് എഗ്രിമെന്റ് ഉണ്ടാകുമെന്നും

ഭൂവുടമയ്ക്ക് ഇതുമായി ബന്ധപ്പെട്ട നോട്ടീസ് ലഭ്യമാക്കിയാൽ ടവർ ഉടകളുടെ വിവരങ്ങൾ അറിയാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

39. ലീസ് എഗ്രിമെന്റിൽ സർവീസ് പ്രൊവൈഡേഴ്സ് വാടക, നികുതി എന്നിവ നൽകുമെന്നാണ് വ്യവസ്ഥ ചെയ്യുന്നതെന്നും കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്ന മൊബൈൽ ടവർ ഉടകൾക്ക് ലഭ്യമായ മേൽവിലാസത്തിൽ നോട്ടീസ് കൈപ്പറ്റാത്ത സാഹചര്യത്തിൽ വസ്തുവിന്റെ ഉടമയ്ക്കെതിരെ നടപടി സ്വീകരിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ അറിയിച്ചു.

40. ഇക്കാര്യത്തിൽ നഗരസഭ മുൻകൈയെടുത്ത് സ്ഥലം ഉടമകളുമായി ചർച്ച ചെയ്ത് ബന്ധപ്പെട്ടവരിൽ നിന്നും കുടിശ്ശിക വരുത്തിയിട്ടുള്ള തുക ഈടാക്കണമെന്നും കുടിശ്ശികയായിട്ടുള്ള തുക അടവാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

41. ടവർ സ്ഥാപിക്കുന്നതിനായി സ്വകാര്യ വ്യക്തികൾ പാട്ട വ്യവസ്ഥയിൽ ഭൂമി ഏറ്റെടുത്ത് ടവർ പണിത് സർവീസ് പ്രൊവൈഡേഴ്സിന് വാടകയ്ക്ക് കൊടുക്കുകയാണ് ചെയ്യുന്നതെന്നും ഒരേ ടവറിൽ തന്നെ ഒന്നിൽ കൂടുതൽ കമ്പനികളുടെ സർവ്വീസ് പ്രൊവൈഡേഴ്സ് ഉണ്ടാകുമെന്നും ഭൂമി പാട്ടവ്യവസ്ഥയിൽ കൈമാറിയ ഭൂവുടമയ്ക്കെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കില്ലെന്നും ഭൂവുടമയുടെ കൈവശം ലീസ് എഗ്രിമെന്റ് ഉണ്ടാകുമെന്നതിനാൽ ഭൂവുടമയ്ക്ക് നോട്ടീസ് ലഭ്യമാക്കിയാൽ ടവർ ഉടമകളുടെ വിവരങ്ങൾ അറിയാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ നഗരസഭ മുൻകൈയെടുത്ത് സ്ഥലം ഉടമകളുമായി ചർച്ച ചെയ്ത് ബന്ധപ്പെട്ടവരിൽ നിന്നും കുടിശ്ശിക ഈടാക്കി ആയത് സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

വസ്തുനികുതി നിർണ്ണയത്തിലും നികുതി പിരിവിലുമുള്ള അപാകതകൾ

(കോട്ടയ്ക്കൽ നഗരസഭ 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4)

നഗരസഭയുടെ വസ്തുനികുതി നിർണ്ണയത്തിലും നികുതിപിരിവിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസക്തവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(a) നഗരസഭ സമർപ്പിച്ച 2016-17 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തു നികുതി ഇനത്തിൽ ലൈബ്രറി സെസ് അടക്കം 72,31,747/- (തൻവർഷം 33,73,713/- + കുടിശ്ശിക 38,58,034/-) ഇനിയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

(b) 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മൂന്ന മേഖലകളായി തരംതിരിക്കേണ്ടതാണ് എന്നും, യാതൊരു കാരണവശാലും പ്രഥമം, ദ്വിതീയം മേഖലകൾ ഒഴിവാക്കപ്പെടാൻ പാടില്ല എന്നും നിർദേശിച്ചിരുന്നു. എന്നാൽ നഗരസഭയിലെ മുഴുവൻ പ്രദേശവും ദ്വിതീയ മേഖലകളിൽ ഉൾപ്പെടുത്തിയത് ക്രമവിരുദ്ധമാണ്. മുഴുവൻ പ്രദേശവും ദ്വിതീയ മേഖലകളിൽ ഉൾപ്പെടുത്തി വസ്തു നികുതിയിൽ 10% ഇളവ് അനുവദിച്ചത് മൂലം നികുതി വരുമാനത്തിൽ വൻ കുറവുള്ളതായി കാണുന്നു.

മേല്പറഞ്ഞ അപാകതകൾ പരിഹരിക്കുവാൻ കൃത്യമായ നടപടി സ്വീകരിക്കണമെന്ന് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.10.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

42. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

43. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കോട്ടയ്ക്കൽ നഗരസഭയിലെ വസ്തുനികുതി നിർണ്ണയത്തിലും നികുതി പിരിവിലുമുള്ള അപാകതകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

(വളാഞ്ചേരി നഗരസഭ 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6)

ചുവടെ ചേർത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2016-17 വർഷത്തിൽ ഈടാക്കിയിട്ടില്ല.

കെട്ടിട നമ്പർ	വിലാസം	നിർണയിച്ച നികുതി (L.C ഉൾപ്പെടെ)	റിമാർക്സ്
16/ 406 A	റിലയൻസ് ഇൻഫോ കോം	15,750	

9/ 620	വി.ഡി സുദേവൻ, വയർലെസ് ടാറ്റാ ടെലി സർവീസസ്	23,625	
9/984 സി.	വോഡഫോൺ	22,050	
2/485 സി.	മെസെർസ് ഇൻഡസ് ടവർ ലി.	25,188	
14/598	ഭാരതി എയർടെൽ	26,250	
19/413 എ.	വോഡാഫോൺ സെല്ലുലാർ ലി.	20,213	
12/420 ബി.	ജെ & കോ. ചേമ്പേർസ്	16,800	2013-14 മുതൽ കുടിശിക
16/1194 എ.	ബി.എസ്.എൻ.എൽ	15,750	2013-14 മുതൽ കുടിശിക
	ആകെ	**1,65,626**	

മേൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.10.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന എട്ട് മൊബൈൽ ടവറുകളിൽ ആറ് ടവറുകളുടെ വസ്തു നികുതി 2013-14 മുതൽ 2023-24 വരെ അടവാക്കിയിട്ടുണ്ടെന്നും നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള കമ്പനികൾ ബി.എസ്.എൻ.എൽ., റിലയൻസ് ഇൻഫോകോം എന്നിവയാണെന്നും വളാഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. ഇതിൽ ബി.എസ്.എൻ.എൽ. കമ്പനിക്ക് എല്ലാ വർഷവും ഡിമാൻഡ് നോട്ടീസ് അയയ്ക്കാറുണ്ടെങ്കിലും തുകയൊന്നും അടവാക്കിയിട്ടില്ലെന്നും ഇന്ത്യൻ പ്രസിഡന്റിന്റെ അധികാര പരിധിയിലായിരുന്ന ബി.എസ്.എൻ.എൽ. 2015 ൽ ശേഷമാണ് കമ്പനിയായി രൂപം കൊണ്ടതെന്നും റവന്യൂ വകുപ്പിൽ നിന്നും പ്രോപ്പർട്ടിയൊന്നും കൈമാറി കിട്ടാത്തതുകൊണ്ടാണ് നികുതി അടയ്ക്കാൻ സാധിക്കാത്തത് എന്നാണ് കമ്പനി അധികൃതർ പറയുന്നതെന്നും ബി.എസ്.എൻ.എൽ. ടവറിന്റെ നികുതി റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിന് നടപടി

സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി ബോധിപ്പിച്ചു.

45. റിലയൻസ് ഇൻഫോകോം ടവറിന്റെ വസ്തു നികുതി 2014-15 വരെയുള്ളത് 20-03-2023-ന് അടവാക്കിയിട്ടുണ്ടെന്നും ബാക്കി തുക ഒടുക്കുന്നതിന് ടവർ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഭൂവുടമയ്ക്ക് നോട്ടീസ് നൽകി റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 2019 മുതൽ പ്രസ്തുത കമ്പനിയെ റിലയൻസ് ഇൻഫ്രാടെൽ എന്ന കമ്പനി ഏറ്റെടുത്തിട്ടുണ്ടെന്നും 2019-20 മുതൽ 2022-23 വരെയുള്ള നികുതിയുടെ ഡിമാൻഡ് നോട്ടീസ് നൽകിയതിനുശേഷം ഭാഗികമായി ഒടുക്കിയിട്ടുണ്ടെന്നും നികുതിയിനത്തിൽ തുക അടയ്ക്കുമ്പോൾ മുൻവർഷങ്ങളിലുണ്ടായ കുടിശ്ശികയിനത്തിലേക്ക് തുക അടവാകുന്നതിനാലാണ് നികുതി അടയ്ക്കാത്തത് എന്നാണ് പറയുന്നതെന്നും ബാലൻസ് തുക പിഴപ്പലിശ ഒഴിവാക്കുമ്പോൾ മാർച്ച് മാസം അടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

46. മേൽസൂചിപ്പിച്ച ടവറുകളുടെ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

47. നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള ബി.എസ്.എൻ.എൽ., റിലയൻസ് ഇൻഫോകോം എന്നീ കമ്പനികൾക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി വസ്തുനികുതി കുടിശ്ശിക ഈടാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

മൊബൈൽ ഫോൺ ടവറുകൾ - അനുബന്ധ കെട്ടിടങ്ങളുടെ വസ്തുനികുതി - വൻതുക കുടിശ്ശിക

(പെരിന്തൽമണ്ണ നഗരസഭ 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1)

നഗരസഭാ പ്രദേശത്ത് നിലവിലുള്ള മൊബൈൽ ഫോൺ ടവറുകളുടെ അനുബന്ധ കെട്ടിടങ്ങളുടെ 31.03.2017 വരെയുള്ള വസ്തുനികുതി വിവരം 02/03.11.2017 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ലഭ്യമായത് താഴെ കൊടുക്കുന്നു.

ക്രമ നം	മൊബൈൽ കമ്പനിയുടെ പേര്, മേൽവിലാസം	കെട്ടിട നമ്പർ	നിർണ്ണയിക്കപ്പെട്ട വസ്തു നികുതി & എൽ.സി. (അർദ്ധ വർഷം)			2016-17 ൽ ഈടാക്കിയ വസ്തു നികുതി	31.03.17 വരെ ഈടാക്കാൻ ശേഷിക്കുന്ന നികുതി	കുടിശ്ശികയുടെ അർദ്ധ വർഷം തിരിച്ച വിവരം
			വസ്തു നികുതി	എൽ.സി	ആകെ			
1	ഐഡിയ സെല്ലുലാർ	10/ 147/8	10,275	514	10,789	00	2,04,991	2007-08II to 2016-17II
2	ഭാരതി എയർടെൽ ലി., കടവന്ത്ര.	8/ 57/1	3,000	150	3,150	00	56,700	2008-09 I to 2016-17II
3	ഐഡിയ സെല്ലുലാർ, രവിപുരം.	18/ 791/86A	5,000	250	5,250	00	63,000	2011-12 I to 2016-17II
4	റിലയൻസ് ഇൻഫ്രാ ടെൽ.ലി., കടവന്ത്ര.	21/ 277/14	6,250	313	6,563	00	65,630	2012-13 I to 2016-17II
5	റിലയൻസ് ജിയോ ഇൻഫോ കോം	18/ 383/14	600	30+ SC 60	690	1,380	00	------
6	ഭാരതി എയർ ടെൽ ലി.	22/205/ 10	5,000	250	5,250	10,500	00	------
7	ഹച്ചിസൺ എസ്സാർ ലി.	22/365/ 10	3,375	169	3,544	00	49,616	2010-11 I to 2016-17II
8	അമേരിക്കൻ ടവർ കോർപ്പറേഷൻ	22/ 353/A	6,375	319	6,694	66,940	00	-----
9	ഇൻഡസ് ടവേഴ്സ്	4/ 866/7	5,475	274	5,749	00	1,09,231	2007-08II to 2016-17II
10	റിലയൻസ് ജിയോ ഇൻഫോ കോം	5/193/21	2,903	146+ SC 290	3,339	13,756	00	-----
						ആകെ	5,49,168	

ലഭിക്കാനുള്ള നികുതിയിൽ വലിയൊരു ഭാഗം നിയമപരമായി ഡിമാന്റ് ചെയ്യാൻ കഴിയാത്തതായിട്ടുണ്ട്. മൊബൈൽ ടവർ കെട്ടിടങ്ങളുടെ വസ്തുനികുതി തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങളിൽ ഒടുക്കവരുത്തുന്നതിൽ ബന്ധപ്പെട്ട കമ്പനികൾ വീഴ്ച വരുത്തുന്നത് പതിവാക്കിയിട്ടുണ്ട്. ടവർ സ്ഥാപിക്കുന്ന വസ്തുവിന്റെ ഉടമയിൽ നിന്നും പാട്ടത്തിന് എടുത്ത ഭൂമിയിൽ, വിദൂര പട്ടണങ്ങളിലെ ഓഫീസ് മേൽവിലാസം നൽകി നിർമ്മാണ പെർമിറ്റിന് അപേക്ഷിക്കുന്ന ഈ കമ്പനികൾ പിന്നീട് മേൽവിലാസം മാറ്റുകയും പ്രസ്തുത വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അറിയിക്കാതിരിക്കുകയും ചെയ്യുന്നു. ആയതിനാൽ വസ്തുനികുതി ഡിമാന്റ് നോട്ടീസുകൾ ബന്ധപ്പെട്ട കമ്പനികൾ കൈപ്പറ്റാതെ തിരിച്ചു വരുന്നതും പതിവാണ്.

കൃത്യമായി നികുതി വസൂലാക്കുന്നതിനും വസ്തുനികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന കമ്പനികളുടെ ടവറുകളുടെ പ്രവർത്തനം തടയുന്നതിനും നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

നഗരസഭയുടെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന മുഴുവൻ മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വസ്തുനികുതി കൃത്യമായി ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതും നികുതി ഒടുക്കാത്ത അനധികൃതമായുള്ളവ അടച്ചുപൂട്ടുന്നതിനുമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.10.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

48. പ്രസ്തുത പരാമർശത്തിൽ സൂചിപ്പിക്കുന്ന നികുതി കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്ന 10 മൊബൈൽ ടവറുകൾക്ക് 29-11-2023-ൽ നോട്ടീസ് നൽകിയതിന്റെ ഫലമായി ഐഡിയ സെല്ലുലാർ, അമേരിക്കൻ ടവർ കോർപ്പറേഷൻ എന്നീ കമ്പനികൾ കുടിശ്ശിക തുക അടച്ച് തീർത്തിട്ടുണ്ടെന്നും ബാക്കിയുള്ള 8 കമ്പനികൾക്കെതിരെ റവന്യൂ റിക്കവറി നടപടി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് 30-08-2024-ന് ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും ഓൺലൈൻ പോർട്ടൽ മുഖേന റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ടെന്നും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി സെക്രട്ടറി ബോധിപ്പിച്ചു. കുടിശ്ശിക തുക ഈടാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

49. റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ടെന്ന പെരുന്തൽമണ്ണ മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി കുടിശിക തുക ഈടാക്കി റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

മുൻകൂർ തുക കൈപ്പറ്റിയിട്ടും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നില്ല

(മാറാക്കര ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15)

ഉറവിടങ്ങളിൽ വെച്ച് തന്നെ മാലിന്യങ്ങൾ സംസ്കരിക്കുകയെന്ന ലക്ഷ്യത്തോടെ 2016-17-ൽ വി.ഇ.ഒ.ക്ക് നിർവ്വഹണ ചുമതല നൽകിയ പ്രോജക്ടാണ് 'വ്യക്തികൾക്ക് ബയോ ഗ്യാസ് പ്ലാന്റ്' (പ്രോജക്ട് നമ്പർ SO208/17). യൂണിറ്റൊന്നിന് 10,500/- രൂപ ചെലവ് വരുന്ന 112 ബയോഗ്യാസ് യൂണിറ്റുകൾ സ്ഥാപിച്ച് നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. മേൽ പ്രോജക്ടിന്റെ ധനകാര്യ വിശകലനം ചുവടെ കൊടുക്കുന്നു.

- വികസന ഫണ്ട് - 10,000
- ശുചിത്വ മിഷൻ ഫണ്ട് - 5,60,000
- ബ്ലോക്ക് വിഹിതം - 3,00,000
- ഗുണഭോക്തൃ വിഹിതം - 3,10,000
- ആകെ (രൂപ) - 11,80,000

ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഐ.ആർ.ടി.സി-യുമായി 31.03.2017 ന് വി.ഇ.ഒ ഒപ്പ് വെച്ച കരാറുടമ്പടി പ്രകാരം യഥാസമയം ഗുണഭോക്തൃ ലിസ്റ്റും മുൻകൂർതുകയും നൽകുന്ന മുറക്ക് 3 മാസത്തിനകം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. പദ്ധതിക്കായി 112 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും 89 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളത്. ഈയിനത്തിൽ ഒരു ഗുണഭോക്താവിൽ നിന്നും 3,000/- രൂപ വീതം ആകെ 2,67,000/- രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്.

31.03.2017-ലെ 6/16-17 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 10,000/- രൂപയും 31.03.2017-ലെ 84109 നമ്പർ ചെക്ക് പ്രകാരം ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച 2,25,200/- രൂപയും ഐ.ആർ.ടി.സി-ക്ക് കൈമാറിയെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല. പ്രവൃത്തി ആരംഭിക്കാനുള്ള കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് 01.08.2017-ന് നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ ഈ പദ്ധതി തയ്യാറാക്കുമ്പോൾ സബ്സിഡി 10% ആയിരുന്നെന്നും നിർവ്വഹണം നടത്തുന്ന സമയമായപ്പോൾ സബ്സിഡി നിരക്ക് മാറുകയും തൽഫലമായി ഗുണഭോക്താക്കൾ കൊഴിഞ്ഞു പോവുകയുമാണ് ഉണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി നിലവിൽ വന്നത് മൂലമുള്ള സാങ്കേതിക കാരണങ്ങളാലാണ് ബയോഗ്യാസ് പ്ലാന്റുകൾ എത്താൻ വൈകിയതെന്നും

05.08.2017-ന് 40 യൂണിറ്റുകൾ ഐ.ആർ.ടി.സി ഗുണഭോക്താക്കൾക്ക് എത്തിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

16.11.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്)362/2013-ലും 11.01.2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/2016-ലും ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് 75% സബ്സിഡി അനുവദിക്കാനാണ് നിർദ്ദേശമുള്ളത്. അതുകൊണ്ട്തന്നെ നിർവ്വഹണം നടത്തുന്ന സമയമായപ്പോൾ സബ്സിഡി നിരക്ക് മാറി എന്ന വി.ഇ.ഒ - യുടെ മറുപടി തെറ്റിദ്ധാരണാജനകമാണ്. 31.03.2017 ന് മുൻകൂർ തുക കൈപ്പറ്റിയ ഐ.ആർ.ടി.സി 01.07.2017 ന് നിലവിൽ വന്ന ജി.എസ്.ടി - യുടെ പേരിൽ സാങ്കേതിക തടസ്സമെന്ന വാദം ഉന്നയിക്കുന്നതും ശരിയല്ല. ഗുണഭോക്താക്കൾ കൊഴിഞ്ഞുപോയ സ്ഥിതിക്ക് മുൻകൂർ തുക ആനുപാതികമായി മാത്രമേ നൽകേണ്ടതുള്ളൂ. മുൻകൂറായി 2,35,000/- കൈപ്പറ്റി 4 മാസം കഴിഞ്ഞിട്ടും 89 യൂണിറ്റുകൾ സ്ഥാപിക്കേണ്ട സ്ഥാനത്ത് 40 യൂണിറ്റുകൾ ഉടൻ സ്ഥാപിക്കുന്നതാണെന്ന മറുപടിയും അംഗീകരിക്കാവുന്നതല്ല. മുഴുവൻ പ്ലാന്റുകളും സ്ഥാപിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 2,35,000/- രൂപയുടെ ചെലവ് ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.10.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

50. ഉറവിടത്തിൽത്തന്നെ മാലിന്യം സംസ്കരിക്കുകയെന്ന ലക്ഷ്യത്തോടെ 2016-17-ൽ വി.ഇ.ഒ.-ക്ക് നിർവഹണ ചുമതല നൽകിയ 'വ്യക്തികൾക്ക് ബയോഗ്യാസ് പ്ലാന്റ്' എന്ന പദ്ധതിയിലെ 112 ബയോഗ്യാസ് പ്ലാന്റുകളിൽ 9 പ്ലാന്റുകൾ സ്ഥാപിക്കാനുള്ളതിൽ 5 എണ്ണം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളതെന്നും എന്നാൽ അതുസംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ലെന്നും സമിതി മുമ്പാകെ ഹാജരായി വിവരങ്ങൾ ബോധിപ്പിക്കണമെന്നാവശ്യപ്പെട്ട് വി.ഇ.ഒ.-ക്ക് കത്ത് കൊടുത്തിരുന്നെങ്കിലും 6 ദിവസമായി വി.ഇ.ഒ. ലീവിലാണെന്നും യോഗത്തിന് ഹാജരായിട്ടില്ലെന്നും മാറാക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

51. 5 ബയോഗ്യാസ് പ്ലാന്റുകൾ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കാമായിരുന്നില്ലേ എന്ന സമിതിയുടെ ചോദ്യത്തിന്, 11-09-2024-നാണ് താൻ ചാർജ് എടുത്തതെന്ന് മാറാക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

52. ഓഡിറ്റ് വിഭാഗത്തിന് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞു. യൂണിറ്റൊന്നിന് 10,500/- രൂപ ചെലവ് വരുന്ന 112 ബയോഗ്യാസ് യൂണിറ്റുകൾ സ്ഥാപിച്ച് നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതെന്നും ഓഡിറ്റിന്റെ പരിശോധനാ വേളയിൽ 112 എണ്ണത്തിൽ 88 ബയോഗ്യാസ് യൂണിറ്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുണ്ടായിരുന്നതെന്നും തുടർന്നുള്ള വർഷങ്ങളിൽ റിവ്യൂ നടത്തിയപ്പോൾ 9 ബയോഗ്യാസ് യൂണിറ്റുകളാണ് സ്ഥാപിക്കാനുണ്ടായിരുന്നതെന്നും സമിതി യോഗത്തിൽ വിവരങ്ങൾ നൽകുന്നതിനുവേണ്ടി പ്രാദേശിക പരിശോധന നടത്തിയതിന്റെ ഫലമായി 9 പ്ലാന്റുകളിൽ 6 എണ്ണം സ്ഥാപിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്നും 3 എണ്ണം അവിടെ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മലപ്പുറം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ വിശദീകരിച്ചു. ഇതുസംബന്ധിച്ച് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

53. സ്ഥാപിക്കാനുണ്ടായിരുന്ന 9 ബയോഗ്യാസ് യൂണിറ്റുകളിൽ 6 എണ്ണം സ്ഥാപിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്നും 3 എണ്ണം ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയെന്നും ഓഡിറ്റ് വകുപ്പ് മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ സമിതി മുമ്പാകെ വിശദീകരിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം - ലക്ഷ്യം കൈവരിച്ചില്ല

(മലപ്പുറം ജില്ലാപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-52)

2014-15 കാലയളവിൽ ആരംഭിച്ച വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണ പ്രവൃത്തിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 2016-17 വർഷം പ്ലാൻ വിഹിതം 4,66,202/- രൂപ വകയിരുത്തി 23/17 നമ്പർ സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. ബിൽ നമ്പർ 22/14.02.2017 പ്രകാരം പദ്ധതിക്കായി 1,28,832/- രൂപ പിൻവലിച്ചിട്ടുണ്ട്. ഫയൽ G3-2813/14 പരിശോധിച്ചതിൽ താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

- 2014-15 വർഷമാണ് ഉപകരണങ്ങൾ സ്ഥാപിക്കൽ എന്ന പ്രോജക്ട് ആരംഭിക്കുന്നത്. ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിലവിൽ ഏതെങ്കിലും പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

- പ്രവൃത്തി കോസ്റ്റ് ഫോർഡ് മുഖേനയാണ് നിർവഹിച്ചത്. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 4(32)/30.12.2014 തീരുമാന പ്രകാരമാണ് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതും കോസ്റ്റ്ഫോർഡിനെ ഏൽപ്പിക്കുന്നതും. കരാർ പ്രകാരം ആറ് മാസമാണ് പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലാവധി. കോസ്റ്റ് ഫോർഡ് ലഭ്യമാക്കിയ രേഖകൾ പ്രകാരം പണി പൂർത്തിയാവുന്നത് 07.06.2016 നാണ്. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നത് എന്തുകൊണ്ട് എന്ന് വ്യക്തമല്ല. നിയമ പ്രകാരമുള്ള ഫൈൻ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

- കോസ്റ്റ് ഫോർഡിന് അനുവദിച്ച തുകയിൽ നിന്ന് കുറവ് ചെയ്ത വാറ്റ്, ആദായ നികുതി, വെൽഫയർ ഫണ്ട് എന്നിവ അടവാക്കുന്നതിന് മാത്രമായാണ് 23/17 നമ്പർ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു. വാറ്റ്, ആദായ നികുതി എന്നിവ അടവാക്കിയ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ വെൽഫയർ ഫണ്ട് അടവാക്കിയ വിവരം ലഭ്യമല്ല.

- ശ്മശാനത്തിലേക്ക് നിലവിൽ വൈദ്യുതി ലൈൻ ഇല്ലെന്നും, ഇലക്ട്രിക്കൽ വർക്കുകൾ ചെയ്തിട്ടില്ല എന്നും, സ്ഥലത്ത് വെള്ള ലഭ്യതയില്ല എന്നും, ഇവ ഉറപ്പ് വരുത്തിയാലല്ലാതെ പ്ലാന്റ് പ്രവർത്തിപ്പിക്കുക അസാധ്യമാണ് എന്നും കോസ്റ്റ് ഫോർഡ് തന്നെ ജില്ലാ പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ സൗകര്യങ്ങൾ ഒരുക്കിയത് സംബന്ധിച്ച വിവരങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

കൃത്യമായ സാധ്യതാപഠനം, ആസൂത്രണം, മുന്നൊരുക്കം എന്നിവയുടെ അഭാവം പദ്ധതിയുടെ പരാജയത്തിന് കാരണമായി. വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് വയ്ക്കുന്നു. (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.10.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

54. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നിർവഹണം നടത്തിയ വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം വണ്ടൂർ ഗ്രാമപഞ്ചായത്തിന് ഔദ്യോഗികമായി കൈമാറുകയും ഗ്രാമപഞ്ചായത്ത് ബൈലോ തയ്യാറാക്കി പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ടെന്നും അതിനുശേഷം 4 മൃതദേഹങ്ങൾ സംസ്കരിച്ചിട്ടുണ്ടെന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. ആദ്യകാലങ്ങളിൽ പ്രാദേശികമായും സാങ്കേതികമായും ഉണ്ടായ തടസ്സങ്ങൾ കാരണം ക്രിമറ്റോറിയം പ്രവർത്തനസജ്ജമാക്കുന്നതിനും പഞ്ചായത്തിന് കൈമാറിയപ്പോൾ ഏറ്റെടുക്കുന്നതിനും ബൈലോ തയ്യാറാക്കി നിർവഹണത്തിലേക്ക് കൊണ്ടുവരുന്നതിനും

കാലതാമസം ഉണ്ടായിട്ടുണ്ടെന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു. ക്രിമറ്റോറിയം പഞ്ചായത്തിന്റെ ആസ്തിയായി മാറിയ സാഹചര്യത്തിൽ ചുറ്റുമതിൽ നിർമ്മാണത്തിന് പഞ്ചായത്ത് പ്രത്യേക ഫണ്ട് വകയിരുത്തണമെന്ന് നിർദേശിച്ചിട്ടുണ്ടെന്ന് സെക്രട്ടറി വ്യക്തമാക്കി.

55. ശ്മശാനത്തിന്റെ ചുറ്റുമതിൽ ജില്ലാ പഞ്ചായത്തിന് നിർമ്മിച്ചുനൽകാൻ കഴിയില്ലേ എന്ന സമിതിയുടെ ചോദ്യത്തിന്, ശ്മശാനം പഞ്ചായത്തിന്റെ ആസ്തിയായതിനാൽ അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്തം പഞ്ചായത്തിനാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ മറുപടി നൽകി. ചുറ്റുമതിൽ കെട്ടുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതം ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചാൽ നടപടി സ്വീകരിക്കാമെന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഉറപ്പു നൽകി.

56. പ്രസ്തുത വിഷയം വളരെ ഗൗരവമേറിയതാണെന്നും ശ്മശാനത്തിനാവശ്യമായ എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ട സമിതി, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

57. വണ്ടൂർ ഗ്യാസ് ശ്മശാനത്തിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് നിരീക്ഷണങ്ങൾ

സമകാലീന ഓഡിറ്റ് സംവിധാനം നിലവിലുള്ള 17 നഗരസഭകളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

(a) വിവര വിജ്ഞാപന വ്യാപനം

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതകളും പ്രവൃത്തി എടുക്കുന്നവർക്ക് പദ്ധതിയുടെ ഭാഗമായി ലഭ്യമാകുന്ന അവകാശങ്ങളും സംബന്ധിച്ച് നഗരസഭയിലെ

ജനങ്ങൾക്കിടയിൽ ശരിയായ രീതിയിലുള്ള അവബോധം സൃഷ്ടിക്കാൻ വ്യാപകമായ പ്രചരണം ആവശ്യമാണ്. മിക്ക നഗരസഭകളിലും ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ/വ്യക്തികളുടെ എണ്ണം വളരെ കുറവാണ്. പരിശോധന നടത്തിയ 17 നഗരസഭകളിൽ 31.12.2017 വരെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം 54154 ഉം തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം 18372 ഉം മാത്രമാണ്. (പട്ടിക 1) ഇതിൽനിന്നും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ ശരിയായ രീതിയിൽ അവബോധം സൃഷ്ടിക്കാൻ നഗരസഭകൾക്ക് സാധിച്ചിട്ടില്ല എന്നും നഗരസഭകൾ കൈക്കൊണ്ട വിവര വിജ്ഞാപന വ്യാപന പ്രവൃത്തികൾ ഫലപ്രദമായിട്ടില്ല എന്നുമാണ് വ്യക്തമാകുന്നത്.

(b) ആസൂത്രണം

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് ഏറ്റവും പ്രധാനമാണ് ആസൂത്രണ പ്രക്രിയ എന്നും ഓരോ നഗരസഭയും ഓരോ സാമ്പത്തികവർഷവും ഡിസംബർ 31 ന് മുമ്പേ തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട് എന്നും മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പരിശോധന നടത്തിയ 17 നഗരസഭകളിൽ ഭൂരിഭാഗവും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ശരിയായ ആസൂത്രണ പ്രക്രിയ നടത്തിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. 2010-11 മുതൽ 2017-18 (31.12.17) വരെയുള്ള കാലയളവിൽ പല വർഷങ്ങളിലും നഗരസഭകൾ വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കിയിട്ടില്ല (പട്ടിക 4). തയ്യാറാക്കിയ വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തന്നെ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തവയാണ്. വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടില്ല എന്നും കാണുന്നു. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ശരിയായ രീതിയിലുള്ള ആസൂത്രണം നടക്കുന്നില്ല എന്നാണ് ഇവയിൽ നിന്ന് വ്യക്തമാകുന്നത്.

(c) രജിസ്ട്രേഷനും, തൊഴിൽ കാർഡും, തൊഴിൽ നൽകലും

പരിശോധന നടത്തിയ 17 നഗരസഭകളിൽ 2010-11 മുതൽ 31.12.2017 വരെ ഈ പദ്ധതിയിൽ ആകെ 54154 പേർ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ തന്നെ 36839 പേർക്ക് മാത്രമേ തൊഴിൽ കാർഡ് അനുവദിച്ചിട്ടുള്ളൂ. 31.12.2017 വരെ ആകെ 18372 പേർ മാത്രമാണ് തൊഴിലിന് അപേക്ഷിച്ചിട്ടുള്ളത്. നാളിതുവരെ 275086 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കപ്പെട്ടത്. ആകെ 261 കുടുംബങ്ങൾക്ക് മാത്രമാണ് തൊഴിൽ ലഭിച്ചിട്ടുള്ളത് (പട്ടിക 1).

ഇതിൽനിന്നും നഗരസഭകൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിലും തൊഴിൽകാർഡ് വിതരണം ചെയ്യുന്നതിലും തൊഴിൽ നൽകുന്നതിലും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു.

(d) പ്രവൃത്തികൾ

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിക്കപ്പെട്ട തൊഴിലുകൾക്ക് പുറമെ ശുചിത്വ പരിപാലനവും, സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ വേണ്ടി നടത്തുന്ന സർവ്വേ പ്രവർത്തനങ്ങളും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. പദ്ധതി പ്രകാരം 31.12.2017 വരെ 275086 തൊഴിൽ ദിനങ്ങളുള്ളതും ₹5,62,35,721.20/- ചെലവ് വരുന്നതുമായ പ്രവൃത്തികൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ (പട്ടിക 1,2). നടപ്പിലാക്കിയ പ്രവൃത്തികളിൽ തന്നെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രവൃത്തിസ്ഥലത്ത് വേണ്ടതായ രേഖകൾ സൂക്ഷിക്കുന്നതിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലും നഗരസഭകൾ മതിയായ ശ്രദ്ധ ചെലുത്തുന്നില്ല.

(e) വേതനം

31.12.2017 വരെ പരിശോധന നടത്തിയ 17 നഗരസഭകളിലുമായി 275086 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. 31.12.2017 വരെയുള്ള പദ്ധതി ചെലവ് (വേതനമിനത്തിലും സാധനമിനത്തിലും കൂടിയുള്ള ആകെ ചെലവ്) ₹5,62,35,721.20/- മാത്രമാണ്. വേതന വിതരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

(f) ഫണ്ട് (നഗരസഭാതലം)

പരിശോധന നടത്തിയ 17 നഗരസഭകളിലും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി ഫണ്ട് സൂക്ഷിക്കുന്നതിന് പൊതുമേഖലാ ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 31.12.2017 വരെ 17 നഗരസഭകൾക്കുംകൂടി ഈ പദ്ധതിയിൽ 10,77,31,711/- രൂപ സർക്കാർ അനുവദിക്കുകയും ഇതിൽ 8,00,71,027.26/- രൂപ നഗരസഭകൾ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആകെ ചെലവിൽ 2,28,25,306.60/- രൂപ ഭരണചെലവും 5,62,35,721.20/- രൂപ പദ്ധതി ചെലവുമാണ്. അതായത് ആകെ ചെലവിന്റെ 26.91% ഭരണചെലവാണ് (പട്ടിക 2). വരവ്-ചെലവ് കണക്കുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

- മിക്ക നഗരസഭകളും നടത്തുന്ന ചെലവ് വിവരങ്ങൾ അടുത്ത കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നില്ല.

- ചെലവുകൾ അംഗീകരിച്ച നഗരസഭാ കൗൺസിൽ യോഗത്തിന്റെ മിനുട്സ്, മേഖലാ ജോയിന്റ് ഡയറക്ടർക്ക് അയച്ചുകൊടുത്തതായി കാണുന്നില്ല.

(g) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ മിക്ക നഗരസഭകളിലും 2017-18 മുതൽ സൂക്ഷിച്ചുവരുന്നുണ്ട്. എന്നാൽ പാലക്കാട് നഗരസഭയിൽ പദ്ധതിയുമായി ബന്ധപ്പെട്ട യാതൊരു രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

(h) പദ്ധതി ദിശാഗതി നിയന്ത്രണവും വിലയിരുത്തലും (മോണിറ്ററിംഗ്)

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയ മിക്ക നഗരസഭകളിലും മോണിറ്ററിംഗ് കാര്യക്ഷമമല്ല എന്ന് കാണുന്നു. മിക്ക നഗരസഭകളിലും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് നടക്കുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാത്ത നഗരസഭകളും നിലവിലുണ്ട്. നഗരസഭാതലത്തിൽ 100% പ്രവൃത്തികളും മോണിറ്റർ ചെയ്യാൻ കഴിയുംവിധം നഗരസഭാ ഉദ്യോഗസ്ഥരെയും നഗരസഭകൾക്കായി കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും മിക്ക നഗരസഭകളും ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

(i) വിവരാവകാശ നിയമവും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തലും

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പൊതുജനങ്ങൾ ആവശ്യപ്പെടാതെ തന്നെ പ്രസിദ്ധപ്പെടുത്തേണ്ടതാണ് എന്ന സർക്കാർ നിബന്ധന പരിശോധന നടത്തിയ 17 നഗരസഭകളിൽ കൊല്ലം, തിരുവല്ല, പെരുമ്പാവൂർ എന്നിവ ഒഴികെയുള്ള നഗരസഭകളൊന്നും തന്നെ പാലിച്ചിട്ടില്ല (പട്ടിക 3).

(j) സുതാര്യതയും അക്കൗണ്ടബിലിറ്റിയും സോഷ്യൽ ഓഡിറ്റും

പെരുമ്പാവൂർ നഗരസഭ ഒഴികെ മറ്റ് നഗരസഭകളൊന്നുംതന്നെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പൗരവകാശരേഖ പ്രസിദ്ധീകരിക്കുകയോ സോഷ്യൽഓഡിറ്റ് നടത്തുകയോ ചെയ്തിട്ടില്ല (പട്ടിക 3).

പട്ടിക – 1

തൊഴിൽ ആവശ്യപ്പെട്ട വ്യക്തികൾ/ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ

ക്രമ നം	മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര്	31.12.17 വരെ രജിസ്റ്റർ ചെയ്ത വ്യക്തികൾ	31.12.17 വരെ അനുവദിച്ച തൊഴിൽ കാർഡുകൾ	31.12.17 വരെ തൊഴിൽ ആവശ്യപ്പെട്ട വ്യക്തികൾ	31.12.17 വരെ തൊഴിൽ ലഭിച്ചവർ	31.12.17 വരെ 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	31.12.17 വരെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ

1	തിരുവനന്തപുരം	12,167	12,167	2,354	3,276	0	24,185
2	കൊല്ലം	4,800	4,537	2,120	2,120	0	18,528
3	കൊച്ചി	1,310	1,310	919	919	0	15,236
4	തൃശ്ശൂർ	2,222	2,201	615	615	214	39,275
5	കോഴിക്കോട്	5,171	2,786	1,480	1,480	0	8,911
6	കണ്ണൂർ	488	61	61	61	0	847
7	ആലപ്പുഴ	15,649	4,937	4,639	4,639	0	11,420
8	കോട്ടയം	2,480	1,515	2,471	1,653	0	26,070
9	ചങ്ങനാശ്ശേരി	713	415	999	999	32	29,061
10	തിരുവല്ല	2,102	1,499	708	1,699	8	23,596
11	ആലുവ	182	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	0	8,738
12	പെരുമ്പാവൂർ	26	26	194	194	7	1,854
13	പാലക്കാട്	1,664	1,664	ലഭ്യമല്ല	ലഭ്യമല്ല	0	49,612
14	തിരൂർ	434	434	802	802	0	7,961
15	വടകര	3,733	2,597	710	710	0	5,618
16	തലശ്ശേരി	375	350	0	0	0	0
17	കാസർഗോഡ്	638	450	300	284	0	3,994
	ആകെ	54,154	36,839	18,372	19,451	261	2,75,086

പട്ടിക – 2

31.12.2017 വരെയുള്ള ആകെ അലോട്ട്മെന്റ്/ചെലവ് വിവരങ്ങൾ

ക്രമ നം	മുനിസിപ്പാലിറ്റി /കോർപ്പറേഷന്റെ പേര്	31.12.2017 വരെയുള്ള ആകെ അലോട്ട്മെന്റ്	31.12.2017 വരെയുള്ള ചെലവ്		
			31.12.2017 വരെയുള്ള ആകെ ഭരണ ചെലവ്	31.12.2017 വരെയുള്ള ആകെ പദ്ധതി ചെലവ്	31.12.2017 വരെയുള്ള ആകെ ചെലവ്
1	തിരുവനന്തപുരം	89,65,000.00	18,83,447.00	44,03,329.00	62,86,776.00
2	കൊല്ലം	52,30,679.00	6,17,026.00	40,13,908.00	46,30,934.00
3	കൊച്ചി	1,15,05,625.00	11,66,898.40	22,57,227.20	34,24,125.60

4	തൃശ്ശൂർ	1,10,68,800.00	11,42,272.00	92,06,183.00	1,03,48,455.00
5	കോഴിക്കോട്	80,00,000.00	16,79,990.00	19,13,229.00	35,93,219.00
6	കണ്ണൂർ	7,00,075.00	5,45,210.00	1,54,581.00	6,99,791.00
7	ആലപ്പുഴ	87,52,213.00	17,26,153.30	14,59,358.00	31,85,511.30
8	കോട്ടയം	81,50,371.00	11,94,532.00	65,93,305.00	77,87,837.00
9	ചങ്ങനാശ്ശേരി	83,26,935.00	14,66,788.00	75,67,236.00	90,34,024.00
10	തിരുവല്ല	1,00,50,000.00	20,82,410.00	48,66,060.00	69,48,470.00
11	ആലുവ	35,15,875.00	4,93,978.35	8,17,116.00	13,11,094.35
12	പെരുമ്പാവൂർ	24,24,000.00	13,73,937.11	35,18,629.00	48,92,566.11
13	പാലക്കാട്	57,00,000.00	8,60,598.00	51,51,830.00	60,12,428.00
14	തിരൂർ	40,61,000.00	11,85,112.00	16,18,510.0	28,03,622.00
15	വടകര	62,45,446.00	15,15,930.00	11,22,208.00	26,38,138.00
16	തലശ്ശേരി	10,92,850.00	4,87,070.90	0	4,87,070.90
17	കാസർഗോഡ്	39,42,842.00	6,54,293.00	8,24,832.00	14,79,125.00
	ആകെ	**10,77,31,711.00**	**2,28,25,306.06**	**5,62,35,721.20**	**8,00,71,027.26**

പട്ടിക – 3

പൗരാവകാശ രേഖ/സോഷ്യൽ ഓഡിറ്റ്/വിവരാവകാശ നിയമം – നടപ്പിലാക്കിയതിന്റെ വിവരം

ക്രമ നം	മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര്	പൗരാവകാശ രേഖ തയ്യാറാക്കിയത്	സോഷ്യൽ ഓഡിറ്റ് നടത്തിയത്	വിവരാവകാശ നിയമം നടപ്പിലാക്കിയത്
1	തിരുവനന്തപുരം	X	X	X
2	കൊല്ലം	X	X	✔
3	കൊച്ചി	X	X	X
4	തൃശ്ശൂർ	X	X	X
5	കോഴിക്കോട്	X	X	X
6	കണ്ണൂർ	X	X	X

7	ആലപ്പുഴ	X	X	X
8	കോട്ടയം	X	X	X
9	ചങ്ങനാശ്ശേരി	X	X	X
10	തിരുവല്ല	X	X	✔
11	ആലുവ	X	X	X
12	പെരുമ്പാവൂർ	✔	✔	✔
13	പാലക്കാട്	X	X	X
14	തിരൂർ	X	X	X
15	വടകര	X	X	X
16	തലശ്ശേരി	X	X	X
17	കാസർഗോഡ്	X	X	X

പട്ടിക – 4

നഗരസഭകൾ ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കാത്തതിന്റെ വിവരം കാണിക്കുന്ന പത്രിക

ക്രമ നം	മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര്	തയ്യാറാക്കാത്ത വർഷം
1	തിരുവനന്തപുരം	2010-11, 2015-16, 2016-17
2	കൊച്ചി	2011-12, 2015-16
3	തൃശ്ശൂർ	2012-13, 2015-16
4	കോഴിക്കോട്	2011-12, 2011-12, 2012-13, 2016-17
5	കണ്ണൂർ	2010-11, 2012-13, 2015-16, 2016-17
6	ആലപ്പുഴ	2010-11, 2012-13, 2013-14, 2014-15, 2015-16, 2017-18
7	കോട്ടയം	2010-11, 2012-13
8	ചങ്ങനാശ്ശേരി	2010-11
9	തിരുവല്ല	2010-11, 2011-12, 2012-13
10	ആലുവ	2010-11, 2011-12, 2012-13, 2014-15, 2015-16, 2016-17, 2017-18

11	പാലക്കാട്	2010-11, 2014-15, 2015-16, 2016-17
12	തിരൂർ	2013-14, 2014-15
13	വടകര	2010-11, 2011-12, 2012-13, 2014-15
14	തലശ്ശേരി	2012-13, 2014-15, 2015-16, 2016-17
15	കാസർഗോഡ്	2010-11, 2011-12, 2012-13, 2013-14, 2015-16, 2016-17, 2017-18

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.2.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

58. വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

59. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നത് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളിലൊന്നാണ്. പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിൽ തന്നെ റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കണക്ടിവിറ്റി പ്ലാൻ പ്രധാനമന്ത്രിയുടെ ഗ്രാമീണ സടക് യോജന (പി.എം.ജി.എസ്.വൈ), ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്) എന്നിവയുമായി സംയോജിപ്പിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമായ നിർദ്ദേശമുണ്ടായിട്ടും അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കി ആധികാരികമാക്കാതെയാണ് ഈ മേഖലയിൽ ആസൂത്രണവും നിർവ്വഹണവും നടത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്ന് പോകുന്ന ബ്ലോക്ക്/ജില്ലാപഞ്ചായത്തിന്റെ

അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെ വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു.

വിവിധ ജില്ലകളിലായി സാമ്പിൾ ഓഡിറ്റ് നടത്തിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ജില്ല	പരിശോധന നടത്തിയ സ്ഥാപനങ്ങളുടെ എണ്ണം	കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുള്ളവയുടെ എണ്ണം	കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ലാത്തവയുടെ എണ്ണം
1	തിരുവനന്തപുരം	9		9
2	കൊല്ലം	5		5
3	ആലപ്പുഴ	10		10
4	കോട്ടയം	6		6
5	പത്തനംതിട്ട	4		4
6	എറണാകുളം	5		5
7	തൃശ്ശൂർ	3	1	2
8	പാലക്കാട്	3	1	2
9	മലപ്പുറം	5		5
10	കോഴിക്കോട്	5		5
11	ഇടുക്കി	5		5
12	കണ്ണൂർ	4		4
13	കാസർഗോഡ്	7		7
14	വയനാട്	3		3
	ആകെ	74	2	72

14.07.2007 ലെ സർക്കാർ ഉത്തരവ് (എം.എസ്) 128/17 തസ്വഭവ ഖണ്ഡിക.5.12 ൽ ഗ്രാമ,ബ്ലോക്ക് പഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന എല്ലാ റോഡുകളുടേയും ശൃംഖല തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനത്തിന്റെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

നിയമപരമായി തദ്ദേശഭരണ സ്ഥാപനത്തിൽ ചുമതല നിക്ഷിപ്തമല്ലാത്ത റോഡുകളിൽ പ്രവൃത്തി നടത്തുന്നു

1994 ലെ കേ.പ.രാ. ആക്ടിലെ വകുപ്പ് 172 പ്രകാരം ത്രിതല പഞ്ചായത്തുകൾ റോഡുകളുടെ പരിപാലനം നടത്തേണ്ടത് താഴെ പ്രതിപാദിക്കും വിധമാണ്.

ഗ്രാമപഞ്ചായത്ത് - ഗ്രാമപഞ്ചായത്തിലെ ഗ്രാമീണ റോഡുകളുടെ നിർവ്വഹണവും പരിപാലനവും

ബ്ലോക്ക് പഞ്ചായത്ത് - ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് റോഡുകളുടെയും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളുടെയും പരിപാലനം

ജില്ലാപഞ്ചായത്ത് - മേജർ ജില്ലാ റോഡുകൾ ഒഴികെ ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ ജില്ലാ റോഡുകളുടെയും നിർമ്മാണവും സംരക്ഷണവും. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നിയമം അനുശാസിക്കുന്ന തരത്തിലല്ല വിവിധ റോഡുകളുടെ പരിപാലനം ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

- പൊതുമരാമത്ത് വകുപ്പിന് കൈമാറിയ റോഡുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആസ്തിയായി ഉൾപ്പെടുത്തി ചെലവ് ചെയ്തു.

  അവലോകനം നടത്തിയ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളിൽ ചിലവ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതായും അത്തരം ചില റോഡുകളിൽ നിർമ്മാണ പ്രവൃത്തികൾ ചെയ്തതായും കണ്ടെത്തിയിട്ടുണ്ട്.

- മലപ്പുറം ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്ത റോഡുകളിൽ ചെലവഴിച്ച തുകയുടെ ഉദാഹരണം ചുവടെ ചേർക്കുന്നു.

വർഷം	ഡിവിഷൻ	മറ്റ് റോഡുകൾക്കായി വിനിയോഗിച്ച പ്രോജക്ടുകളുടെ എണ്ണം	ചെലവ് തുക	ഫണ്ടിനം
2012-13	ആതവനാട്	7	21,65,614	മെയിന്റനൻസ് ഗ്രാന്റ് റോഡ്
2012-13	എടപ്പാൾ	3	1,88,679	മെയിന്റനൻസ് ഗ്രാന്റ് റോഡ്
2012-13	ആതവനാട്	4	18,98,004	വികസനഫണ്ട് (ജനറൽ)
2012-13	എടപ്പാൾ	2	9,45,251	വികസനഫണ്ട് (ജനറൽ)

- ബ്ലോക്ക് പഞ്ചായത്തിന്റെ പരിപാലനച്ചുമതലയിൽ പെടാത്ത റോഡുകളിൽ തുക ചെലവഴിച്ചു.

കേരള പഞ്ചായത്ത് രാജ് ആക്ട് 169-ാം വകുപ്പ് പട്ടിക 4 പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റു റോഡുകളും പരിപാലിക്കുകയാണ് ചുമതലയെങ്കിലും ഇതിൽ നിന്നും വിഭിന്നമായി ഒരു പഞ്ചായത്തിൽ മാത്രം ഒതുങ്ങുന്നതും അതേ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ മാത്രമുള്ളതുമായ റോഡുകളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതായി പരിശോധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

മലപ്പുറം ജില്ല – പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്

ക്രമ നം	വർഷം	പദ്ധതിയുടെ പേര്	ഉടമസ്ഥതയുള്ള സ്ഥാപനം	ചെലവ് തുക	ഫണ്ടിനം	നിർമ്മാണത്തിന്റെ സ്വഭാവം
1	2012-13	തൃക്കണാപുരം-കെൽട്രോൺ റോഡ്	തവനൂർ	5,00,000	വികസന ഫണ്ട് (ജനറൽ)	റീ-ടാറിംഗ്
2	2012-13	തവനൂർ-കണ്ടകുളം തൃപ്പല്ലൂർ റോഡ്	തവനൂർ	1,53,488	Special Fund	റീ-ടാറിംഗ്
3	2012-13	കുന്നപള്ളി എസ്.സി. കോളനി റോഡ്	കാലടി	3,25,910	എസ്. സി.പി.	ഫില്ലിംഗ്
4	2014-15	പുലിക്കാട്-കോട്ടപ്പുറം റോഡ്	എടപ്പാൾ	5,00,000	വികസന ഫണ്ട് (ജനറൽ)	റീ-ടാറിംഗ്

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.5.4 (g), (h))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

60. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡ് കണക്ടിവിറ്റി മാപ്പ് ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞു.

61. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്ന ഒരു പദ്ധതിയാണിതെന്നും പദ്ധതി മേയ് മാസം 31-നകം പൂർത്തിയാക്കുമെന്നും മലപ്പുറം ജില്ലയിൽ R-Track-ന്റെ വെരിഫിക്കേഷൻ ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ ബോധിപ്പിച്ചു. R-Track-ന്റെ നടപടിക്രമമനുസരിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ അസിസ്റ്റന്റ് എഞ്ചിനീയർ ട്രാക്ക് ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വെരിഫൈ ചെയ്ത് ബന്ധപ്പെട്ട ഭരണ സമിതി അംഗീകരിക്കണമെന്നും നിലവിൽ ട്രാക്കിംഗും വെരിഫിക്കേഷനും പൂർത്തിയായിട്ടുണ്ടെന്നും ഓരോ പഞ്ചായത്തിലെയും ഭരണസമിതികളുടെ അംഗീകാരം ലഭിക്കേണ്ടതുണ്ടെന്നും ജില്ലയിലെ 36 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേത് ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ കൂട്ടിച്ചേർത്തു. ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി, റിപ്പോർട്ട് ലഭിച്ചതിനുശേഷം പരാമർശം ഒഴിവാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാമെന്ന് അറിയിച്ചു.

നിയമപരമായി തദ്ദേശഭരണ സ്ഥാപനത്തിൽ ചുമതല നിക്ഷിപ്തമല്ലാത്ത റോഡുകളിൽ പ്രവൃത്തി നടത്തുന്നു

62. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

63. മലപ്പുറം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ R-Track നടപടിക്രമങ്ങളുടെ **വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

64. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ നിയമപരമായി തദ്ദേശഭരണ സ്ഥാപനത്തിൽ ചുമതല നിക്ഷിപ്തമല്ലാത്ത റോഡുകളിൽ പ്രവൃത്തി നടത്തുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ

ഓഡിറ്റ് നിരീക്ഷണങ്ങൾ

വിവിധ സർക്കാർ ഏജൻസികളും, പൊതുമേഖലാ സ്ഥാപനങ്ങളും, സർക്കാർ വകുപ്പുകളും മുഖേന നടത്തുന്ന നിക്ഷേപ പ്രവൃത്തികൾ ഏതെല്ലാം വിധത്തിൽ ലക്ഷ്യം കൈവരിക്കാതെ

പോകുന്ന എന്നും ഏതെല്ലാം തലത്തിൽ തടസ്സങ്ങൾ ഉണ്ടാകുന്നുവെന്നും അവലോകന വിധേയമാക്കുകയുണ്ടായി.

എസ്റ്റിമേറ്റുകൾ സ്ഥാപനത്തിലെ സാങ്കേതികവിഭാഗം പരിശോധനാവിധേയമാക്കുന്നില്ല

തദ്ദേശ സ്ഥാപനം/ജില്ല	പ്രോജക്ട് നം./പേര്	വർഷം
പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്/ മലപ്പുറം ജില്ല	172/18-വൈലോങ്ങര ജംഗ്ഷൻമുതൽ വളാഞ്ചേരി റോഡിലേക്ക് പൈപ്പ് ലൈൻ -500000/-	2017-18

വർക്ക് ബില്ല്, എം.ബുക്ക് എന്നിവയുടെ പകർപ്പ് ലഭ്യമാക്കാത്ത തദ്ദേശസ്ഥാപനങ്ങളുടെ വിവരം

സ്ഥാപനം	പ്രോജക്ട് നം.	വർഷം
അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)	219/17	2016-17
പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)	119/17	2016-17

മോണിറ്ററിംഗ് നടത്താത്ത തദ്ദേശസ്ഥാപനങ്ങളുടെ വിവരം

സ്ഥാപനം	പ്രോജക്ട് നം.	വർഷം
നിലമ്പൂർ നഗരസഭ (മലപ്പുറം ജില്ല)	447/17	2016-17
കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് (മലപ്പുറം ജില്ല)	71/17	2016-17

പൂർത്തീകരണ ശേഷം ആസ്തിയുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്ത തദ്ദേശസ്ഥാപനങ്ങളുടെ വിവരം

സ്ഥാപനം	പ്രോജക്ട് നം.	വർഷം
ആനക്കയം ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)	122/16	2015-16
നിലമ്പൂർ നഗരസഭ (മലപ്പുറം ജില്ല)	465/17	2016-17

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.6.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. കേരള വാട്ടർ അതോറിറ്റിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി 5,61,296/- രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നുവെന്നും പ്രവൃത്തി പൂർത്തിയാക്കുകയും 4,71,751/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുകയും ചെയ്തിട്ടുണ്ടെന്നും അവശേഷിക്കുന്ന തുക

ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. ബാക്കി തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും തുക ലഭിച്ചതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദേശിച്ചു.

66. അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ പദ്ധതി പ്രകാരം 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതിക്കായി 20,00,000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഒരാഴ്ചക്കുള്ളിൽ ലഭ്യമാക്കാമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ടെന്നും അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് ബോധിപ്പിച്ചു. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

67. ഗ്രാമപഞ്ചായത്ത് പരിധിയിലെ എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനുവേണ്ടി ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം 5,40,000/- രൂപ മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്തിരുന്നുവെന്നും തുക ടോയ്‌ലെറ്റ് നിർമ്മാണത്തിന് വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രം നിർമ്മിതി കേന്ദ്രം ലഭ്യമാക്കിയിട്ടുണ്ടെന്നും സ്കൂളുകളിൽ നിർമ്മിച്ച ടോയ്‌ലെറ്റുകൾ പ്രവർത്തനക്ഷമമാണെന്നും പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം 5,40,000/- രൂപ ജില്ലാ നിർമ്മിതി കേന്ദ്രത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്യുകയാണുണ്ടായതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. സ്കൂളുകളിൽ നിർമ്മിച്ച 7 ടോയ്‌ലെറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്നും പ്രവൃത്തിയുമായി ബന്ധപ്പെട്ട ചെലവിന്റെ കൃത്യത പരിശോധിക്കാനുള്ള എം. ബുക്ക് ലഭ്യമായിട്ടില്ലെന്നും ഓഡിറ്റ് വകുപ്പ് മലപ്പുറം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തദവസരത്തിൽ സമിതിയെ അറിയിച്ചു.

68. ജില്ലാ നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് തയ്യാറാക്കി അവരുടെ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് പ്രവൃത്തി നടപ്പാക്കുന്നതെന്നും എം.ബുക്ക് തയ്യാറാക്കുന്നതും സൂക്ഷിക്കുന്നതും നിർമ്മിതി കേന്ദ്രമാണെന്നും നിർമ്മിതി കേന്ദ്രത്തിന്റെ സാങ്കേതികവിദ്യ സർക്കാർ

അംഗീകരിച്ചിട്ടുള്ളതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ വിശദമാക്കി. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

69. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ നിലമ്പൂർ നഗരസഭയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

70. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട 5 പദ്ധതികളുടെയും പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിരുന്നില്ലെന്നും വാട്ടർ അതോറിറ്റിയുടെ എടപ്പാളിലുള്ള ഓഫീസിൽനിന്ന് റിപ്പോർട്ട് വാങ്ങിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ Nil Balance എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഒരു പദ്ധതിയിൽ അവശേഷിക്കുന്ന തുക മറ്റൊരു പദ്ധതിയിൽ വിനിയോഗിച്ചതായാണ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതെന്നും 15 ലക്ഷം രൂപ ട്രഷറി ഹെഡിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ബോധിപ്പിച്ചു.

71. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 80,00,155/- രൂപയിൽ 4,30,872/- രൂപയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രങ്ങളാണ് 06-09-2024-ന് നടത്തിയ പ്രാദേശിക പരിശോധനയ്ക്ക് ലഭ്യമാക്കിയതെന്നും പല കേസുകളിലും വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെടുമ്പോൾ ഏത് വർക്കിൽ എത്ര ചെലവഴിച്ചെന്നോ ബാക്കി തുക ഏത് പ്രവൃത്തിയിൽ വിനിയോഗിച്ചെന്നോ വ്യക്തമാക്കാതെ വാട്ടർ അതോറിറ്റി വിനിയോഗ സാക്ഷ്യപത്രം നൽകുന്ന പ്രവണതയാണുള്ളതെന്നുമുള്ള വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മലപ്പുറം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

72. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുമ്പോൾ എത് പ്രവൃത്തിക്കാണ് പണം ചെലവഴിച്ചിട്ടുള്ളതെന്ന് പരിശോധിക്കേണ്ടതല്ലേയെന്നും പദ്ധതി നിർവഹണം പൂർത്തിയായശേഷം അവശേഷിച്ച തുക മറ്റൊരു പ്രവൃത്തിക്കായി വിനിയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്തിന്റെ അനുവാദമില്ലാതെ സാധിക്കുമോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, ഒരു

പദ്ധതിയിൽ അവശേഷിച്ച തുക ഏത് പദ്ധതിക്കുവേണ്ടിയാണ് വിനിയോഗിച്ചതെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശത്തിൽ പ്രതിപാദിക്കുന്ന പ്രവൃത്തി 2016-17 വർഷത്തിൽ നടപ്പാക്കിയതാണെന്നും ഇതുസംബന്ധിച്ച് ഭരണസമിതിയുടെ അംഗീകാരമുണ്ടായിരുന്നോ എന്നതിൽ വ്യക്തതയില്ലെന്നും ഇക്കാര്യം പരിശോധിക്കാമെന്നും കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

73. പൈപ്പ് ലൈൻ പദ്ധതിയിലുൾപ്പെട്ട വാൽച്ചേരി ചാലിൽപാറ റോഡും പൈപ്പ് ലൈനും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ആനക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഇതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

74. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ നിലമ്പൂർ നഗരസഭയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

75. പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്തിരുന്നതിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും തുക ലഭിച്ചതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

76. അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

77. തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് പരിധിയിലെ എയ്ഡഡ് സ്കൂളുകളിൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം ടോയ്‌ലെറ്റ് നിർമ്മിച്ച പ്രവൃത്തിയുമായി ബന്ധപ്പെട്ട ചെലവിന്റെ കൃത്യത പരിശോധിക്കാനുള്ള എം.ബുക്ക് ലഭ്യമായിട്ടില്ലെന്ന പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

78. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, നിലമ്പൂർ നഗരസഭ 447/17-ാം നമ്പർ പ്രോജക്റ്റിൽ മോണിറ്ററിംഗ് നടത്തിയില്ലെന്ന പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

79. കുറ്റിപ്പുറം, ആനക്കയം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

80. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, നിലമ്പൂർ നഗരസഭ 465/17-ാം നമ്പർ പ്രോജക്റ്റിന്റെ പൂർത്തീകരണ ശേഷം ആസ്തിയുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ അനുകരണീയ മാതൃകകളായി ഉൾപ്പെടുത്തിയിട്ടുള്ള പരാമർശങ്ങളിൽ നിന്നും തെരഞ്ഞെടുത്തവ

'ശുചിത്വ മഹത്വം സുജീവിതം' - മാലിന്യ നിർമ്മാർജ്ജനത്തിന് നല്ല മാതൃക

(നന്നംമുക്ക് ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1)

പാഴ്‌വസ്തു നിർമ്മാർജ്ജനം ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ 174/17 നമ്പർ പ്രോജക്റ്റായ 'ശുചിത്വ മഹത്വം സുജീവിതം' പഞ്ചായത്ത് പ്രദേശത്തെ പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ ഉച്ചാടനത്തിന് സഹായകമായ പദ്ധതിയാണ്. പദ്ധതിയുടെ അടങ്കൽ 26,22,500/- രൂപയും (തനത് ഫണ്ട് 42,500/-, ബ്ലോക്ക് പഞ്ചായത്ത് 2,20,000/-), ചെലവ് 2,53,572/- (തനത് ഫണ്ട് 13,572/-, ബ്ലോക്ക് പഞ്ചായത്ത് 2,20,000/-) രൂപയുമായിരുന്നു. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ 2016-17 വർഷം നടപ്പായി.

ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകർ, ക്ലബ്ബുകൾ, സന്നദ്ധ പ്രവർത്തകർ, ആരോഗ്യപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലെയും പൊതു ഇടങ്ങൾ, വീടുകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഇ-മാലിന്യം, പ്ലാസ്റ്റിക്ക് മാലിന്യം തുടങ്ങിയവ ശേഖരിച്ച് കളക്ഷൻ കേന്ദ്രത്തിൽ എത്തിച്ച് മാലിന്യ പരിപാലന ഏജൻസി വഴി പുനരുപയോഗത്തിനും റീ സൈക്കിളിംഗിനുമായി കയറ്റി അയക്കുന്നതിനാണ് ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കിയത്.

വ്യക്തമായ ആസൂത്രണത്തോടെ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ പദ്ധതി വഴി കെട്ടിക്കിടക്കുന്ന മാലിന്യം നിർമാർജ്ജനം ചെയ്യുന്നതിനും പ്ലാസ്റ്റിക്ക് ഇതര മാലിന്യങ്ങളുടെ അളവിൽ വലിയ കുറവ് വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

കേരള സർക്കാരിന്റെ ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ 2016 മെയ് മാസത്തിൽ മഴക്കാല പൂർവ്വ ശുചീകരണത്തോടെയാണ് പദ്ധതി ആരംഭിച്ചത്. പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് 'ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തുടക്കമിട്ടു.

- 2016 ഒക്ടോബർ അവസാന വാരത്തിൽ മാലിന്യ സംസ്കരണവും പുരയിടകൃഷി വികസനവും എങ്ങിനെ പരസ്പരം ബന്ധപ്പെടുത്താം, മാലിന്യം ശാസ്ത്രീയമായി എങ്ങനെ കൈകാര്യം ചെയ്യാം എന്ന വിഷയത്തിൽ ദൃശ്യാവിഷ്കരണ ശിൽപശാല സംഘടിപ്പിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും പദ്ധതിയുടെ പ്രാധാന്യവും ആവശ്യകതയും വ്യക്തമാക്കുകയും ചെയ്തു.
- ഓരോ വാർഡിലും ശരാശരി 4 സോണൽ കമ്മിറ്റികൾ, ഒരു വോളണ്ടിയർക്ക് പത്തു വീടുകൾ എന്ന കണക്കിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ നടത്തുകയും വ്യക്തമായ അവബോധം സൃഷ്ടിക്കുകയും ചെയ്തു.
- സോണൽ കമ്മിറ്റികളിലും വീടുകളിലും ലഘുലേഖകളിലൂടെ പ്രചരണ പ്രവർത്തനങ്ങൾ നടത്തുകയും പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു.

കൂട്ടായ പരിശ്രമങ്ങളിലൂടെയും ആസൂത്രണ മികവിലൂടെയും മാലിന്യ നിർമാർജ്ജന രംഗത്ത് മുന്നേറ്റം നടത്താമെന്നതിന് ഉത്തമോദാഹരണമാണ് 'ശുചിത്വ മഹത്വം സുജീവിതം' എന്ന പേരിൽ നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മാലിന്യനിർമ്മാർജ്ജന പരിപാടി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അദ്ധ്യായം - 4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

81. നിലവിലും മാലിന്യ നിർമ്മാർജ്ജന പരിപാടി തുടരുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, തുടരുന്നുണ്ടെന്ന് നന്നംമുക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നതോടൊപ്പം മാലിന്യ നിർമ്മാർജന പരിപാടി നല്ല രീതിയിൽ തുടരുന്നതിൽ നന്നംമുക്ക് ഗ്രാമപഞ്ചായത്തിനെ സമിതി അഭിനന്ദിക്കുകയും ചെയ്തു.

നിഗമനങ്ങൾ / ശിപാർശകൾ

82. മാലിന്യ നിർമ്മാർജ്ജന രംഗത്ത് അനുകരണിയ മാതൃകയാണ് 'ശുചിത്വ മഹത്വം സുജീവിതം' എന്ന പേരിൽ നന്നംമുക്ക് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ മാലിന്യ നിർമ്മാർജ്ജന പരിപാടി എന്ന് സമിതി അഭിപ്രായപ്പെടുന്നു. നിലവിലും പ്രസ്തുത പരിപാടി നല്ല രീതിയിൽ തുടരുന്നതിൽ നന്നംമുക്ക് ഗ്രാമപഞ്ചായത്തിനെ സമിതി അഭിനന്ദിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് തെരഞ്ഞെടുത്ത പരാമർശങ്ങൾ - ജില്ലാ അടിസ്ഥാനത്തിൽ

കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം – 32 ലക്ഷം രൂപ ചെലവഴിച്ചിട്ടും പ്രവർത്തനക്ഷമമായില്ല.
(കുറവ ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3)

പ്രോജക്ട് - കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം നിർമ്മാണം (SO266/18)

- തനത് ഫണ്ട് - 14,12,559/-
- ചെക്ക് - 3254038 /25.10.2017 തുക 9,25,696/-

ഗ്രാമ പഞ്ചായത്ത് 7-ാം വാർഡ് പടപ്പറമ്പ് ടൗണിൽ ആണ് കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രത്തിന് വേണ്ടി ഇരു നില കെട്ടിടം പണിതിട്ടുള്ളത്. 2013-14 ൽ 15 ലക്ഷം രൂപ വകയിരുത്തി ജില്ലാ പഞ്ചായത്താണ് ഈ കെട്ടിടത്തിന്റെ ഒന്നാം നില പണികഴിപ്പിച്ചത്. തുടർന്ന് 2014-15 വർഷത്തിൽ ബഹു വർഷ പ്രോജക്ടായി 25 ലക്ഷം രൂപ വകയിരുത്തി മുകൾ നില പണിയുന്നതിനും ഫിനിഷിങ്ങ് വർക്കിനുമായി ഗ്രാമ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയതിൽ 2015-16 ലേക്ക് വകയിരുത്തിയ 22,00,000/- രൂപയിൽ 17 ലക്ഷം രൂപയും കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചു.

എന്നാൽ കെട്ടിടത്തിൽ വൈദ്യുതീകരണത്തിനായി നാളിതുവരെയും നടപടി സ്വീകരിച്ചിട്ടില്ല. കെട്ടിടങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വൈദ്യുതീകരണത്തിനും, ജലവിതരണത്തിനും ഉള്ള തുക കൂടി വകയിരുത്തേണ്ടതാണ് എന്ന സർക്കാർ നിർദ്ദേശം നിലവിലുള്ളപ്പോളാണിത്.

കെട്ടിടത്തിന്റെ ഒന്നാം നിലയിൽ (ഗ്രൗണ്ട് ഫ്ലോർ) ആറ് കട മുറികളാണ് ഉള്ളത്. പ്രസ്തുത മുറികളിൽ വെള്ളം, വൈദ്യുതി സൗകര്യങ്ങളൊരുക്കി കുടുംബശ്രീക്ക് യൂണിറ്റ് ആരംഭിക്കുന്നതിന് നൽകുവാൻ നാളിതുവരെ നടപടി കൈക്കൊണ്ടിട്ടില്ല. ഒന്നാം നിലയിലെ റൂമുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് പകരം ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽപ്പോലും

പരാമർശിച്ചിട്ടില്ലാത്ത 12 മുറികളുള്ള മുകളിലത്തെ നില പണി കഴിപ്പിച്ചതിനാലാണ് പദ്ധതി ലക്ഷ്യം കൈവരിക്കാത്തത്.

കെട്ടിടത്തിൽ വെള്ളം, വൈദ്യുതി അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കി കുടുംബശ്രീ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടം നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കാൻ ഗ്രാമപഞ്ചായത്ത് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം - 1 ഓഡിറ്റ് ഖണ്ഡിക 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

83. 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഫണ്ട് വകയിരുത്തി കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും 2021-22-ൽ 3,96,703/- രൂപ ചെലവഴിച്ച് വൈദ്യുതീകരിക്കുകയും കുഴൽക്കിണർ നിർമ്മിക്കുകയും ചെയ്തിട്ടുണ്ടെന്നും ടോയ്‌ലെറ്റിൽ പ്ലംബിംഗ് ജോലികൾ പൂർത്തിയായിട്ടുണ്ടെന്നും ജലം ലഭ്യമാണെന്നും കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. ജില്ലാ ഓഡിറ്റ് വിഭാഗം നടത്തിയ പ്രാദേശിക പരിശോധനയിൽ ജലം ലഭ്യമല്ലെന്നാണ് അറിയിച്ചിരിക്കുന്നതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തദവസരത്തിൽ സൂചിപ്പിച്ചു. ഓഡിറ്റ് വിഭാഗം എന്നാണ് പരിശോധന നടത്തിയതെന്ന സമിതിയുടെ ചോദ്യത്തിന്, 06-09-2024-ൽ നടത്തിയ പ്രാദേശിക പരിശോധനയിലാണ് പ്രസ്തുത കെട്ടിടത്തിലെ ടോയ്‌ലെറ്റുകളിൽ ജലം ലഭ്യമല്ലെന്ന് ബോധ്യപ്പെട്ടതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മലപ്പുറം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

84. ടോയ്‌ലെറ്റിൽ ജലലഭ്യതയ്ക്കുള്ള കണക്ഷൻ കൊടുത്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, 2024 സെപ്റ്റംബർ 30-ാം തീയതി കണക്ഷൻ കൊടുക്കുമെന്ന് കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കണക്ഷൻ നൽകി ജലം ലഭ്യമാക്കിയതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

85. പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിലെ ടോയ്‌ലെറ്റുകളിൽ ജലം ലഭ്യമല്ലെന്ന് ഓഡിറ്റ് വകുപ്പ് സമിതി മുമ്പാകെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കുറുവ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രത്തിന് വേണ്ടി പണിതിട്ടുള്ള കെട്ടിടത്തിലെ ടോയ്‌ലെറ്റിൽ ജലലഭ്യതയുള്ള കണക്ഷൻ നൽകി ജലം ലഭ്യമാക്കിയതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടത്തിൽ അറ്റകുറ്റപ്പണി

(ആലംകോട് ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1)

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള സാംസ്കാരിക നിലയം (മൂന്ന് നില കെട്ടിടം) അറ്റകുറ്റപ്പണി നടത്തുന്നതിന് വേണ്ടി 2,16,250/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിൽ ടൈൽസ്, പെയിന്റിംഗ്, ഹാൻഡ് ഗ്രിൽ, ജനൽ ഷട്ടറുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്ക് വേണ്ടിയാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതേ കെട്ടിടത്തിൽ 2009-10 വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ടൈൽസ് വിരിക്കുന്നതിനും മറ്റു അറ്റകുറ്റ പണികൾക്കുമായി 86,966/- രൂപ ചെലവഴിച്ചിട്ടുണ്ട് (2009-10 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്). അന്ന് മുതൽ ഓഡിറ്റ് തീയതി (24.9.18) വരെ ഗ്രാമ പഞ്ചായത്ത് കെട്ടിടം തനത് ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുകയോ വാടകക്ക് നൽകുകയോ ചെയ്തിട്ടില്ല. 18.9.18 ന് ഓഡിറ്റിന്റെ ഭാഗമായി പ്രവൃത്തി സ്ഥലം നേരിൽ സന്ദർശിച്ചതിൽ കെട്ടിടം ശോചനീയമായ അവസ്ഥയിൽ വൃത്തിഹീനമായി കിടക്കുന്നതായി കണ്ടു. കെട്ടിടത്തിന്റെ താക്കോൽ കെട്ടിടത്തിന്റെ മുൻവശത്ത് വെറ്റില കച്ചവടം നടത്തുന്ന കടക്കാരന്റെ കൈയിൽ നിന്നുമാണ് ലഭ്യമായിട്ടുള്ളത്. മാത്രമല്ല കെട്ടിടത്തിനുള്ളിലേക്കുള്ള വാതിലുകൾ, ജനവാതിലുകൾ എന്നിവ തുറന്നു കിടന്നിരുന്നു. ഇതിലൂടെ വരുന്ന പൊടി, മണ്ണ് എന്നിവ നിറഞ്ഞ് റൂമുകൾ വൃത്തിഹീനമായിട്ടുണ്ട്. തനത് ആസ്തികൾ സംരക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്തിനുണ്ടായ വീഴ്ചയാണിത് വ്യക്തമാക്കുന്നത്. കെട്ടിടം ഗ്രാമ പഞ്ചായത്ത് തലത്തിൽ ഉപയോഗപ്പെടുത്തുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നോ കെട്ടിടം വാടകക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നോ ഇതുവരെ ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല. 2009-10 വർഷ ഓഡിറ്റിന്റെ ഭാഗമായി 23.11.2013 ന് സ്ഥലം നേരിൽ പരിശോധിച്ചപ്പോൾ ടൈൽസ് പൊട്ടിപൊളിഞ്ഞ നിലയിലും വാതിലുകൾ അടയ്ക്കാൻ പറ്റാത്ത നിലയിലുമാണ് കാണപ്പെട്ടത്. പ്രസ്തുത കെട്ടിടം നല്ല രീതിയിൽ ഉപയോഗയുക്തമാക്കുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് 2009-10 വർഷ ഓഡിറ്റ്

റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തി സാമൂഹ്യ വിരുദ്ധർക്ക് വേണ്ടി തുറന്ന കൊടുത്ത അവസ്ഥയിലാണ് കിടക്കുന്നത്. കെട്ടിടം ഇത്രയും വർഷങ്ങളായി ഉപയോഗിക്കാതിരിക്കാനുള്ള കാരണം, വാടകക്ക് നൽകാതിരിക്കാനുള്ള കാരണം, ഉപയോഗിക്കപ്പെടാത്ത കെട്ടിടത്തിൽ പണം ചെലവഴിക്കാനുള്ള കാരണം എന്നിവ ബോധ്യപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ താക്കോൽ പഞ്ചായത്തിൽ സൂക്ഷിക്കാതെ മറ്റുള്ളവരുടെ കൈവശം സൂക്ഷിക്കുന്നതും ക്രമവിരുദ്ധമായ നടപടിയാണ്. കെട്ടിടം ഗ്രാമ പഞ്ചായത്ത് തലത്തിൽ ഉപയോഗപ്പെടുത്തുന്നതിനോ വാടകക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനോ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും അടിയന്തിരമായി നടപടി ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം - 1 ഓഡിറ്റ് ഖണ്ഡിക 2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

86. ആലംകോട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സാംസ്കാരിക നിലയത്തിന് ബസ് സ്റ്റാൻഡിൽനിന്നുള്ള ശബ്ദമലിനീകരണംമൂലം പ്രവർത്തനമാരംഭിക്കുന്നതിന് സാധിച്ചിട്ടില്ലെന്നും പഞ്ചായത്തിന്റെ തനതുവരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടം കച്ചവട സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഒന്നാംനിലയിലും രണ്ടാം നിലയിലുമായി രണ്ട് ഓപ്പൺ ഹാളുകളാണ് ഉള്ളതെന്നും ഒന്നാമത്തെ നിലയിലെ ഹാൾ വാടകയ്ക്ക് നൽകുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും അതിന്റെയടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഭരണസമിതി തീരുമാനമെടുത്ത് ലേലത്തിൽ വയ്ക്കാനായി നിർദേശം നൽകിയിട്ടുണ്ടെന്നും താഴത്തെ കടമുറികളിൽനിന്നായി 30,000/- രൂപ വാടകയിനത്തിൽ പഞ്ചായത്തിന് ലഭിക്കുന്നുണ്ടെന്നും വാടകയ്ക്ക് നൽകിയാൽ പഞ്ചായത്തിന് നഷ്ടം വരില്ലെന്നാണ് മനസ്സിലാക്കുന്നതെന്നും ആലംകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

87. സ്റ്റെയർ റൂമിന് വാടക നൽകാതെ വെറ്റില കച്ചവടം നടത്തുന്നുണ്ടെന്നാണ് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് സമിതി സൂചിപ്പിച്ചപ്പോൾ നേരത്തെ വെറ്റില കച്ചവടം നടത്തിയിരുന്നെങ്കിലും നിലവിൽ കച്ചവടമില്ലെന്ന് ആലംകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. സർക്കാരിന്റെ അനുവാദം ലഭിച്ചിട്ടാണോ ബസ് സ്റ്റാൻഡിന്റെ മുകളിലത്തെ നിലയിൽ

സാംസ്കാരിക നിലയം നിർമ്മിച്ചതെന്ന സമിതിയുടെ ചോദ്യത്തിന് അനുമതി വാങ്ങിയാണ് നിർമ്മിച്ചതെന്നും അതു സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്നും സെക്രട്ടറി മറുപടി നൽകി.

88. സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച രേഖയുണ്ടാകുമെന്ന് അഭിപ്രായപ്പെട്ട സമിതി, പദ്ധതിക്ക് ഡി.പി.സി.-യുടെ അംഗീകാരമുണ്ടായിരുന്നോയെന്ന് ആരാഞ്ഞു. നിയമപ്രകാരം ഒരു പദ്ധതി ആരംഭിക്കണമെങ്കിൽ ഡി.പി.സി.യുടെ അംഗീകാരം ലഭിക്കേണ്ടതുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ സൂചിപ്പിച്ചു.

89. ബസ് സ്റ്റാൻഡിന്റെ മുകളിലത്തെ നിലയിൽ ശബ്ദമലിനീകരണമുണ്ടാകുന്ന സ്ഥലത്ത് സാംസ്കാരിക നിലയം നിർമ്മിച്ചതെന്തിനാണെന്ന് ആരാഞ്ഞ സമിതി, പബ്ലിക് പ്രോപ്പർട്ടി ഇത്തരത്തിൽ ദുരുപയോഗപ്പെട്ടുപോകാൻ പാടില്ലെന്ന് അഭിപ്രായപ്പെട്ടു. മിക്ക ബസ് സ്റ്റാൻഡുകളുടെയും സമീപത്തായി ഷോപ്പിങ് കോംപ്ലക്സ് കം സാംസ്കാരിക നിലയം നിർമ്മിക്കാറുണ്ടെന്നും പഞ്ചായത്ത് സാംസ്കാരിക നിലയം എന്ന് വിഭാവനം ചെയ്തുവെന്നേയുള്ളൂവെന്നും പഞ്ചായത്തിന്റെ ഉദ്ദേശ്യശുദ്ധി നല്ലതായിരുന്നുവെന്നും കെട്ടിടം വാടകയ്ക്ക് നൽകുന്നില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും വാടകയ്ക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

90. ഒഴിഞ്ഞുകിടക്കുന്ന റൂമുകൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്നും സമിതി നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

91. ശബ്ദമലിനീകരണമുണ്ടാകുന്ന സ്ഥലത്ത് സാംസ്കാരിക നിലയം സ്ഥാപിച്ചതിൽ സമിതി അതൃപ്തി അറിയിക്കുകയും പൊതുസ്വത്ത് ദുരുപയോഗപ്പെട്ടുപോകാൻ പാടില്ലെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. ആലംകോട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സാംസ്കാരിക നിലയത്തിലെ ഒഴിഞ്ഞുകിടക്കുന്ന റൂമുകൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് നികുതി ചുമത്തിയില്ല – 3,99,432/- നഷ്ടം.

(കുഴിമണ്ണ ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5)

കിഴിശ്ശേരി അങ്ങാടിയിൽ കുഴിമണ്ണ ഗവ.ഹയർസെക്കണ്ടറി സ്കൂളിന് സമീപത്ത് നിർമ്മിച്ച 'സിദ്ര' എന്ന് പേരുള്ള ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിന് പഞ്ചായത്ത് 2013-ൽ കെട്ടിട

നിർമാണ പെർമിറ്റ് നൽകി (പെർമിറ്റ് നമ്പർ A2-995/12 Dt.29.01.2013, സർവ്വേ നമ്പർ 453/1,2, 461/19. ഉടമസ്ഥൻ ശ്രീ. ഉമ്മർഹാജി ടി., താനാരി ഹൗസ്, കിഴിശ്ശേരി).

കെട്ടിട നിർമാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കുന്നതിന് വേണ്ടി കെട്ടിട ഉടമ 28.01.2016 ന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അംഗീകരിച്ച പ്ലാനിനും, സമർപ്പിച്ച കംപ്ലീഷൻ പ്ലാനിനും അനുസരിച്ചല്ല കെട്ടിടം നിർമിച്ചത് എന്ന് കാണിച്ച് കെട്ടിടത്തിന് നമ്പർ നൽകുന്നതിനുള്ള അപേക്ഷ സെക്രട്ടറി നിരസിച്ചു. (B1-761/16 Dt.10.02.2016). കൂടാതെ ഈ കെട്ടിടം നിർമ്മിച്ചത് അതിരുകളിൽ നിന്ന് നിയമപരമായ അകലം പാലിക്കാതെയാണ് എന്നും അനധികൃതമായ നിർമിതി പൊളിച്ച് കളയേണ്ടതാണ് എന്നും സെക്രട്ടറി നിർദേശം നൽകിയിട്ടുണ്ട്.

എന്നാൽ നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട മേൽ നിർമ്മിതി നാളിതുവരെയും പൊളിച്ച് കളയുകയോ, അപാകത പരിഹരിച്ച് കെട്ടിടത്തിന് നമ്പർ നൽകുകയോ വസ്തു നികുതി ചുമത്തുകയോ ചെയ്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്.

ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തുനികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

ഈ കെട്ടിടത്തിന് 28.01.2016 നാണ് ഉടമസ്ഥൻ നമ്പറിന് അപേക്ഷ നൽകിയത് എങ്കിലും പഞ്ചായത്തിലെ വിവാഹ രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ചതിൽ 16.12.2015 നും 17.01.2016 നും നടന്ന വിവാഹങ്ങൾ കുഴിമണ്ണ ഗവ.ഹയർസെക്കണ്ടറി സ്കൂളിന് സമീപത്തുള്ള "സിദ്ര" എന്ന ഓഡിറ്റോറിയത്തിൽ വച്ച് നടന്നതായി പറയുന്നു. (നമ്പർ 36/2016, 42/2016).

കുഴിമണ്ണ ഗവ.ഹയർസെക്കണ്ടറി സ്കൂളിന് സമീപത്ത് മറ്റ് ഓഡിറ്റോറിയങ്ങൾ ഒന്നും ഇല്ലാത്തതിനാൽ മേൽ പരാമർശിച്ച കെട്ടിടത്തിൽ വച്ച് തന്നെയാണ് വിവാഹങ്ങൾ നടന്നത് എന്ന് വ്യക്തമാണ്. 16.12.2015 ന് തന്നെ കെട്ടിടം ഉപയോഗപ്പെടുത്തി എന്ന് വ്യക്തമായതിനാൽ ചട്ടം 24 പ്രകാരം 2015-16 രണ്ടാം അർദ്ധവർഷംമുതൽ കെട്ടിടത്തിന്റെ വസ്തുനികുതി അടയ്ക്കാൻ ഉടമസ്ഥൻ ബാദ്ധ്യസ്ഥനാണ്.

ഈടാക്കേണ്ട വസ്തുനികുതി താഴെ പറയുന്നു.

- പഞ്ചായത്തിൽ ലഭ്യമായ രേഖ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ – 1761.15 ച.മീ

- (ബേസ്മെന്റ് - 793.94, ഗ്രൗണ്ട് ഫ്ലോർ - 789.96, മെസാനിൻ ഫ്ലോർ- 177.25)
- കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല - പ്രാഥമിക മേഖല
- റോഡിന്റെ തരം - 5 മീറ്ററിൽ കൂടുതൽ വീതിയുള്ളത്.)

അടിസ്ഥാന വസ്തു നികുതി 1761.15*20	35,223
റോഡ് അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20%	7,045
നിയമപ്രകാരമുള്ള വസ്തു നികുതി	42,268

നിയമപ്രകാരമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടമായതിനാൽ നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഈടാക്കേണ്ട വാർഷിക വസ്തു നികുതി - 3 x 42,268 = 1,26,804/-, ലൈബ്രറി സെസ് - 6,340 = 1,33,144/-

2015-16 രണ്ടാം അർദ്ധ വർഷം മുതൽ 2018-19 ഒന്നാം അർദ്ധ വർഷം വരെയുള്ള നികുതി (ഗ്രന്ഥശാലാ വരിയടക്കം) 3,99,432/- (1,33,144/2x6) നിയമാനുസൃതമുള്ള പിഴ പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. കെട്ടിടം നിയമപരമാക്കുകയോ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ തുടർന്നും മേൽ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്.

നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന് അനധികൃത കെട്ടിടങ്ങളുടെ പട്ടികയിൽപ്പെടുത്തി വസ്തുനികുതി ഈടാക്കാതെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/19.09.18 ന് 15.10.2018 ൽ ലഭ്യമാക്കിയ മറുപടിയിൽ നഷ്ടതുക പിഴപലിശ സഹിതം അടവാക്കുന്നതിന് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1 ഓഡിറ്റ് ഖണ്ഡിക 3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

92. കുടിശ്ശിക ഇനത്തിൽ അവശേഷിക്കുന്ന 49,432/- രൂപ അടവാക്കുന്നതിനും കെട്ടിടം നിയമാനുസൃതമാക്കുന്നതിന് അപാകത പരിഹരിച്ച് പ്ലാൻ സമർപ്പിക്കുന്നതിനും കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ലെന്നാണ് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയിരിക്കുന്ന റിപ്പോർട്ടിൽ പ്രതിപാദിക്കുന്നതെന്ന് സമിതി വ്യക്തമാക്കി.

93. ഓഡിറ്റോറിയം നിർമ്മാണത്തിന് 2012-13-ൽ പഞ്ചായത്തിൽനിന്നും പെർമിറ്റ് നൽകിയിട്ടുണ്ടെന്നും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത് 2016-ലാണെന്നും എന്നാൽ അംഗീകൃത പെർമിറ്റ് അനുസരിച്ചല്ല കെട്ടിടം നിർമ്മിച്ചതെന്നും അതിനാൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചില്ലെന്നും കുഴിമണ്ണ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ ബോധിപ്പിച്ചു. 2018-19-ലെ ഓഡിറ്റ് പരാമർശത്തിൽ വസ്തുനികുതി പിഴ ഈടാക്കാൻ നിർദേശിച്ചിരുന്നുവെന്നും മൂന്നിരട്ടി പിഴ ഈടാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് 3,99,432/- രൂപയാണ് അടയ്ക്കേണ്ടിയിരുന്നതെന്നും അതിൽ 3,50,000/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും ഇനി 49,432/- രൂപ അടയ്ക്കാനുണ്ടെന്നും സെക്രട്ടറി-ഇൻ-ചാർജ് അറിയിച്ചു.

94. മൂന്നിരട്ടി നികുതി ഈടാക്കുന്നുണ്ടെങ്കിലും അനധികൃത നിർമ്മാണത്തിനുള്ള നടപടി ഒഴിവാകുന്നില്ലെന്നും കെട്ടിട നിർമ്മാണ ചട്ടം പാലിച്ചില്ലെങ്കിൽ പിഴ ഈടാക്കാവുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ തദവസരത്തിൽ വ്യക്തമാക്കി.

95. കെട്ടിടം ക്രമവൽക്കരിച്ച് നൽകാൻ കഴിയില്ലേയെന്ന സമിതിയുടെ ചോദ്യത്തിന്, കുറച്ചുകൂടി വർക്കുകൾ പൂർത്തീകരിക്കാനുള്ളതിനാൽ കെട്ടിടം ക്രമവൽക്കരിച്ചിട്ടില്ലെന്നും ലിഫ്റ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടെന്നും ഓഡിറ്റോറിയത്തിൽ റാമ്പ് സ്ഥാപിച്ചാൽ മതിയെന്നാണ് നേരത്തെ പറഞ്ഞിരുന്നതെങ്കിലും ഇപ്പോൾ ലിഫ്റ്റ് വേണമെന്നാണ് പറയുന്നതെന്നും ഓഡിറ്റോറിയത്തിന് ബേസ്മെന്റും മുകളിൽ ഒരു നിലയുമാണുള്ളതെന്നും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് അറിയിച്ചു.

96. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുമ്പോഴുള്ള നിയമമനുസരിച്ചാണ് കെട്ടിടം നിർമ്മിക്കേണ്ടതെന്നും അതിനുശേഷമുള്ള നിയമം ആ കെട്ടിടത്തിന് ബാധകമല്ലെന്നും കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ അന്നത്തെ നിയമമനുസരിച്ച് അവിടെ ലിഫ്റ്റ് സ്ഥാപിക്കേണ്ടതുണ്ടോ എന്നത് പരിശോധിക്കണമെന്നും അഭിപ്രായപ്പെട്ട സമിതി, നിർമ്മാണം റെഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

97. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുമ്പോഴുള്ള നിയമമനുസരിച്ചാണ് കെട്ടിടം നിർമ്മിക്കേണ്ടതെന്നും അതിനുശേഷമുള്ള നിയമം പ്രസ്തുത കെട്ടിടത്തിന് ബാധകമല്ലെന്നും കെട്ടിട

നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ അന്നത്തെ നിയമമനുസരിച്ച് ലിഫ്റ്റ് സ്ഥാപിക്കേണ്ടതുണ്ടായിരുന്നോ എന്നത് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ നിർമ്മാണം റെഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

മരാമത്ത് പ്രവൃത്തി രേഖകളിൽ കൃത്രിമം കാണിച്ച് 3.69 ലക്ഷം രൂപ അധികം പിൻവലിച്ചു - ഓഡിറ്റ് നിർദ്ദേശിച്ചതിനെ തുടർന്ന് തുക തിരിച്ചടവാക്കി.

(പെരിന്തൽമണ്ണ നഗരസഭ 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-26)

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ രേഖകളിൽ കൃത്രിമം കാണിച്ച് 3,69,098/- രൂപ അനധികൃതമായി പിൻവലിച്ചു. മരാമത്ത് പ്രവൃത്തികളുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ ആകെ മൂല്യ നിർണ്ണയ തുകയിലും, പ്രവൃത്തി ചെക്ക് മെഷർ ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ രേഖകളിലും വെട്ടി തിരുത്തൽ വരുത്തി യഥാർത്ഥ തുകയിലും ഉയർന്ന തുകയാക്കി മാറ്റിയാണ് ഇത്തരത്തിൽ പൊതു പണം അപഹരിച്ചത്. ക്രമക്കേട് ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് അധികം പിൻവലിച്ച മുഴുവൻ തുകയും കരാറുകാർ/കൺവീനർമാർ നഗരസഭയിൽ തിരിച്ചടയ്ക്കുകയുണ്ടായി. തുക പിൻവലിച്ചത് മുതൽ തിരികെ അടവാക്കിയ തീയതി വരെ 18% നിരക്കിലുള്ള പിഴ കൂടി ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി നഗരസഭയിൽ അടവാക്കേണ്ടതും പ്രസ്തുത തുക മുഴുവൻ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുകയും ക്രമക്കേടിന് ഉത്തരവാദിയായ ജീവനക്കാർക്കെതിരെ ഉചിതമായ നടപടികൾ നഗരസഭ കൈക്കൊള്ളേണ്ടതും, ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തി	യഥാർത്ഥ മൂല്യ നിർണ്ണയ തുക	കരാറുകാരന് നൽകിയ തുക	അധികം	കുറിപ്പ്
AMLP സ്കൂൾ മുതൽ പട്ടാണി വരെ റീ ടാറിങ് (180/18) ബിൽ 117/19.2.2018 തുക 4,80,994/- DSR 2016 കോസ്റ്റ് ഇൻഡക്സ് 40.2% അളവ് പുസ്തകം 49/17-18	4,30,994	4,80,994	50,000	അളവ് പുസ്തകത്തിൽ ആകെ മൂല്യ നിർണ്ണയ തുകയും, ചെക്ക് മെഷർ ചെയ്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖപ്പെടുത്തിയ 4,30,994/- രൂപ എന്നത് പേന കൊണ്ട് തിരുത്തി 4,80,994/- എന്നാക്കി

കരാറുകാരൻ ശ്രീ. എം. ഹുസൈൻ				
മണ്ണിൽ അമ്പു ഡ്രൈനേജ് (388/18) കരാറുകാരൻ - ശ്രീ. എ.പി. സുബൈർ ബിൽ - 26/23.5.2018 4,98,746/- അളവ് പുസ്തകം - 270/17-18	4,90,746	4,98,746	8,000	മൂല്യ നിർണ്ണയ തുകയില്ലം അധികരിച്ച് തുക പിൻവലിച്ചു
ദുബായ്പടിമേഖല അംഗൻവാടികളുടെ റിപ്പയർ (73/18) ബിൽ 67/15.1.2018 തുക 4,40,709/- DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19% അളവ് പുസ്തകം 8/17-18 കൺവീനർ ശ്രീമതി അമ്മിണി	3,80,709	4,40,709	60,000	അളവ് പുസ്തകത്തിൽ ആകെ മൂല്യ നിർണ്ണയ തുക്യും, ചെക്ക് മെഷർ ചെയ്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖപ്പെടുത്തിയ 3,80,709/- രൂപ എന്നത് പേന കൊണ്ട് തിരുത്തി 4,40,709/- എന്നാക്കി
കാവുങ്ങപ്പറമ്പ് റോഡ് റീ കോൺക്രീറ്റിങ് (359/18) ബിൽ 149/26.3.2018 തുക 4,90,061/- DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19% അളവ് പുസ്തകം 185/17-18 കരാറുകാരൻ ശ്രീ. പി.പി മുസ്ഥഫ	4,60,091	4,90,061	29,970	മൂല്യ നിർണ്ണയ തുകയില്ലം അധികരിച്ച് തുക പിൻവലിച്ചു
മണ്ടോടി സ്കൂൾ റിപ്പയർ (331/18) കൺവീനർ - ശ്രീമതി അജിത കുമാരി ബിൽ - 72/5.9.2018 239,020/- അളവ് പുസ്തകം - 210/17-18	2,31,070	2,39,020	7,950	അളവ് പുസ്തകത്തിൽ ചെക്ക് മെഷർ ചെയ്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖപ്പെടുത്തിയ 2,31,070/- രൂപ എന്നതും, ബിൽ കോപ്പിയിൽ മുനിസിപ്പൽ എഞ്ചിനീയർ രേഖപ്പെടുത്തിയ ആകെ മൂല്യ നിർണ്ണയതുകയും പേന കൊണ്ട് തിരുത്തി 2,39,020/- എന്നാക്കി
കാവുങ്ങ പറമ്പ് റോഡ് പുനരുദ്ധാരണം (276/19) ബിൽ 30/23.5.2018 തുക 3,00,000/- അളവ് പുസ്തകം 272/17-18 കരാറുകാരൻ ശ്രീ. നവീൻ ഹർഷൽ	2,22,663	3,00,000	77,337	മൂല്യ നിർണ്ണയ തുകയില്ലം അധികരിച്ച് തുക പിൻവലിച്ചു
ഷിബു മനഴി റോഡ് കോൺക്രീറ്റ് (246/18) അളവ് പുസ്തകം 33/17-18	4,62,198	4,98,000	35,802	മൂല്യ നിർണ്ണയ തുകയില്ലം അധികരിച്ച് തുക പിൻവലിച്ചു

ബിൽ-21/23.5.2018 തുക 3,00,000/- തനത് ഫണ്ട് - 1,98,000/- K.P മുഹമ്മദ് മുസ്ഥഫ				
മണ്ടോടി സ്കൂൾ റിപ്പയർ (58/18) കൺവീനർ. ശ്രീമതി അജിത കമാരി ബിൽ 34/14.9.2017 തുക 4,80,672/- അളവ് പുസ്തകം 6/17-18	4,30,672	4,80,672	50,000	അളവ് പുസ്തകത്തിൽ ആകെ മൂല്യ നിർണ്ണയ തുകയും, ചെക്ക് മെഷർ ചെയ്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖപ്പെടുത്തിയ 4,30,672/- രൂപ എന്നതും പേന കൊണ്ട് തിരുത്തി 4,80,672/- എന്നാക്കി
ബഹു. സ്പീക്കർ ശ്രീരാമകൃഷ്ണൻ റോഡ് ഡ്രൈൻ സ്ലാബ് (100/18) ബിൽ 71/15.1.2018 തുക 3,44,377/- DSR 2016 കോസ്റ്റ് ഇൻഡക്സ് 40.2% അളവ് പുസ്തകം 188/13-14 കൺവീനർ ശ്രീ. ഉണ്ണികൃഷ്ണൻ കെ	2,94,377	3,44,377	50,000	അളവ് പുസ്തകത്തിൽ ആകെ മൂല്യ നിർണ്ണയ തുകയും, ചെക്ക് മെഷർ ചെയ്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖപ്പെടുത്തിയ 2,94,377/- രൂപ എന്നതും പേന കൊണ്ട് തിരുത്തി 3,44,377/- എന്നാക്കി
		ആകെ	3,69,059	

നഗരസഭയിൽ 2017-18 ലും തുടർന്നും നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പ്രത്യേകം സൂക്ഷ്മ പരിശോധന നടത്തി ബിൽ നൽകിയതിൽ അപാകതയില്ലെന്ന് ഉറപ്പ് വരുത്താൻ നഗരസഭ ജീവനക്കാർക്ക് പ്രത്യേക നിർദ്ദേശം നൽകേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രവൃത്തികളുടെ ബിൽ നൽകുമ്പോൾ പ്രത്യേക പരിശോധന നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1 ഓഡിറ്റ് ഖണ്ഡിക 4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

98. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

99. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ നഗരസഭ മരാമത്ത് പ്രവൃത്തി രേഖകളിൽ കൃത്രിമം കാണിച്ച് 3.69 ലക്ഷം രൂപ അധികം പിൻവലിക്കുകയും ഓഡിറ്റ്

നിർദ്ദേശിച്ചതിനെ തുടർന്ന് തുക തിരിച്ചടവാക്കുകയും ചെയ്തതായുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ബജറ്റ് രൂപീകരണത്തിലെ പോരായ്മകൾ.

(എടരിക്കോട് ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1)

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ൽ വാർഷിക ബജറ്റ് തയ്യാറാക്കലും അതിന്റെ അനുമതി നൽകുന്നതിനെ സംബന്ധിച്ചും സെക്ഷൻ 175 ൽ വികസന പദ്ധതി തയ്യാറാക്കലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട് അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റ് നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഓരോ വർഷവും ജനുവരി 15-ാം തീയതിക്കു മുമ്പായി സമർപ്പിക്കപ്പെടുന്ന ഇത്തരം നിർദ്ദേശങ്ങളും നിയമത്തിലെ എല്ലാ ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പഞ്ചായത്തിന്റെ അടുത്തവർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കി മാർച്ച് മാസം കഴിയുന്നതിന് മുമ്പായി ഭരണ സമിതിയുടെ പ്രത്യേകം വിളിച്ച് ചേർത്ത യോഗത്തിൽ അംഗീകാരത്തിനായി വെയ്ക്കാനും നിയമത്തിൽ നിർദ്ദേശിക്കുന്നുണ്ട്. ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ബജറ്റ് അംഗീകരിക്കുന്നതിനുമുമ്പായി വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ലായെങ്കിൽ വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകരിക്കാനും നിർദ്ദേശമുള്ളതാണ്.

എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണത്തിലും നടപടിക്രമത്തിലുമുണ്ടായ വീഴ്ചകൾ ചുവടെ ചേർക്കുന്നു.

(a) **ഉദ്യോഗസ്ഥരുടെ/ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുന്നില്ല** - ബജറ്റ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ / ഘടക സ്ഥാപന മേധാവികളുടെ യോഗം ഡിസംബർ 15 ന് മുമ്പ് വിളിച്ചു ചേർക്കേണ്ടതും സ്ഥാപനങ്ങളുടെ പദ്ധതിയേതര ചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം. നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഘടകസ്ഥാപനമേധാവികൾക്ക് ഒരു മാസത്തെ സമയം നൽകണം. ബഡ്ജറ്റ് മാന്വലിലെ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് നിർദ്ദേശങ്ങൾ ജനുവരി 15 ന് മുമ്പ് ഘടകസ്ഥാപനമേധാവികൾ സമർപ്പിക്കണം. ഗ്രാമപഞ്ചായത്തിന്റെ

നിർദ്ദേശങ്ങൾ സെക്രട്ടറി അനുബന്ധം 3&4 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിലും സമർപ്പിക്കണം. സെക്രട്ടറി മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഫെബ്രുവരി 1 ന് മുമ്പായി കൈമാറണം. സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1, 5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറുകയും ലഭ്യമാക്കിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അന്തിമ പദ്ധതിയേതരനിർദ്ദേശങ്ങൾ തയ്യാറാക്കുകയും വേണം.

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും മറ്റ് സ്ഥിരം സമിതികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കുന്നത് 2017 ഫെബ്രുവരി 8 നാണ്. മിനിട്സുകൾ പരിശോധിച്ചതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ ഘടകസ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ സെക്രട്ടറിയും ഘടകസ്ഥാപന മേധാവികളും നോൺ പ്ലാൻ നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് കൈമാറുകയോ ചെയ്യുത് രേഖപ്പെടുത്തിയിട്ടില്ല. വികസനകാര്യ, ക്ഷേമകാര്യ, വിദ്യാഭ്യാസ-ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാത് മേഖലകളിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയെ സഹായിക്കുകയെന്ന നിയമപരമായ ഉത്തരാവാദിത്വം നിറവേറ്റിയിട്ടില്ലായെന്ന് കാണുന്നു. വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകരം വാങ്ങാനുള്ള നിർദ്ദേശവും പാലിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 30.03.2017 ലെ യോഗത്തിലാണ് 2017-18 ലെ വാർഷിക ബജറ്റ് അംഗീകരിച്ച് പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിച്ചത്. എന്നാൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ അതാത് മേഖലകളിൽ നിന്നും നിർദ്ദേശങ്ങൾ അംഗീകരിച്ച് സമർപ്പിച്ചത് സംബന്ധിച്ച് യാതൊരു പരാമർശവും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിവിധ ഘടകസ്ഥാപന മേധാവികളിൽ നിന്നുമുള്ള നിയമപരമായി സ്വീകരിക്കേണ്ട നോൺ പ്ലാൻ ബജറ്റ് നിർദ്ദേശങ്ങളും അതിൻമേൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളുടെ പരിശോധനയും ശുപാർശയില്ലാതെയുമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വാർഷിക ബജറ്റ് അംഗീകരിച്ചത്.

(b) **ബജറ്റിൽ പ്രൊവിഷനില്ലാതെ തുക ചെലവഴിച്ചു** - വാർഷിക ബജറ്റും തൻവർഷത്തെ അക്കൗണ്ട്സും പരിശോധിച്ചതിൽ ഏതാനും ഇനങ്ങളിലെ തനത് വരുമാനം

കണക്കാക്കിയതും യഥാർത്ഥത്തിൽ ലഭ്യമായതും തമ്മിൽ കാര്യമായ വ്യത്യാസം വന്നത് ശ്രദ്ധയിൽപ്പെട്ടകയുണ്ടായി. വേണ്ടത്ര മുന്നൊരുക്കവും കൂടിയാലോചനകളും കൂടാതെ തയ്യാറാക്കിയത് കാരണം ബജറ്റിൽ പ്രൊവിഷനില്ലാതെ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

വരുമാനത്തിലെ വ്യത്യാസം

ഇനം	ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത്	വാർഷിക കണക്ക് പ്രകാരം ലഭ്യമായത്	വ്യത്യാസം
നികുതി വരുമാനം	59,00,000	97,73,119	38,73,119
ടെൻഡർ ഫോറം വില	2,000	155,716	153,716
ബാങ്ക് പലിശ	1,25,000	2,99,934	174,934

ബജറ്റ്പ്രൊവിഷനില്ലാതെ തുക ചെലവഴിച്ചത്

ക്രമ നമ്പർ	ചെലവിനം ഹെഡ്	ഇന വിവരം	തുക ചെലവഴിച്ചത്
1	2501003	മറ്റ് കാർഷികവികസന പരിപാടികൾ	25,000
2	2512004	മരുന്നുകൾ	3,00,000
3	2512008	കുടിവെള്ളം	3,98,650
4	2512009	ശുചിത്വം	9,590
5	2513014	നിർമ്മാണം, പർചേസ്	1,60,000
6	2601001	മറ്റ് സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്	30,000
7	2602001	സംഭാവന	25,000
8	4103003	കലുങ്കുകളും പാലങ്ങളും അനുബന്ധ നിർമ്മിതികളും	11,86,703
9	2501002	Agriculture and Related Sectors - Other crops	20,06,860
10	2501039	Animal Husbandry - Infrastructure	98,000

ബജറ്റ് നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ അധികരിച്ചും ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനത്തിനും തുക ചെലവഴിച്ചിട്ടുണ്ട്.

നോൺ പ്ലാൻ & പ്ലാൻ ചെലവുകൾ

ക്രമ നം.	ഹെഡ് കോഡ്	ഇനം	ബജറ്റ് പ്രകാരം വകയിരുത്തിയ തുക	ഇൻകം & എക്സ്പെന്റിച്ചർ പ്രകാരമുള്ള ചെലവ്
1	2101001	Salaries	8,00,000	54,16,135
2	210500101	EPF contribution	0	52,296
3	2201001	Rent	4,000	15,250
4	2202101	Printing & Stationery	75,000	2,15,145
5	2205101	Legal Expenses	25,000	30,000
6	2208001	Miscellaneous Administrative Expenses	1,60,000	1,68,183
7	2301001	Power	3,00,000	3,34,183
8	2305009	Repairs & Maintenance	30,000	59234
9	2407001	Bank Charges	1,500	3,282
10	2501001	Agriculture and Related Sectors - Paddy	10,00,000	12,11,200

ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധിക്കുന്നതിനായി monthly progress report, Annual review progress report എന്നിവ തയ്യാറാക്കിയിട്ടില്ല. നിർദ്ദേശിക്കപ്പെടുന്ന ഓരോ തുകയ്ക്കുമുള്ള ചെലവുകൾ ബജറ്റ് വകയിരുത്തലിന് അനുസരണമാണോ എന്ന് പ്രമാണീകരിക്കുകയും മതിയായ ഫണ്ട് ലഭ്യത, പ്രസ്തുത ചെലവുകൾക്ക് ഉണ്ടോ എന്നും ഉറപ്പ് വരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത ചുമതല നിർവഹിക്കുന്നതിൽ വീഴ്ച വരുത്തി. ചെലവുകൾ ബജറ്റ് വകയിരുത്തലിന് അനുസൃതമാണ് എന്നുറപ്പ് വരുത്തുന്നതിലും ആവശ്യമായ സന്ദർഭങ്ങളിൽ ബജറ്റ് റീഅപ്രോപ്രിയേഷൻ നടത്തുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തിയിട്ടില്ല.

(c) **സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇടപെടുന്നില്ല** - ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യേണ്ടതും വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ (വികസനം, ക്ഷേമം, ആരോഗ്യം-വിദ്യഭ്യാസം) പരിശോധിക്കപ്പെടുകയോ ചർച്ച ചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. എന്നാൽ ബജറ്റ് രൂപീകരണത്തിൽ വിശദമായ ചർച്ചയോ നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ എസ്റ്റിമേറ്റുകളുടെ പരിശോധനയോ നടന്നിട്ടില്ല.

(d) **പുതിയ നികുതി നിർദ്ദേശങ്ങൾ ഉണ്ടാകുന്നില്ല** - പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിലും അക്കൗണ്ടിങ്ങ് ചട്ടങ്ങളുടെ പരിപാലനത്തിലും കമ്മറ്റി സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്. രേഖകളുടേയും രജിസ്റ്ററുകളുടേയും കൃത്യമായ സൂക്ഷിപ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റിൽ മുൻ വർഷത്തേതിൽ നിന്നും അധികരിച്ച പുതിയ വരുമാന സ്രോതസ്സുകൾ ഒന്നും തന്നെ ഉൾപ്പെടുന്നില്ല. മുൻവർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിരിക്കുന്നു. നഗരവൽക്കരണ സാധ്യതയുള്ള മേഖലയായതിനാൽ പരസ്യ നികുതി പോലുള്ളവ നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്ക് എന്നീ സേവനങ്ങൾ നൽകുന്നതിന് പഞ്ചായത്തിന് യഥാക്രമം 81,100/- രൂപ, 9,378/- രൂപ, 3,34,183/- രൂപ എന്നിങ്ങനെ ആകെ 4,24,661/- രൂപയുടെ ചെലവ് വരുന്നുണ്ട്. എന്നാൽ സേവന ഉപനികുതി ഉൾപ്പെടെയുള്ള വരുമാന മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടില്ല. തനത് വിഭവ സമാഹരണത്തിലേക്ക് സേവന ഉപനികുതി പോലുള്ള വരവിനങ്ങൾ പരിഗണിക്കാവുന്നതാണ്. കച്ചവടക്കാരുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കുകയും മുഴുവൻ കച്ചവടക്കാരും ലൈസൻസ് എടുത്തുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ ഈയിനത്തിലും വരുമാന വർദ്ധനവ് നേടുവാൻ കഴിയും. നിലവിൽ 16 വാർഡുകളിലായി 399 കച്ചവടക്കാർ മാത്രമാണ് ലൈസൻസ് വലയത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. തൊഴിൽ നികുതിയിനത്തിലും ബജറ്റ് ലക്ഷ്യമിട്ടതിനെക്കാൾ കൂടുതലാണ് യഥാർത്ഥ ഡിമാന്റ്. ഡി&ഒ ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമാക്കുന്നതോടൊപ്പം ബിസിനസ് സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

(e) **ഡിമാന്റ് തുകകൾക്ക് ബജറ്റിൽ നിന്നുള്ള വ്യതിയാനം** - ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ് എന്നിവയിൽ വാർഷിക കണക്കുകൾ പ്രകാരമുള്ള

ഡിമാന്റ് തുകകൾ ബജറ്റ് തുകയിൽ നിന്നും താഴെ വിവരിച്ച പ്രകാരം വലിയ അന്തരം കാണിക്കുന്നു. ബജറ്റ് രൂപീകരണ ഘട്ടത്തിൽ യഥാർത്ഥ വരുമാന സാധ്യത തിട്ടപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നതായി കാണാം. മുൻവർഷ ഡിമാന്റ് തുക, മുൻവർഷ ബജറ്റ് എന്നിവയിൽ നിശ്ചിത ശതമാനം വർദ്ധന വരുത്തി പ്രതീക്ഷിത വരുമാനം കണക്കാക്കുകയും യഥാർത്ഥ ലഭ്യത വിലയിരുത്താത്തതിനാലുമാണ് ബജറ്റിൽ നിന്നും ഇത്തരത്തിലുള്ള വ്യതിയാനം കാണിക്കുന്നത്.

ഇനം	ബജറ്റ് പ്രകാരം പ്രതീക്ഷിക്കുന്നത്	യഥാർത്ഥ വരവ്	വ്യത്യാസം
വസ്തു നികുതി	32,00,000	53,51,779	(+) 21,51,779
തൊഴിൽ നികുതി	23,00,000	26,05,000	(+) 3,05,000
ഡി & ഒ ലൈസൻസ്	1,25,000	181,925	(+) 56925
കെട്ടിട നിർമ്മാണ പെർമിറ്റ്	3,00,000	3,54,887	(+) 54,887
പരസ്യ നികുതി	2,00,000	0	-
വിനോദ നികുതി	2,00,000	0	-

(f) **ബജറ്റ് രൂപീകരണം സമയക്രമം പാലിക്കുന്നില്ല** – കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനുമുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയിരിക്കുന്നത് 30.03.2017-നാണ്. കരട് ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 31.03.2017 നാണ്. പാസാക്കിയ ബജറ്റ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ല.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം		ശതമാനം (+)/(-)
			കൂടുതൽ	കുറവ്	
മുന്നിരിപ്പ്	91,82,677	96,04,597	4,21,920		4.59
വരവ്	7,99,79,150	4,82,74,739		3,17,04,411	39.64
ആകെ	8,91,61,827	5,78,79,336		3,12,82,491	35.08

ചെലവ്	8,53,71,000	4,71,20,738		3,82,50,262	44.80
നീക്കിയിരിപ്പ്	37,90,827	1,07,58,598	69,67,771		183.80

ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാത്ക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങളും ഇടപെടലുകളും അനിവാര്യമാണ്. വാർഷിക ബജറ്റ് തയ്യാറാക്കലും അതിന്റെ അനുമതിയും സംബന്ധിച്ചുള്ള നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്നും ആവശ്യമായ മുന്നൊരുക്കങ്ങളും മേൽനോട്ടവും കൃത്യമായ ഇടപെടലുമുണ്ടാവേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1 ഓഡിറ്റ് ഖണ്ഡിക 5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

100. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

101. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ എടരിക്കോട് ഗ്രാമപഞ്ചായത്തിലെ ബജറ്റ് രൂപീകരണത്തിലെ പോരായ്മകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഉമ്പായികട ലൈറ്റ് ഹൗസ് റോഡ് റീടാറിംഗ് & ഇന്റർലോക്ക് പാകൽ - പാഴ്ച്ചെലവ് 3,11,646/- രൂപ.
(പൊന്നാനി നഗരസഭ 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1)

- നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ
- (S0195/18)
- എം. ബുക്ക് - 80/16-17
- കരാർ – 148/17.3.17
- മൂല്യനിർണ്ണയം - 4,60,000/-

- ബിൽ - 15/11.7.17
- കരാറുകാരൻ - KV. ഫിറോസ്
- Cost Index -36.19% - DSR: 2014

ഉമ്പായി കട ലൈറ്റ് ഹൗസ് റോഡിൽ 2 ഇടതോടുകൾ കൂടിചേരുന്ന ജംഗ്ഷൻ ഉണ്ട്. താഴ്ന്ന് കിടക്കുന്ന ഈ ഭാഗം ഇന്റർലോക്ക് ചെയ്ത് റോഡായി ഉപയോഗിക്കുന്നതിനും താരതമ്യേന ഉയർന്ന ഭാഗം ടാർ ചെയ്ത് പുനർ നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തിയിൽ 80 mm Paving block കളാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രവൃത്തിയിൽ ചെയ്ത ഇനങ്ങൾ താഴെ പറയുന്നു.

കോഡ്	ഇനം	അളവ് / തുക	ഇന്റർലോക്ക് വിരിച്ചതിന്റെ ചെലവ്
4.11.2.1	GSB	23.73m3 x 1850.15m3 = 43,904.05	-
4.9	WMM	23.73m3 x 2980.51 = 70,727.5	
5.1.1a	Prime coat	158.18m2 x 31.61/m2 = 4,978.57	
5.2.3a	Tack Coat	157.5m2 x 11.36/m2 = 1,789.20	
5.9.1.2a	Chiping Carpet	157.50m2x152.12/m2 = 23,958.90	
5.12.A.3.2a	Seal Coat	157.50m2 x 57.53/m2 = 9,060.97	
4.11.2	GSB	37.50m3 x 1850.15/m3 = 69,380.63	3,11,646
6.7.1	Interlock Paving	249.99m2 x 969.10/m2 = 2,42,265.31	
	Total	**4,60,000**	**3,11,646**

27.5.17 നാണ് പ്രവൃത്തി പൂർത്തിയായത്. 11.7.17 ന് ബിൽ തുക കരാറുകാരന് അനുവദിച്ചു. 24.11.18 ന് പ്രവൃത്തി ഓഡിറ്റ് നേരിൽ പരിശോധിച്ചതിൽ മേൽ പ്രവൃത്തിയുടെ ഭാഗമായി ഇന്റർലോക്ക് ചെയ്തതിന് മുകളിലൂടെ 2018-19 സാമ്പത്തിക വർഷത്തിൽ 413/19 പ്രൊജക്റ്റ് പ്രകാരം (മീൻ തെരുവ് വടക്ക് ഭാഗത്തെ ഇടവഴികൾ ഇന്റർലോക്ക് ചെയ്യൽ, ഉമ്പായികട റോഡ് ഇന്റർലോക്ക് ചെയ്യൽ എന്ന പദ്ധതി) വീണ്ടും ഇന്റർലോക്ക് പാകിയതായി കണ്ടു. പഴയ ഇന്റർലോക്ക് കട്ടകൾ പ്രവൃത്തി സ്ഥലത്ത് കുറച്ച് കൂട്ടിയിട്ടിട്ടുണ്ട്. പുതിയ പദ്ധതിയിൽ 60 mm Paving block കളാണ് ഇന്റർലോക്കിനായി ഉപയോഗിച്ചിട്ടുള്ളത്.

2018-19 വർഷത്തിൽ 413/19 പ്രൊജക്റ്റ് പ്രകാരം (മീൻ തെരുവ് വടക്ക് ഭാഗത്തെ ഇടവഴികൾ ഇന്റർലോക്ക് ചെയ്യൽ, ഉമ്പായികട റോഡ് ഇന്റർലോക്ക് ചെയ്യൽ) ഈ പ്രവൃത്തിക്ക് വേണ്ടി 5,43,323/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോൺക്രീറ്റ് റോഡുകൾക്ക് 10 വർഷവും ടാറിംഗ് റോഡുകൾക്ക് 3-4 വർഷവും ലൈഫ് കിട്ടുമെന്നിരിക്കെ അതേ ഇനത്തിൽപ്പെട്ട മറ്റൊരു പ്രവൃത്തിയാണ് റോഡിൽ ഇന്റർലോക്ക് പാകൽ. പ്രവൃത്തി നടത്തി ഒന്നര വർഷത്തിനുള്ളിൽ, അതേ പ്രവൃത്തി തന്നെ പ്രസ്തുത സ്ഥലത്ത് നടത്തിയതിനാൽ ആദ്യം ചെയ്ത പ്രവൃത്തിയിൽ ഇന്റർലോക്ക് വിരിക്കുന്നതിനായി ചെലവഴിച്ച 3,11,646/- രൂപ പാഴ്ച്ചെലവായി മാറി. പ്രവൃത്തിയുടെ Defect liability period പോലും കഴിഞ്ഞിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1 ഓഡിറ്റ് ഖണ്ഡിക 6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

102. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

103. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പൊന്നാനി നഗരസഭയിൽ ഉമ്പായികട ലൈറ്റ് ഹൗസ് റോഡ് റീടാറിംഗ് & ഇന്റർലോക്ക് പാകലിലെ പാഴ്ച്ചെലവ് സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രത്യേക റിപ്പോർട്ടുകളിലെയും പ്രത്യേക കത്തുകളിലെയും ഓഡിറ്റ് നിരീക്ഷണങ്ങൾ-സംക്ഷിപ്തം

ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകകൾ അക്കൗണ്ടിൽ അടവാക്കുന്നതിലെ ക്രമക്കേടുകൾ പ്രത്യേക കത്ത്

(മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭ)

പരപ്പനങ്ങാടി നഗരസഭയുടെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് പരിശോധനയിൽ 01.04.2019 മുതൽ 15.07.2022 വരെയുള്ള ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകകൾ അക്കൗണ്ടിൽ അടവാക്കുന്നതിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തുകയുണ്ടായി. സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

- വരവ് തുകകൾ പൂർണ്ണമായോ, ഭാഗികമായോ അക്കൗണ്ടിൽ അടവാക്കാതെ സാമ്പത്തിക തിരിമറി നടത്തി.

- നഗരസഭയുടെ പണം സ്വീകരിക്കൽ, ഒടുക്ക്, കണക്ക് സൂക്ഷിപ്പ്, പരിശോധന എന്നിവ ക്രമപ്രകാരമായിരുന്നില്ല.
- 2007 ലെ കേരളാ മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ഫിനാൻഷ്യൽ കോഡ് എന്നിവ പ്രകാരം പണം അടവ് മേൽപരിശോധനയ്ക്ക് വിധേയമാക്കേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ പരപ്പനങ്ങാടി നഗരസഭയിൽ ആയത് പാലിക്കപ്പെട്ടില്ല.
- കേരള മുനിസിപ്പാലിറ്റി നിയമം 2 2 എ (iv), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 5 6 പ്രകാരം ഓരോ മാസത്തെയും ഓരോ ഇനങ്ങളിലുള്ള വരവിനങ്ങളിലെയും ചെലവിനങ്ങളിലെയും പത്രിക അടുത്തമാസം 20 ന് മുൻപ് തയ്യാറാക്കി സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും കമ്മിറ്റി പരിശോധിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ അപ്രകാരം വിശദമായ പത്രികകൾ സമർപ്പിച്ചിട്ടില്ല എന്നു വ്യക്തമായി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2022-23 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം 4 ഓഡിറ്റ് ഖണ്ഡിക 6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

104. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

105. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരപ്പനങ്ങാടി നഗരസഭയിൽ ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകകൾ അക്കൗണ്ടിൽ അടവാക്കുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18.

അനുബന്ധം - I
പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

ക്രമ നം.	ഖണ്ഡിക	ബന്ധപ്പെട്ട വകുപ്പ്	നിഗമനങ്ങൾ/ ശിപാർശകൾ
1	9	തദ്ദേശ സ്വയംഭരണ വകുപ്പ്	കശാപ്പിനു കൊണ്ടുവരുന്ന മൃഗങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണെന്ന സർക്കാർ നിർദ്ദേശത്തിന്മേൽ നഗരസഭ സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
2	10	തദ്ദേശ സ്വയംഭരണ വകുപ്പ്	അറവുശാലയിൽ ശാസ്ത്രീയമായ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞാൽ അത് നടപ്പാക്കുകയാണ് വേണ്ടതെന്നും പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പുതന്നെ വ്യക്തമായ പഠനം നടത്തേണ്ടതായിരുന്നുവെന്നും അഭിപ്രായപ്പെട്ട സമിതി വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കില്ലെന്നും അഭിപ്രായപ്പെടുന്നു. ആയതിനാൽ ആധുനിക അറവുശാലയ്ക്കായി ചെലവഴിച്ച ഫണ്ടും സ്ഥാപിച്ച ഉപകരണങ്ങളും ഉപയോഗശൂന്യമാകാതെ എന്തുചെയ്യാൻ സാധിക്കുമെന്നത് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
3	16	തദ്ദേശ സ്വയംഭരണ വകുപ്പ്	ജൈവവള പദ്ധതി നടപ്പാക്കുന്നതിന് ക്ലീൻ കേരള മിഷന്റെ അംഗീകാരമുള്ള കാസറഗോഡ് സോഷ്യൽ സർവീസ് സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയതെന്നും സൊസൈറ്റിക്ക് കൊടുത്ത ധാരണ പത്രം തയ്യാറാക്കിയ ക്ലീൻ കേരള കമ്പനി സർക്കാരിന്റെ അധികാര പരിധിയിൽ പെടുന്ന ഒന്നായതുകൊണ്ട് ഏത് സൊസൈറ്റിയുമായി ആണ് ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടത്, സൊസൈറ്റിയുടെ ഭാരവാഹികൾ ആരായിരുന്നു തുടങ്ങിയ വിവരങ്ങൾ അവിടെ നിന്നും ലഭ്യമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. സൊസൈറ്റിയുമായി ബന്ധപ്പെട്ട വിശദാംശം അന്വേഷിച്ച് കണ്ടെത്തി തുക ഈടാക്കാൻ നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.
4	17	തദ്ദേശ സ്വയംഭരണ വകുപ്പ്	വാഹനം കണ്ടം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രാവീണ്യം ഉള്ളവരുടെ ഒരു വിഭാഗം ജില്ലാ തലത്തിൽ രൂപീകരിക്കുന്ന കാര്യത്തിൽ നടപടി ആരംഭിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കിയ സാഹചര്യത്തിൽ ഇക്കാര്യത്തിലുള്ള അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

5	18	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്ന വാഹനങ്ങൾ കണ്ടം ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതിക്കായി വർഷങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളതെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന് അതിന് പ്രത്യേക എഞ്ചിനിയറിംഗ് വിഭാഗം ഉണ്ടെങ്കിലും അവർക്ക് അതിന് അധികാരം ഇല്ലെന്നും സമിതി നിരീക്ഷിക്കുന്നു. ജൈവവള ഉല്പാദനത്തിന് വാങ്ങിയ വാഹനം കണ്ടം ചെയ്യുന്നതിനായുള്ള നടപടി ത്വരിതപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
6	20	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
7	22	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
8	24	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തൊഴിൽ നികുതിയിലെ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
9	26	തദ്ദേശ സ്വയംഭരണ വകുപ്പ്	മാർക്കറ്റിലെ മാലിന്യം നിലവിൽ അവിടെ നിന്നും നീക്കം ചെയ്യുന്നതിനാൽ മാലിന്യപ്രശ്നമില്ലെന്ന മഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
10	28	തദ്ദേശ സ്വയംഭരണ വകുപ്പ്	ലക്ഷ്വറി ടാക്സ് ഇനത്തിൽ കുടിശ്ശികയും പലിശയും അടക്കം അടവാക്കാത്തതുകൊണ്ട് 15-10-2021-ന് നഗരസഭയുടെ KL-10-Q-0197 എന്ന വാഹനം ജപ്തി ചെയ്യെങ്കിലും ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം പെനാൽറ്റി തുക 3 തുല്യഗഡുക്കളായി അടച്ച് ജപ്തി ചെയ്ത വാഹനം തിരികെ എടുത്തിട്ടുണ്ടെന്നും നഗരസഭാ കൗൺസിൽ തീരുമാനപ്രകാരമാണ് തുക അടവാക്കിയതെന്നുമുള്ള മലപ്പുറം മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
11	31	തദ്ദേശ സ്വയംഭരണ വകുപ്പ്	വേങ്ങര പഞ്ചായത്തിൽ സർക്കാർ അനുമതിയില്ലാതെ ഭവന നിർമ്മാണ പ്രോജക്ട് ഏറ്റെടുത്ത് തുക ചെലവഴിച്ചതിന് സർക്കാരിന്റെ സാധൂകരണത്തിനായി അപേക്ഷ

			സമർപ്പിച്ചിട്ടുണ്ടെന്നുള്ള മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ, ആയത് സംബന്ധിച്ചുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദേശിക്കുന്നു.
12	33	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ 'നികുതി നിർണ്ണയിക്കാതെ 11 മൊബൈൽ ടവറുകൾ - മൂർക്കനാട് പഞ്ചായത്തിന് വരുമാന നഷ്ടം' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
13	36	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നികുതി നിർണ്ണയിക്കുന്നതിലെ അപാകതയല്ലെന്നും സർക്കാർ ഡെവലപ് ചെയ്ത സോഫ്റ്റ്‌വെയർ പ്രകാരമാണ് നികുതി ഈടാക്കുന്നതെന്നുമുള്ള മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി നഗരസഭയിലെ 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
14	41	തദ്ദേശ സ്വയംഭരണ വകുപ്പ്	ടവർ സ്ഥാപിക്കുന്നതിനായി സ്വകാര്യ വ്യക്തികൾ പാട്ട വ്യവസ്ഥയിൽ ഭൂമി ഏറ്റെടുത്ത് ടവർ പണിത് സർവീസ് പ്രൊവൈഡേഴ്സിന് വാടകയ്ക്ക് കൊടുക്കുകയാണ് ചെയ്യുന്നതെന്നും ഒരേ ടവറിൽ തന്നെ ഒന്നിൽ കൂടുതൽ കമ്പനികളുടെ സർവ്വീസ് പ്രൊവൈഡേഴ്സ് ഉണ്ടാകുമെന്നും ഭൂമി പാട്ടവ്യവസ്ഥയിൽ കൈമാറിയ ഭൂവുടമയ്ക്കെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കില്ലെന്നും ഭൂവുടമയുടെ കൈവശം ലീസ് എഗ്രിമെന്റ് ഉണ്ടാകുമെന്നതിനാൽ ഭൂവുടമയ്ക്ക് നോട്ടീസ് ലഭ്യമാക്കിയാൽ ടവർ ഉടമകളുടെ വിവരങ്ങൾ അറിയാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ നഗരസഭ മുൻകൈയെടുത്ത് സ്ഥലം ഉടമകളുമായി ചർച്ച ചെയ്ത് ബന്ധപ്പെട്ടവരിൽ നിന്നും കുടിശ്ശിക ഈടാക്കി ആയത് സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
15	43	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കോട്ടയ്ക്കൽ നഗരസഭയിലെ വസ്തുനികുതി നിർണ്ണയത്തിലും നികുതി പിരിവിലുമുള്ള അപാകതകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

16	47	തദ്ദേശ സ്വയംഭരണ വകുപ്പ്	നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള ബി.എസ്.എൻ.എൽ., റിലയൻസ് ഇൻഫോകോം എന്നീ കമ്പനികൾക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി വസ്തുനികുതി കുടിശ്ശിക ഈടാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
17	49	തദ്ദേശ സ്വയംഭരണ വകുപ്പ്	റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ടെന്ന പെരുന്തൽമണ്ണ മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി കുടിശിക തുക ഈടാക്കി റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
18	53	തദ്ദേശ സ്വയംഭരണ വകുപ്പ്	സ്ഥാപിക്കാനുണ്ടായിരുന്ന 9 ബയോഗ്യാസ് യൂണിറ്റുകളിൽ 6 എണ്ണം സ്ഥാപിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്നും 3 എണ്ണം ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയെന്നും ഓഡിറ്റ് വകുപ്പ് മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ സമിതി മുമ്പാകെ വിശദീകരിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
19	57	തദ്ദേശ സ്വയംഭരണ വകുപ്പ്	വണ്ടൂർ ഗ്യാസ് ശ്മശാനത്തിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
20	59	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
21	63	തദ്ദേശ സ്വയംഭരണ വകുപ്പ്	മലപ്പുറം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ R-Track നടപടിക്രമങ്ങളുടെ വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
22	64	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ നിയമപരമായി തദ്ദേശഭരണ സ്ഥാപനത്തിൽ ചുമതല നിക്ഷിപ്തമല്ലാത്ത റോഡുകളിൽ പ്രവൃത്തി നടത്തുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

23	75	തദ്ദേശ സ്വയംഭരണ വകുപ്പ്	പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്തിരുന്നതിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും തുക ലഭിച്ചതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
24	76	തദ്ദേശ സ്വയംഭരണ വകുപ്പ്	അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
25	77	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് പരിധിയിലെ എയ്ഡഡ് സ്കൂളുകളിൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം ടോയ്‌ലെറ്റ് നിർമ്മിച്ച പ്രവൃത്തിയുമായി ബന്ധപ്പെട്ട ചെലവിന്റെ കൃത്യത പരിശോധിക്കാനുള്ള എം.ബുക്ക് ലഭ്യമായിട്ടില്ലെന്ന പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
26	78	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, നിലമ്പൂർ നഗരസഭ 447/17-ാം നമ്പർ പ്രോജക്ടിൽ മോണിറ്ററിംഗ് നടത്തിയില്ലെന്ന പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
27	79	തദ്ദേശ സ്വയംഭരണ വകുപ്പ്	കുറ്റിപ്പുറം, ആനക്കയം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
28	80	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, നിലമ്പൂർ നഗരസഭ 465/17-ാം നമ്പർ പ്രോജക്ടിന്റെ

			പൂർത്തീകരണ ശേഷം ആസ്തിയുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
29	82	തദ്ദേശ സ്വയംഭരണ വകുപ്പ്	മാലിന്യ നിർമ്മാർജ്ജന രംഗത്ത് അനുകരണീയ മാതൃകയാണ് 'ശുചിത്വ മഹത്വം സുജീവിതം' എന്ന പേരിൽ നന്നംമുക്ക് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ മാലിന്യ നിർമ്മാർജ്ജന പരിപാടി എന്ന് സമിതി അഭിപ്രായപ്പെടുന്നു. നിലവിലും പ്രസ്തുത പരിപാടി നല്ല രീതിയിൽ തുടരുന്നതിൽ നന്നംമുക്ക് ഗ്രാമപഞ്ചായത്തിനെ സമിതി അഭിനന്ദിക്കുന്നു.
30	85	തദ്ദേശ സ്വയംഭരണ വകുപ്പ്	പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിലെ ടോയ്‌ലെറ്റുകളിൽ ജലം ലഭ്യമല്ലെന്ന് ഓഡിറ്റ് വകുപ്പ് സമിതി മുമ്പാകെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കുറവ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രത്തിന് വേണ്ടി പണിതിട്ടുള്ള കെട്ടിടത്തിലെ ടോയ്‌ലെറ്റിൽ ജലലഭ്യതയ്ക്കുള്ള കണക്ഷൻ നൽകി ജലം ലഭ്യമാക്കിയതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
31	91	തദ്ദേശ സ്വയംഭരണ വകുപ്പ്	ശബ്ദമലിനീകരണമുണ്ടാകുന്ന സ്ഥലത്ത് സാംസ്കാരിക നിലയം സ്ഥാപിച്ചതിൽ സമിതി അതൃപ്തി അറിയിക്കുകയും പൊതുസ്വത്ത് ദുരുപയോഗപ്പെട്ടുപോകാൻ പാടില്ലെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. ആലംകോട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സാംസ്കാരിക നിലയത്തിലെ ഒഴിഞ്ഞുകിടക്കുന്ന റൂമുകൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.
32	97	തദ്ദേശ സ്വയംഭരണ വകുപ്പ്	കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുമ്പോഴുള്ള നിയമമനുസരിച്ചാണ് കെട്ടിടം നിർമ്മിക്കേണ്ടതെന്നും അതിനുശേഷമുള്ള നിയമം പ്രസ്തുത കെട്ടിടത്തിന് ബാധകമല്ലെന്നും കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ അന്നത്തെ നിയമമനുസരിച്ച് ലിഫ്റ്റ് സ്ഥാപിക്കേണ്ടതുണ്ടായിരുന്നോ എന്നത് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ നിർമ്മാണം റെഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

33	99	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ നഗരസഭ മരാമത്ത് പ്രവൃത്തി രേഖകളിൽ കൃത്രിമം കാണിച്ച് 3.69 ലക്ഷം രൂപ അധികം പിൻവലിക്കുകയും ഓഡിറ്റ് നിർദ്ദേശിച്ചതിനെ തുടർന്ന് തുക തിരിച്ചടവാക്കുകയും ചെയ്തതായുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
34	101	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ എടരിക്കോട് ഗ്രാമപഞ്ചായത്തിലെ ബജറ്റ് രൂപീകരണത്തിലെ പോരായ്മകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
35	103	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പൊന്നാനി നഗരസഭയിൽ ഉമ്പായികട ലൈറ്റ് ഹൗസ് റോഡ് റീടാറിംഗ് & ഇന്റർലോക്ക് പാകലിലെ പാഴ്ചെലവ് സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
36	105	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരപ്പനങ്ങാടി നഗരസഭയിൽ ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകകൾ അക്കൗണ്ടിൽ അടവാക്കുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

അനുബന്ധം - II
93

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ടിലെ അദ്ധ്യായം 8, 9 -എന്നിവയിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

AB3/4/2017-LSGD

ഖണ്ഡിക നമ്പർ	വിഷയം	നടപടി വിവരം
8.18	**അദ്ധ്യായം - 8 (മഞ്ചേരി നഗരസഭ)** അറവുശാലയിലെ ആധുനിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല 32,58,000/- രൂപ പാഴ്ചെലവ് *അറവുശാല നവീകരിച്ചത് വ്യക്തമായ പഠനം നടത്താതെ *മാലിന്യസംസ്കരണത്തിന് സംവിധാനമില്ല. *അറവുശാലാ പ്രവർത്തനം മലിനീകരണ നിയന്ത്രണബോർഡ്, ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നിവയുടെ അനുമതിയില്ലാതെ *മാംസം സുരക്ഷിതമെന്ന് ഉറപ്പുവരുത്തുന്നില്ല. 1. അറവുശാലയിൽ ഏർപ്പെടുത്തിയ ആധുനിക സൗകര്യങ്ങളൊന്നും ഉപയോഗപ്പെടുത്താതെ പരമ്പരാഗത രീതിയിലാണ് ഇപ്പോഴും മൃഗങ്ങളെ കശാപ്പ് ചെയ്യുന്നത്. 2. മാലിന്യ സംസ്കരണത്തിന് നിലവിൽ ഫലപ്രദമായ സംവിധാനമില്ല. 3. അറവുശാലയിൽ സ്ഥാപിച്ച ഉപകരണങ്ങൾ നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. 4. മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഭക്ഷ്യ സുരക്ഷാ	നഗരസഭയുടെ പല ഭാഗങ്ങളിലും അശാസ്ത്രീയമായും വൃത്തിഹീനമായ പരിസരത്തും കശാപ്പ് ചെയ്ത മാംസാഹാരമാണ് ജനങ്ങൾക്ക് ലഭ്യമായിരുന്നത്. ആയത് നിരവധി ആരോഗ്യ മാലിന്യ പ്രശ്നങ്ങൾക്ക് കാരണമായി. ആയതിനാൽ ഇതിനൊരു അറുതി വരുത്തുക എന്ന ഉദ്ദേശത്തോടെയാണ് മഞ്ചേരി നഗരസഭ 2002-2003 കാലഘട്ടങ്ങളിൽ ആധുനിക അറവ് ശാല നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയത്. 32,58,000 രൂപ അടങ്കൽ പദ്ധതിയിൽ 2002-2003 സാമ്പത്തിക വർഷത്തിൽ പ്രവർത്തി പൂർത്തീകരിച്ച് നാളിതുവരെ വർഷാവർഷങ്ങളിൽ കുത്തകക്കാർക്ക് ലേലം ചെയ്ത് നൽകിയിട്ടുള്ളതാണ്. പരമ്പരാഗതമായ കട്ടിംഗ് രീതിയാണ് ഇവിടെ നടത്തിവരുന്നത്. ശാസ്ത്രീയവും, ആധുനികവുമായ സംവിധാനം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ച് ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടി നഗരസഭ നടത്തിവരുന്നുണ്ട്. നിലവിൽ അറവുശാലയിൽ ഉണ്ടാകുന്ന സ്ലറി, ചാണകം മുതലായവ സംസ്കരിക്കുന്നതിന് സംവിധാന ഏർപ്പെടുത്തിയിട്ടുള്ളതും മാലിന്യ സംസ്കരണത്തിന് PCB AUTHORISATION 2026 വരെ ലഭ്യമായിട്ടുള്ളതുമാണ്. അറവുശാലയിൽ ജോലി ചെയ്തിരുന്ന ഡോക്ടർ ജോലിയിൽ നിന്നും

94

	വകുപ്പിന്റെയും ലൈസൻസ് നേടാതെയാണ് സ്ഥാപനം നാളിതുവരെ പ്രവർത്തിച്ചത്. 5. അറവുശാലയിൽ കാശാപ്പ ചെയ്യുന്ന മൃഗങ്ങളുടെ ആന്റിമോർട്ടം, പോസ്റ്റ്മോർട്ടം എന്നിവ നടത്തി മാംസം സുരക്ഷിതമാണെന്ന് ഉറവു വരുത്തുന്നില്ല.	വിടുതൽ ചെയ്യതിനെതുടർന്ന് നിലവിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല. അറവ് ശാലയിൽ ആൻറിമോട്ടവും, പോസ്റ്റ്മോർട്ടവും നടത്തുന്നതിന് നഗരസഭ വെറ്റിനറി സർജന് പ്രയാസമാണ് എന്ന് അറിയിച്ചിരുന്ന സാഹചര്യത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ഒരു ഡോക്ടറെ നിയമിക്കുന്നതിന് നഗരസഭ തീരുമാനിക്കുകയും എന്നാൽ 1500 രൂപ ദിവസ വേതനത്തിന് ഡോക്ടറെ ലഭിക്കാതെ വരുന്ന സാഹചര്യമാണ് ഉണ്ടായത്. നിയമസഭാ സമിതി യോഗത്തിന്റെ മുന്നോടിയായിട്ടുള്ള സർക്കാരിന്റെ അവലോകനയോഗത്തിൽ ടി വിഷയം പരിശോധിക്കുകയും ദിവസ വേതനത്തിന് ഡോക്ടറെ ലഭിക്കാതെ വരുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ താൽക്കാലിക സംവിധാനം എന്ന നിലയിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും നിലവിലുള്ള നഗരസഭാ വെറ്റിനറി സർജന്റെ നേതൃത്വത്തിൽ പരിശോധന നടത്തി കശാപ്പിന് എത്തിക്കപ്പെടുന്ന മൃഗങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തേണ്ടതാണ് എന്നുള്ള നിർദ്ദേശം നഗരസഭാ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ടി നിർദ്ദേശം നടപ്പിലാക്കി ബഹു. നിയമസഭാ സമിതി മുമ്പാകെ നേരിട്ട് വസ്തുതകൾ ബോധിപ്പിക്കുവാൻ നഗരസഭാ സെക്രട്ടറിയോടും വെറ്റിനറി സർജനോടും നിർദ്ദേശിച്ചിട്ടുണ്ട്.
8.19	**വളാഞ്ചേരി ഗ്രാമപഞ്ചായത്ത്** ജൈവവള ഉൽപ്പാദന യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല – 14.73 ലക്ഷം പാഴായി 15 വർഷം മുമ്പ് തുടക്കമിട്ട പദ്ധതി എങ്ങുമെത്താതെ നീളുന്നു.	വളാഞ്ചേരി നഗരസഭ ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ പ്രദേശത്തെ രൂക്ഷമായ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് 2002 ൽ മാലിന്യം സംസ്കരിക്കുന്നതിനായി ജൈവവള ഉത്പാദന പദ്ധതിക്കു വേണ്ടി 1.74 ഏക്കർ ഭൂമി വാങ്ങുകയുണ്ടായി. എന്നാൽ പ്രദേശവാസികളുടെ എതിർപ്പ് മൂലം പദ്ധതി ആരംഭിക്കുവാൻ

95

	<u>പദ്ധതിക്കായി ആർജ്ജിച്ച ആസ്തികൾ നിഷ്ഫലം.</u> 1. നിലവിലെ വാർഡ് രണ്ടിൽ വട്ടപ്പാറ എന്ന സ്ഥലത്ത് 1.77 ഏക്കർ സ്ഥലം കാട് മൂടി കിടക്കുന്നു. 2. ട്രസ്സ് വർക്കിനായി വാങ്ങിയ സാമഗ്രികൾ നിലവിലെ വാർഡ് ഏഴിൽ ടി.കെ. ആബിദലി, തറയങ്കണ്ടത്ത്, കുളമംഗലം എന്ന വ്യക്തിയുടെ വിട്ടുപറമ്പിൽ തുരുമ്പെടുത്ത് കിടക്കുന്നതായി കണ്ടു. ഒരു ലക്ഷത്തോളം രൂപ വില വരുന്ന സാധനങ്ങളാണിത്. 3. മാലിന്യം നീക്കാനായി 2008 മാർച്ചിൽ വാങ്ങിയ KL-55 B 5828 നമ്പർ ലോറി ഗ്രാമപഞ്ചായത്തിനടുത്ത് സർവ്വീസ് ബാങ്കിന്റെ കോമ്പൗണ്ടിൽ വെയിലും, മഴയുമേറ്റ് വെറുതെ കിടക്കുന്നു. ഇതിനായി ഒരു താൽക്കാലിക ഷെഡ് പോലും നിർമ്മിച്ചിട്ടില്ല. ചുരുക്കത്തിൽ സാമഗ്രികൾക്കായി ചെലവ് ചെയ്ത 6,57,798,/- രൂപയും, വാഹനം വാങ്ങിയ 8,15,000/- രൂപയുമടക്കം 14,72,798//- രൂപ പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്.	സാധിച്ചില്ല. ആർ.ഡി.ഒ-യുടെ നേതൃത്വത്തിൽ നടന്ന ചർച്ചയെ തുടർന്ന് ക്ലീൻ കേരള മിഷന്റെ അംഗീകാരത്തോടെ ജൈവവള ഉത്പാദന പദ്ധതി ഏറ്റെടുക്കുയും മിഷന്റെ അംഗീകൃത ഏജൻസിക്ക് നിർമ്മാണ ചുമതല നൽകുകയും ഉപകരണങ്ങൾ വാങ്ങുന്നതിനും സപ്ലൈ ചെയ്യുന്നതിനും അനുമതി നൽകുകയും, ടി ആവശ്യത്തിലേക്കായി വാഹനം വാങ്ങുകയും ചെയ്തു. എന്നാൽ വീണ്ടും പ്രദേശവാസികൾ പ്രക്ഷോഭം തുടങ്ങുകയും പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തു. ഈ വസ്തു നഗരസഭയുടെ ആസ്തിയായി ഇപ്പോഴും സംരക്ഷിച്ചു വരുന്നു. ഇതിനോട് അനുബന്ധിച്ച് വാങ്ങിയിട്ടുള്ള ലോറി അന്നത്തെ കാലത്ത് ദൈനംദിന കാര്യങ്ങൾക്കും ശുചീകരണ പ്രവർത്തനത്തിനായും ഉപയോഗിച്ചിട്ടുള്ളതുമാണ്. എന്നാൽ പിന്നീട് ഉപയോഗ ശൂന്യമാകുകയും നിരത്തിൽ ഇറക്കാൻ കഴിയാതെ വന്നിട്ടുള്ളതിനാൽ കണ്ടം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. വാഹനം സബന്ധിച്ച് ഓഡിറ്റ് തടസ്സം നീക്കുന്നതിനും ആയത് സാധൂകരിക്കുന്നതിനായുള്ള ശുപാർശ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായുള്ള തീരുമാനം എടുക്കുന്നതിന് നഗരസഭാ കൗൺസിലിൽ അജണ്ട സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണെന്നും. പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നിലവിൽ നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകുകയും നഗരസഭയുടെ ഹരിത കർമ്മസേന വീടുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് അംഗീകൃത ഏജൻസിക്ക് കൈമാറുകയും ചെയ്തു വരികയാണ്. ടി പരാമർശത്തിലെ 1.74 ഏക്കർ ഭൂമിയിൽ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി FSTP PLANT നിർമിക്കുന്നതിനും ആയതിന്റെ നിർമാണത്തിനായി IRTC-ക്ക് കരാർ നൽകിയിട്ടുള്ളതാണെന്നും തദ്ദേശസ്വയംഭരണ

96

		വകുപ്പ് പ്രിൻസിപ്പിൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
9.10	**<u>അദ്ധ്യായം - 9</u>** **<u>(പെരിന്തൽമണ്ണ നഗരസഭ)</u>** ലോൺടി യൂണിറ്റ് ആരംഭിച്ചില്ല – നഗരസഭയിൽ നിന്നും സഹകരണ സംഘത്തിന് നൽകിയ 2,00,000/- രൂപ പലിശ സഹിതം തിരിച്ചടച്ചു.	ഓഡിറ്റ് പരാമർശത്തിൻമേൽ 70,000/- രൂപ പലിശ സഹിതം ആകെ 2,70,000/- രൂപ പെരിന്തൽമണ്ണ സബ് ട്രഷറിയിൽ തിരിച്ചടച്ചിട്ടുള്ളതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പലിശ സഹിതം തുക തിരിച്ചടച്ചിട്ടുള്ളതിനാൽ ടി പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
9.11	**<u>വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്</u>** <u>നിർദ്ദിഷ്ട ലൈസൻസ് ഫീ ഈടാക്കിയില്ല – പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം സ്ഥാപനങ്ങൾ പലിശ സഹിതം തിരിച്ചടച്ചു.</u> വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ പോബ്സൺ ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ്, നാലകത്ത് ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് അഞ്ച് വർഷ കാലാവധിയിൽ ലൈസൻസ് അനുവദിച്ചപ്പോൾ പ്രതിവർഷ ലൈസൻസ് ഫീസിന്റെ അഞ്ചിരട്ടി തുക ഈടാക്കാത്തത് മൂലമുണ്ടായ 1,09,020/- രൂപയുടെ നഷ്ടം 5.3.2016 ലെ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് 23,207/- രൂപ പലിശ സഹിതം (ആകെ 1,32,857/- രൂപ) പഞ്ചായത്ത് ഫണ്ടിൽ അടവുവരുത്തി.	വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ പോബ്സൺ ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ്, നാലകത്ത് ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് അഞ്ച് വർഷകാലത്തേക്ക് ലൈസൻസ് അനുവദിച്ചപ്പോൾ പ്രതിവർഷ ലൈസൻസ് ഫീസിന്റെ അഞ്ചിരട്ടി തുക ഈടാക്കാത്തത് മൂലം 109050/- രൂപയുടെ നഷ്ടം സംഭവിച്ചു എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഓഡിറ്റ് സമയത്ത് കണ്ടെത്തുകയും പ്രസ്തുത തുക 23207/- രൂപ പലിശ സഹിതം ആകെ 132857/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ രസീതി നമ്പർ 11504104472 തീയതി 15/03/2016, രസീതി നമ്പർ 11504104378 തീയതി 10/03/2016 പ്രകാരം അടവുവരുത്തുകയും ചെയ്തിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. പലിശ സഹിതം തുക തിരിച്ചടച്ചിട്ടുള്ളതിനാൽ ടി പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

97

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത റിപ്പോർട്ടിലെ അദ്ധ്യായം 4 ൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

ഖണ്ഡിക നമ്പർ	വിഷയം	നടപടി വിവരം
അദ്ധ്യായം - 4 **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസ്തി ആർജിക്കലും കൈയൊഴിയലും**		
4.1.2 (ii)	**മഞ്ചേരി നഗരസഭ** മാർക്കറ്റ് കോംപ്ലക്സിലെ ബയോഗ്യാസ് പ്ലാന്റ് 16.43 ലക്ഷം ചെലവഴിച്ചിട്ടും പ്രവർത്തന രഹിതമായി തുടരുന്നു. മഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള മാർക്കറ്റിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അക്രഡിറ്റഡ് ഏജൻസിയായ ഐ. ആർ.റ്റി.സി (IRtC) മുഖാന്തിരം ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചെങ്കിലും മെഷിനറികൾ സ്ഥാപിക്കുന്ന ഷെഡ്ഡിന്റെ നിർമ്മാണം പൂർത്തിയായില്ല എന്നും വയറിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടില്ല. പ്ലാന്റിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയാക്കി മാലിന്യത്തിൽ നിന്ന് ഗ്യാസ് ഉത്പാദിപ്പിക്കുന്നതിന് നാമമാത്രമായ തുടക്കം കുറിച്ചതായി കാണുന്നു. നിലവിൽ പ്ലാന്റുകൊണ്ട് വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ലഭിക്കേണ്ട പ്രയോജനം ഉണ്ടാകുന്നില്ല എന്ന് വ്യക്തമാണ്. അടിസ്ഥാനപരമായി പഠനം നടത്താതെയും, നിർവ്വഹണ സമയത്ത് കൃത്യമായി ഇടപെട്ട് നിർമ്മാണം വിലയിരുത്തി നിർദ്ദേശം നൽകാതെയും പദ്ധതി മുന്നോട്ട് കൊണ്ടുപോയത് ഇതിന്റെ	നഗരസഭ മാർക്കറ്റിൽ അക്രഡിറ്റഡ് ഏജൻസിയായ ഐ. ആർ.റ്റി.സി (IRTC) മുഖാന്തിരം സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റിന്റെ തുടർച്ചയായ പ്രവർത്തനം മൂലം ബയോഗ്യാസ് പ്ലാന്റിൽ സ്ലറി അധികരിക്കുകയും നിലവിൽ പ്രവർത്തനം തടസ്സപ്പെടുകയും ചെയ്തിട്ടുള്ളതാണെന്നും അടിഞ്ഞു കൂടിയിട്ടുള്ള സ്ലറി നീക്കം ചെയ്ത് പ്ലാന്റ് പ്രവർത്തന സജ്ജമാക്കുന്നതിന് IRTC 14,74,625/- രൂപയുടെ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ഇത്രയും ഭീമമായ തുക ദിവസേന ഒരു ടൺ മാത്രം സംസ്കരിക്കാൻ കഴിയുന്ന സംവിധാനത്തിന് തുടരെ തുടരെ ചെലവ് വരുന്നത് നഗരസഭക്ക് ബാധ്യതയാകുമെന്നും ,ആകയാൽ ടി സംവിധാനത്തിന് പകരം മറ്റേതെങ്കിലും മാർഗ്ഗം സ്വീകരിക്കാൻ കഴിയുമോ എന്ന് പഠനവിധേയമാക്കുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുള്ളതായും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു. പരാമർശ വിധേയമായിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് മുന്നോടിയായി അടിസ്ഥാനപരമായി പഠനം നടത്താതെയും, നിർവ്വഹണ സമയത്ത് കൃത്യമായി ഇടപെട്ട്

98

	വിജയസാധ്യതകൾ ഇല്ലാതാക്കി. നാളിതുവരെ പ്രവൃത്തിക്കുവേണ്ടി 16.43 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പ്ലാന്റും പരിസരവും സംസ്കരിക്കാത്ത മാലിന്യങ്ങളുടെ കേന്ദ്രം എന്ന നിലയിൽ ഉപയോഗശൂന്യമായി അവശേഷിക്കുന്നു.	നിർമ്മാണം വിലയിരുത്തി നിർദ്ദേശം നൽകാതിരുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥരെ സംബന്ധിച്ചുള്ള വിവരങ്ങളും പ്ലാന്റ് തുടർന്ന് ശരിയായ രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിനായുള്ള സാങ്കേതിക പരിശോധന ഉൾപ്പെടെ നടത്തി വിശദമായ റിപ്പോർട്ടും സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നുള്ള വിവരം ബഹു സമിതി മുമ്പാകെ അറിയിക്കുന്നു.
4.9.3 (i)	**<u>മലപ്പുറം നഗരസഭ</u>** <u>ആസ്തികളുടെ ഉപയോഗം വാടകക്കാരിൽ നിന്നും ലക്ഷ്വറി ടാക്സ് ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ പര്യാപ്തമല്ല.</u> <u>(I) ലക്ഷ്വറി ടാക്സ് ഇനത്തിലെ റിക്കവറി തുക നഗരസഭാ ഫണ്ടിൽ നിന്നും അടവാക്കി.</u> 1976-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് നിയമം വകുപ്പ് 32 പ്രകാരം കൺവെൻഷൻ സെന്റർ, ഹാൾ, കല്യാണമണ്ഡപം, ഓഡിറ്റോറിയം തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതും പ്രസ്തുത സ്ഥാപനത്തിൽ നടക്കുന്ന ഓരോ പരിപാടിക്കും വാങ്ങുന്ന 3,000/- രൂപ മുതൽ 10,000/- രൂപ വരെയുള്ള തുകകൾക്ക് 10%-ഉം 10,000/- രൂപ മുതൽ 20,000/- രൂപ വരെയുള്ള തുകകൾക്ക് 1500-ഉം ലക്ഷ്വറി ടാക്സിനത്തിൽ കക്ഷികളിൽ നിന്നും ഈടാക്കേണ്ടതുമാണ്. എന്നാൽ നഗരസഭ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ 'കുന്നുമ്മൽ വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ടൗൺ ഹാൾ' വാടകയ്ക്ക് എടുത്ത കക്ഷികളിൽ നിന്ന്	കൊമേർഷ്യൽ ടാക്സ് ഓഫീസിൽ നിന്നുള്ള അറിയിപ്പിനെ തുടർന്ന് പരാമർശ ടൗൺ ഹാളിന്റെ വാടകയോടൊപ്പം ലക്ഷ്വറീസ് ടാക്സ് കൂടി കൃത്യമായി ഈടാക്കി സർക്കാരിലേക്ക് അടവാക്കി വരുന്നുവെന്നും കുടിശ്ശിക തുക അടവാക്കണമെന്ന അറിയിപ്പിനെ തുടർന്ന് ഉപഭോക്താക്കളിൽ നിന്നും ഈടാക്കാതിരുന്ന പ്രസ്തുത തുക അടവാക്കുവാൻ നിർവാഹമില്ല എന്ന് കൗൺസിൽ തീരുമാനിച്ചിരുന്നുവെന്നും തുടർന്ന് ജപ്തി ഡിമാൻഡ് നോട്ടീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ ചെയർമാന്റെ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർക്ക് ജപ്തി നടപടി നിർത്തിവെക്കുവാൻ കത്ത് നൽകിയിട്ടുള്ളതാണെന്നും ജപ്തി നടപടി വിഷയം നഗരസഭാ കൗൺസിലിൽ വെക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.ഹൈകോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതാണെന്നും നഗരസഭാ കൗൺസിൽ തീരുമാന പ്രകാരമാണ് ലക്ഷ്വറീസ് ടാക്സ് ഇനത്തിൽ ഈടാക്കാതിരുന്ന തുക 3,25,263/- രൂപ നഗരസഭ തനത് ഫണ്ടിൽ നിന്നും അടവാക്കിയതെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

99

	ലക്ഷ്വറി ടാക്സ് ഈടാക്കിയില്ല. ആയതിനാൽ ലക്ഷ്വറി ടാക്സ് ഇനത്തിൽ കുടിശ്ശികയും പലിശയുമടക്കം 3,25,263/- രൂപ നഗരസഭാ ഫണ്ടിൽ നിന്നും ഒടുക്ക വരുത്തി. ലക്ഷ്വറി ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ (215-ാം വകുപ്പ്) പര്യാപ്തമല്ലാത്തതിനാൽ ആയത് യഥാവിധി ഈടാക്കുന്നതിന് കഴിയാതെ വരുന്നു. ഈ അപാകത പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി ആവശ്യമാണ്.	
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18-ലെ സമാഹൃത റിപ്പോർട്ടിലെ അദ്ധ്യായം 1, 4 – എന്നിവയിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക		
ഖണ്ഡിക നമ്പർ	**വിഷയം**	**നടപടി വിവരം**
	അദ്ധ്യായം - 1 **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് തെരഞ്ഞെടുത്ത പരാമർശങ്ങൾ**	
1.10.1	**വേങ്ങര ഗ്രാമ പഞ്ചായത്ത്** സർക്കാർ അനുമതിയില്ലാതെ പുതിയ ഭവന നിർമ്മാണ പ്രോജക്ട് നടപ്പിലാക്കി സർക്കാർ അനുമതി ലഭ്യമാക്കാതെ വേങ്ങര ഗ്രാമ പഞ്ചായത്ത് പുതിയ ഭവന നിർമ്മാണ പ്രോജക്ട്സ് (പ്രോജക്ട് നമ്പർ 27/17, വീട് നിർമ്മാണം - ജനറൽ) ഏറ്റെടുക്കുക വഴി	പരാമർശത്തിലെ ഓഡിറ്റ് തടസ്സവാദം ഒഴിവാക്കുന്നതിനായി സർക്കാരിന്റെ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ പരാമർശ വിഷയം ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയുടെ പരിഗണനയിൽ ആയതിനാൽ സാധൂകരണം സംബന്ധിച്ച് സർക്കാരിന് തീരുമാനമെടുക്കാൻ

	1,00,80,000/- രൂപ വികസന ഫണ്ടിൽ നിന്നും ക്രമ വിരുദ്ധമായി ചെലവഴിച്ചു. പദ്ധതി മാർഗ്ഗരേഖ ലംഘിച്ചാണ് മേൽ പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത്.	സാധിക്കാത്ത സാഹചര്യത്തിൽ ക്രമവിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിനുള്ള വിശദീകരണം അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
1.10.2	**മൂർക്കനാട് ഗ്രാമപഞ്ചായത്ത്** നികുതി നിർണ്ണയിക്കാതെ 11 മൊബൈൽ ടവറുകൾ - പഞ്ചായത്തിന് വരുമാന നഷ്ടം ഗ്രാമ പഞ്ചായത്തിൽ 2010-17 വർഷത്തിൽ 12 ടവറുകൾ പ്രവർത്തിക്കുന്നതായി സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആകെ ഒരു ടവറിന് മാത്രമാണ് (ഐഡിയ സെല്ലുലാർ ലി. 234, കൊളത്തൂർ - ആല്ലംകൂട്ടം) നികുതി ഈടാക്കിയിട്ടുള്ളത്. ബാക്കിയുള്ളവയ്ക്ക് നാളിതു വരെ നികുതി നിർണ്ണയിച്ചിട്ടില്ല. നികുതി നിർണ്ണയിക്കാത്ത പ്രസ്തുത ടവറുകൾക്ക് നിർമ്മാണ അനുമതി നൽകിയിട്ടുണ്ടോ എന്നും വ്യക്തമല്ല. വർഷങ്ങളായി പ്രവർത്തിക്കുന്ന ടവറുകൾക്ക് നികുതി ഈടാക്കാത്തത് വഴി ഗ്രാമ പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടമാണ് ഓരോ വർഷവുംസീകരിച്ചില്ല എന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.	മൂർക്കനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ 13 മൊബൈൽ ടവറുകൾ ഉണ്ടെന്നും ഇവയുടെയെല്ലാം നികുതി പിരിച്ചെടുത്ത് കാലികമാക്കിയിട്ടുള്ളതാണെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
1.10.3	**മഞ്ചേരി നഗരസഭ** 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ നഗരസഭയിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ	നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട ഉടമ അപേക്ഷിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടനമ്പർ അനുവദിക്കുന്നതെന്നും. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായിട്ടാണ് നികുതി നിർണ്ണയിക്കുന്നതെന്നും. വ്യത്യസ്ത ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്കു വ്യത്യസ്ത നിരക്കിലുള്ള നികുതിനിർണ്ണയിച്ച് കെട്ടിട

101

	യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിട നമ്പറുകൾ അനുവദിക്കുകയും അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്തുവരുന്നത്.	നമ്പർ നൽകുകയാണ് ചെയ്യുന്നതെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
1.10.4	<u>**മഞ്ചേരി നഗരസഭ**</u> <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി - 28,56,905/- രൂപ കുടിശ്ശിക.</u> നഗരസഭയിൽ സ്ഥിതി ചെയ്യുന്ന 28 മൊബൈൽ ടവറുകളിൽ 4 എണ്ണം മാത്രമേ ഓഡിറ്റ് വർഷം വരെ വസ്തുനികുതി പൂർണ്ണമായും അടവാക്കിയിട്ടുള്ളു. ബാക്കിയുള്ള ടവറുകളിൽ ചിലത് 2009-10 മുതൽ വസ്തുനികുതി അടവാക്കിയിട്ടില്ല.	പരാമർശിച്ചിട്ടുള്ള 24 മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഉള്ളതിൽ 11 എണ്ണം പൂർണ്ണമായും നികുതി കുടിശ്ശിക അടവാക്കിയിട്ടുള്ളതാണെന്ന പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 13 മൊബൈൽ ടവറുകളുടെ നികുതി അടിയന്തരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്.
1.10.5	<u>**കോട്ടയ്ക്കൽ നഗരസഭ**</u> <u>വസ്തുനികുതി നിർണ്ണയത്തിലും നികുതി പിരിവിലുമുള്ള അപാകതകൾ</u> (a) നഗരസഭ സമർപ്പിച്ച 2010-17 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ ലൈബ്രറി സെസ് അടക്കം 72,31,747/- രൂപ ഇനിയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. (b) 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം / പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മൂന്നു മേഖലകളായി തരംതിരിക്കേണ്ടതാണ് എന്നും, യാതൊരു കാരണവശാലും പ്രഥമം, ദ്വിതീയം	2016-17 സാമ്പത്തിക വർഷത്തിലെ കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തു നികുതി തുടർ വർഷങ്ങളിൽ പിരിച്ചെടുത്തിട്ടുള്ളതാണ്. 2016-17 സാമ്പത്തിക വർഷം വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിജ്ഞാപനം നഗരസഭ ചർച്ച ചെയ്ത അവസരത്തിൽ നഗരസഭയിലെ എല്ലാ പ്രദേശങ്ങളും ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ 2023-24 വർഷത്തെ വസ്തു നികുതി പരിഷ്കരണത്തിൽ നഗരസഭ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം മേഖലകളാക്കി തിരിക്കുന്നതിന് തീരുമാനിച്ച് നടപ്പിലാക്കിയിട്ടുള്ളതും ആയതിൻ പ്രകാരം വസ്തു നികുതിയിൽ മാറ്റം വരുത്തിയിട്ടുള്ളതുമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

102

	മേഖലകൾ ഒഴിവാക്കപ്പെടാൻ പാടില്ല എന്നും നിർദേശിച്ചിരുന്നു. എന്നാൽ നഗരസഭയിലെ മുഴുവൻ പ്രദേശവും ദ്വിതീയ മേഖലകളിൽ ഉൾപ്പെടുത്തിയത് ക്രമവിരുദ്ധമാണ്. മുഴുവൻ പ്രദേശവും ദ്വിതീയ മേഖലകളിൽ ഉൾപ്പെടുത്തി വസ്തു നികുതിയിൽ 10% ഇളവ് അനുവദിച്ചത് മൂലം നികുതി വരുമാനത്തിൽ വൻ കുറവുള്ളതായി കാണുന്നു.	
1.10.6	**വളാഞ്ചേരി നഗരസഭ** മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല മൊബൈൽ ടവറുകളുടെ വസ്തുനികുതി 2016-17 വർഷത്തിൽ ഈടാക്കിയിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനു വേണ്ടനടപടി സ്വീകരിക്കേണ്ടതാണ്.	റിലയൻസ് ഇൻഫോ കോം എന്ന ടവറിന്റെ വസ്തു നികുതി 2014-15 വരെയുള്ളത് 20.03.2023 ന് അടവാക്കിയിട്ടുള്ളതാണ്. ബാക്കി തുക ഒടുക്കുന്നതിന് ടവർ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഭൂവുടമക്ക് നോട്ടീസ് നൽകി റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 9/620,9/984C, 2/485C, 14/598, 19/413A,12/420B എന്നീ ടവറുകളുടെ വസ്തു നികുതി 2023-24 വരെ അടവാക്കിയിട്ടുള്ളതാണ്. 16/1194A ബി.എസ്.എൻ.എൽ ടവറിന്റെ നികുതി റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
1.10.7	**പെരിന്തൽമണ്ണ നഗരസഭ** മൊബൈൽ ഫോൺ ടവറുകൾ - അനുബന്ധ കെട്ടിടങ്ങളുടെ വസ്തുനികുതി - വൻതുക കുടിശ്ശിക നഗരസഭാ പ്രദേശത്ത് നിലവിലുള്ള മൊബൈൽ ഫോൺ ടവറുകളുടെ അനുബന്ധ കെട്ടിടങ്ങളുടെ 31.03.2017 വരെയുള്ള വസ്തുനികുതി വലിയൊരു ഭാഗം നിയമപരമായി ഡിമാന്റ് ചെയ്യാൻ കഴിയാത്തതായിട്ടുണ്ട്. വസ്തുനികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന കമ്പനികളുടെ ടവറുകളുടെ പ്രവർത്തനം തടയുന്നതിനും നഗരസഭയുടെ പരിധിക്കുള്ളിൽ	പരാമർശിച്ചിട്ടുള്ള നികുതി കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്ന 10 മൊബൈൽ ടവറുകൾക്ക് നികുതി കുടിശ്ശിക അടവാക്കുന്നതിന് 29-11-2023 തീയതിയിൽ ടവർ ഉടമകൾക്ക് നോട്ടീസ് നൽകിയിരുന്നുവെന്നും ആയത് പ്രകാരം ഐഡിയ സെല്ലുലാർ, അമേരിക്കൻ ടവർ കോർപ്പറേഷൻ എന്നിവർ കുടിശ്ശിക അടച്ച് തീർത്തിട്ടുള്ളതുമാണ്. കുടിശ്ശിക അടവാക്കാൻ ബാക്കിയുള്ള ടവർ ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ

103

	സ്ഥിതി ചെയ്യുന്ന മുഴുവൻ മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വസ്തനികുതി കൃത്യമായി ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതും നികുതി ഒടുക്കാത്ത അനധികൃതമായുള്ളവ അടച്ചുപൂട്ടുന്നതിനുമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.	അറിയിച്ചിട്ടുണ്ട്.
1.10.8	**<u>മറാക്കര ഗ്രാമപഞ്ചായത്ത്</u>** <u>മുൻകൂർ തുക കൈപ്പറ്റിയിട്ടും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നില്ല</u> ഉറവിടങ്ങളിൽ വെച്ച് തന്നെ മാലിന്യങ്ങൾ സംസ്കരിക്കുകയെന്ന ലക്ഷ്യത്തോടെ 2016-17-ൽ വി.ഇ.ഒ.ക്ക് നിർവ്വഹണ ചുമതല നൽകിയ പ്രോജക്ടാണ് 'വ്യക്തികൾക്ക് ബയോ ഗ്യാസ് പ്ലാന്റ് യൂണിറ്റൊന്നിന് 10,500/- രൂപ ചെലവ് വരുന്ന 112 ബയോഗ്യാസ് യൂണിറ്റുകൾ സ്ഥാപിച്ച് നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 31.03.2017-ലെ 0/10-17 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 10,000/- രൂപയും 31.03.2017-ൽ ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച 2, 25,200/- രൂപയും ഐ.ആർ.ടി.സി-ക്ക് കൈമാറിയെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല.	ഓഡിറ്റ് പരാമർശം സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒയ്ക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് നോട്ടീസ് നൽകിയിരുന്നുവെങ്കിലും നാളിതുവരെ ഇതു സംബന്ധിച്ച് മറുപടി ഒന്നും ലഭ്യമായിട്ടില്ലെന്നും 23.08.2024 ന് ചേർന്ന പഞ്ചായത്ത് യോഗത്തിൽ ടി വിഷയം ഉൾപ്പെടുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് വ്യക്തമായ മറുപടിയും ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തതിന്റെ രേഖകളുടെ പകർപ്പ് സമർപ്പിക്കുകയും ചെയ്തില്ലെങ്കിൽ തടസ്സപ്പെടുത്തിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് അടിയന്തരമായി ജില്ലാ ഓഡിറ്റിനും സർക്കാരിനും ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.
2.2	**<u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>**	
	<u>തിരൂർ മുനിസിപ്പാലിറ്റി</u> <u>എ) വിവര വിജ്ഞാപന വ്യാപനം</u> അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതകളും പ്രവൃത്തി എടുക്കുന്നവർക്ക് പദ്ധതിയുടെ ഭാഗമായി ലഭ്യമാകുന്ന	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ പദ്ധതിയിൻ കീഴിൽ നഗരസഭാ നിവാസികൾ രജിസ്റ്റർ ചെയ്ത് തൊഴിലിന് സന്നദ്ധത പ്രകടിപ്പിച്ചുവെങ്കിലും പ്രതിദിന വേതന നിരക്ക് മറ്റു ജോലിയെ അപേക്ഷിച്ച് വളരെ കുറവായതിനാൽ പിന്നീട്

	അവകാശങ്ങളും സംബന്ധിച്ച് നഗരസഭയിലെ ജനങ്ങൾക്കിടയിൽ ശരിയായ രീതിയിലുള്ള അവബോധം സൃഷ്ടിക്കാൻ വ്യാപകമായ പ്രചരണം ആവശ്യമാണ്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ ശരിയായ രീതിയിൽ അവബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടില്ല. കൈക്കൊണ്ട വിവര വിജ്ഞാപന വ്യാപന പ്രവൃത്തികൾ ഫലപ്രദമായിട്ടില്ല എന്നുമാണ് വ്യക്തമാകുന്നത്.	കൂടുതൽ കുടുംബങ്ങളെ രജിസ്റ്റർ ചെയ്യാൻ സാധിച്ചിരുന്നില്ല. കൂടാതെ നഗരസഭാ പരിധിയിലുള്ളവർക്ക് മറ്റു ജോലി സാധ്യത മെച്ചപ്പെട്ടതിനാലും, തൊഴിലാളികൾ മറ്റു ജോലിയിൽ ഏർപ്പെടുകയും തൊഴിലുറപ്പിനോട് വിമുഖത കാണിക്കുകയും ചെയ്തിരുന്നു. ഇതുമൂലം ആണ് പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ/വ്യക്തികളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുള്ളത്. നിലവിൽ പത്രമാധ്യമങ്ങൾ മുഖേന പ്രചാരണം നടത്തി വരുന്നതിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്കിടയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ശരിയായ അവബോധം സൃഷ്ടിക്കാൻ തിരൂർ നഗർ സഭയ്ക്ക് സാധിച്ചിട്ടുള്ളതാണ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>തിരൂർ മുനിസിപ്പാലിറ്റി</u> <u>ബി) ആസൂത്രണം</u> അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് ഏറ്റവും പ്രധാനമാണ് ആസൂത്രണ പ്രക്രിയ എന്നും ഓരോ നഗരസഭയും ഓരോ സാമ്പത്തിക വർഷവും ഡിസംബർ 31 ന് മുമ്പേ തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട് എന്നും മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ശരിയായ ആസൂത്രണ പ്രക്രിയ നടത്തിയിട്ടില്ല. 2010-11 മുതൽ 2017-18 (31.12.17 വരെ) യുള്ള കാലയളവിൽ പലവർഷങ്ങളിലും വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കിയിട്ടില്ല	2011-12 വർഷത്തിലെ ആക്ഷൻ പ്ലാനും ലേബർ ബജറ്റും ഡിപിസി അംഗീകാരം ലഭിച്ചിട്ടുള്ളതും ആയതിന്റെ തുക അനുവദിച്ചു കിട്ടിയ മുറയ്ക്ക് 2014-15 ൽ നഗരസഭയിൽ പ്രവർത്തികൾ നടപ്പാക്കിയിട്ടുള്ളതുമാണ്. പദ്ധതി നിർവഹണ ഉദ്യോഗസ്ഥരുടെ ഇടയ്ക്കിടെയുള്ള സ്ഥലംമാറ്റവും അനുബന്ധ വിഷയങ്ങളും കാരണമാണ് പരാമർശത്തിൽ സൂചിപ്പിച്ച കാലയളവിൽ വാർഷിക പദ്ധതിയും ലേബർ ബജറ്റും സമയബന്ധിതമായി തയ്യാറാക്കാൻ സാധിക്കാതിരുന്നത്. തുടർന്നുവന്ന എല്ലാ സാമ്പത്തിക വർഷങ്ങളിലും ആക്ഷൻ പ്ലാനും ലേബർ ബജറ്റും നിശ്ചിതകാലയളവിനുള്ളിൽ തന്നെ തയ്യാറാക്കിയ അംഗീകാരം നേടിയിട്ടുള്ളതുമാണ്.

104

105

	തിരൂർ മുനിസിപ്പാലിറ്റി സി) രജിസ്ട്രേഷനും തൊഴിൽകാർഡും തൊഴിൽ നൽകലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിലും തൊഴിൽകാർഡ് വിതരണം ചെയ്യുന്നതിലും തൊഴിൽ നൽകുന്നതിലും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല .	**സി**. പ്രസ്തുത കാലയളവിൽ തിരൂർ നഗരസഭയിൽ രജിസ്റ്റർ ചെയ്ത എല്ലാവർക്കും അർഹതാ മാനദണ്ഡ പ്രകാരം തൊഴിൽ കാർഡ് അനുവദിച്ചിട്ടുള്ളതാണ് .നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിലും തൊഴിൽകാർഡ് വിതരണം ചെയ്യുന്നതിലും തൊഴിൽ നൽകുന്നതിലും നഗരസഭയ്ക്ക് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുള്ളതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
	തിരൂർ മുനിസിപ്പാലിറ്റി ഡി) പ്രവൃത്തികൾ നടപ്പിലാക്കിയ പ്രവൃത്തികളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. പ്രവൃത്തിസ്ഥലത്ത് വേണ്ടതായ രേഖകൾ സൂക്ഷിക്കുന്നതിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലും മതിയായ ശ്രദ്ധ ചെലുത്തുന്നില്ല.	**ഡി**. മുൻവർഷത്തിലെ നീക്കിയിരിപ്പ് ഉപയോഗിച്ച് 2017-18 ൽ പരമാവധി പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതാണ്. ഈ പ്രവർത്തികൾ എല്ലാം 18-7-2013 ന് പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം തയ്യാറാക്കിയത് ആയതിനാൽ പ്രവർത്തി നടത്തിപ്പിന് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. തുടർന്ന് 3-11-2017 ന് ഇറങ്ങിയ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പ്രവർത്തികൾ ഏറ്റെടുക്കുകയും ആയതിൽ ശുചിത്വ പരിപാലനം, മാലിന്യനിർമാർജന പ്രവർത്തനങ്ങൾ, ഭൂവികസന പ്രവർത്തനങ്ങൾ, പിഎംഎവൈ പദ്ധതി തൊഴിൽവിഹിതം, ക്ഷീരകർഷർക്ക് ധനസഹായം എന്നിവ നഗരസഭയിൽ ഏറ്റെടുത്ത് നടപ്പാലാക്കിയിട്ടുള്ളതുമാണ്. നിലവിൽ പ്രവർത്തി സ്ഥലത്ത് വേണ്ട രേഖകൾ സൂക്ഷിക്കുന്നതിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.
	തിരൂർ മുനിസിപ്പാലിറ്റി എഫ്) ഫണ്ട് നഗരസഭാതലം • ആകെ ചെലവിന്റെ 26.91% ഭരണചെലവാണ് • ചെലവ് വിവരങ്ങൾ അടുത്ത കൺസിൽല യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നില്ല.	**എഫ്**. പ്രവർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട് പദ്ധതിയുടെ ആരംഭത്തിലെ ആശയക്കുഴപ്പങ്ങളാണ് പ്രസ്തുത കാലയളവുകളിൽ ചെലവുകൾ കുറയാൻ കാരണമായിട്ടുള്ളത്. തുടർന്ന് വരുന്ന വർഷങ്ങളിൽ ക്രമാനുഗതമായി പദ്ധതി ചെലവ് വർദ്ധിക്കുന്ന രീതിയിലുള്ള പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നുണ്ട്.

106

	• ചെലവുകൾ അംഗീകരിച്ച നഗരസഭാ കൗൺസിൽ യോഗത്തിന്റെ മിനുട്സ്, മേഖലാ ജോയിന്റ് ഡയറക്ടർക്ക് അയച്ചുകൊടുത്തതായി കാണുന്നില്ല.	കൂടാതെ ഓരോ സാമ്പത്തിക വർഷത്തിലെയും വരവ് ചെലവ് കണക്കുകൾ ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് പരിശോധിച്ച ഓഡിറ്റ് റിപ്പോർട്ട് കമ്മിറ്റി കൗൺസിൽ അംഗീകാരം ലഭിച്ചതിനുശേഷം ബന്ധപ്പെട്ട ബഹുജോയ്സ്റ്റ് ഡയറക്ടർക്ക് അയച്ചു നൽകാറുള്ളതാണ്.
	ഐ) <u>വിവരാവകാശ നിയമവും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തലും</u> അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ രേഖകളും പൊതുജനങ്ങൾ ആവശ്യപ്പെടാതെ തന്നെ പ്രസിദ്ധപ്പെടുത്തേണ്ടതാണ് എന്ന സർക്കാർ നിബന്ധന പരിശോധന നടത്തിയ 17 നഗരസഭകളിൽ കൊല്ലം, തിരുവല്ല, പെരുമ്പാവൂർ എന്നിവ ഒഴികെയുള്ള നഗരസഭകളൊന്നും തന്നെ പാലിച്ചിട്ടില്ല.	**ഐ.** നിലവിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സുപ്രധാന വിവരങ്ങൾ നഗരസഭ നോട്ടീസിൽ പ്രദർശിപ്പിക്കുന്നുണ്ട് കൂടാതെ പദ്ധതികൾ വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കിയതിനുശേഷം മാത്രമാണ് തുടർനടപടികൾ സ്വീകരിക്കുന്നത്.
	ജെ) <u>സുതാര്യവും, അക്കൌണ്ടബിലിറ്റി സോഷ്യൽ ഓഡിറ്റും.</u> സുതാര്യതയും അക്കൗണ്ടബിലിറ്റിയും സോഷ്യൽ ഓഡിറ്റും പെരുമ്പാവൂർ നഗരസഭ ഒഴികെ മറ്റ് നഗരസഭകളൊന്നുംതന്നെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പൗരവകാശരേഖ പ്രസിദ്ധീകരിക്കുകയോ സോഷ്യൽഓഡിറ്റ് നടത്തുകയോ ചെയ്തിട്ടില്ല.	ജെ. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടുത്തി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. നിലവിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതകളും അവകാശങ്ങളും സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ശരിയായ രീതിയിലുള്ള അവബോധം സൃഷ്ടിക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട് പദ്ധതികൾ സോഷ്യൽ ഓഡിറ്റ് നടത്തുന്നത് വഴി പദ്ധതി നടത്തിപ്പിലെ സുതാര്യത 100% ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്. പരമാവധി ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നഗരസഭാ ഊന്നൽ നൽകുന്നുണ്ട്.
2.5	<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ ചുമതലാ വിഭജനം</u>	മലപ്പുറം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾ R-Track എന്ന

	മലപ്പുറം ജില്ല കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല മാർഗ്ഗരേഖയിൽ വ്യക്തമായ നിർദ്ദേശമുണ്ടായിട്ടും അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കി ആധികാരികമാക്കാതെയാണ് ഈ മേഖലയിൽ ആസൂത്രണവും നിർവ്വഹണവും നടത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്ന് പോകുന്ന ബ്ലോക്ക്/ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെ വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു.	ഏജൻസിയുമായി സഹകരിച്ച റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി വരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നുവെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
2.6	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ	
	അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് 1) 311/17 - സമ്പൂർണ്ണ വൈദ്യുതീകരണം ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല	1) അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് 2016-17 വർഷത്തിൽ നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണം -സ്ട്രീറ്റ് മെയിൻ വലിക്കൽ പദ്ധതി പ്രകാരം 471400/-രൂപ ചെലവഴിച്ച പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

108

	2) 363/18 - ട്രാൻസ്ഫോർമർ മാറ്റൽ -തുക ചെലവഴിച്ചിട്ടില്ല. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല	2) അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ നടപ്പാക്കിയ സെന്റർ ട്രാൻസ്ഫോർമർ മാറ്റിവെക്കൽ പദ്ധതി പ്രകാരം 155893/- രൂപ ചെലവഴിച്ചട്ടുണ്ടെന്നും എന്നാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അടിയിന്തരമായി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
	3) 385/18 - ഗ്രാമപഞ്ചായത്തിലെ 17 സ്ഥലങ്ങളിൽ KWA പൈപ്പ് തുക ചെലവഴിച്ചിട്ടില്ല. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല	3) അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ നടപ്പാക്കിയ ഗ്രാമപഞ്ചായത്തിലെ 17 സ്ഥലങ്ങളിൽ KWA പൈപ്പ് ലൈൻ നീട്ടൽ (ഡെപ്പോസിറ്റ് പ്രവൃത്തി) പദ്ധതിപ്രകാരം 1375000/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും എന്നാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അടിയിന്തരമായി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
	4) 386/18 - വൈദ്യുതി ലൈൻ മാറ്റൽ- ഇഞ്ചിപ്പുല്ല് പ്രദേശത്തെ കെഎസ്ഇബി ലൈൻ മാറ്റി സ്ഥാപിക്കൽ തുക ചെലവഴിച്ചിട്ടില്ല- ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.	4) അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതി പ്രകാരം ഇഞ്ചിപ്പുല്ല് പ്രദേശത്തെ കെഎസ്ഇബി ലൈൻ മാറ്റി സ്ഥാപിക്കൽ 28427/-രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അടിയിന്തരമായി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ

109

	5) 387/18 - അത്താണി കുടിവെള്ള പദ്ധതിക്ക് ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ തുക ചെലവഴിച്ചിട്ടില്ല. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല	നിർദ്ദേശം നൽകിയിട്ടുണ്ട്. 5) അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ നടപ്പാക്കിയ അത്താണി കുടിവെള്ള പദ്ധതിക്ക് ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ പദ്ധതി പ്രകാരം 40000/- രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
	പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ വർക്ക് ബിൽ എം ബുക്ക് എന്നിവയുടെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.	പരാമർശ പ്രവൃത്തിയുടെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റിനുമുമ്പാകെ പ്രാദേശിക പരിശോധനാ സമയത്ത് ഹാജരാക്കിയിട്ടുള്ളതാണെന്നും തുടർന്ന് ഓഡിറ്റ് വകുപ്പിന്റെ 26/05/2023 ലെ എ.എം.പി.എം.14/2214/22(4) നമ്പർ പുനരഭിപ്രായ കുറിപ്പ് പ്രകാരം പരാമർശം ഒഴിവാക്കിട്ടുള്ളതാണെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	നിലമ്പൂർ നഗരസഭ പദ്ധതി നിർവഹണത്തിന്റെ പുരോഗതി കൃത്യമായ ഇടവേളകളിൽ മോണിറ്ററിന് വിധേയമാക്കുന്നില്ല. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളായ കുടിവെള്ള ഊർജ്ജ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പുകളുടെ പരിശോധിച്ചതിൽ പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ ഒന്നും യോഗം	പദ്ധതി നിർവഹണത്തിന്റെ പുരോഗതി വിലയിരുത്തുന്നത് സംബന്ധിച്ച് വിഷയം സ്റ്റാൻഡിങ് കമ്മിറ്റികളിൽ അജണ്ടയായി സമർപ്പിക്കുകയും പദ്ധതി രൂപീകരണം മാർഗ്ഗരേഖകൾ പ്രകാരം വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് ബുക്കുകളിൽ മോണിറ്ററിംഗ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണെന്നും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ വരും വർഷങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ മോണിറ്ററിംഗ് കമ്മിറ്റികളും ആയി

	ചേർന്നില്ല എന്നത് വ്യക്തമാണ്. പ്രവർത്തികളുടെ പുരോഗതിയും പല പ്രാപ്തിയും വിലയിരുത്തുന്നതിന് സ്ഥാപനവും നിർവഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കുന്നില്ല എന്ന് പരിശോധന വിധേയമാക്കിയ സ്ഥാപനങ്ങളുടെ ഫയലുകളിൽ നിന്ന് വ്യക്തമായി.	പ്രവർത്തിക്കുകയും ചെയ്യും എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.
	നിലമ്പൂർ നഗരസഭ പൂർത്തീകരണ ശേഷം ആസ്തിയുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. (പ്രോജക്ട് 465/2017)	പദ്ധതി പൂർത്തീകരണ ശേഷം ആസ്തി സംബന്ധിച്ച വിവരങ്ങൾ ആസ്റ്റർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.
	ആനക്കയം ഗ്രാമപഞ്ചായത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരണ ശേഷം ആസ്തിയുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. (പ്രോജക്ട് 122/16)	സമാഹൃത ഓഡിറ്റിൽ അനുബന്ധം 10 ൽ പരാമർശിച്ച 122/16 വാല്മീരി ചാലിൽ ഫുട്പാത്ത് പൈപ്പ് ലൈൻ പദ്ധതി പദ്ധതിയുടെ പൂർത്തീകരണ ശേഷം ആസ്തികളുടെ വിവരങ്ങൾ ഓഡിറ്റ് സമയത്ത് ആസ്തിരജിസ്റ്ററിൽ ചേർക്കാൻ വിട്ട് പോയതാണ്. ആയത് ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
അദ്ധ്യായം - 4 **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ അനുകരണീയ മാതൃകകളായി ഉൾപ്പെടുത്തിയിട്ടുള്ള പരാമർശങ്ങളിൽ നിന്നും തെരഞ്ഞെടുത്തവ**		
1	**മലപ്പുറം ജില്ല** നന്നംമുക്ക് ഗ്രാമപഞ്ചായത്ത് 'ശുചിത്വ മഹത്വം സുജീവിതം' മാലിന്യ നിർമ്മാർജ്ജനത്തിന് നല്ല മാതൃക.	മാലിന്യ നിർമ്മാർജ്ജനത്തിന് നല്ല മാതൃകയാണ്. പരാമർശ പദ്ധതിയെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത റിപ്പോർട്ടിലെ അദ്ധ്യായം 1-ൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട		

പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക		
ഖണ്ഡിക നമ്പർ	വിഷയം	നടപടി വിവരം
1	**കുറ്റവ ഗ്രാമപഞ്ചായത്ത്** **കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം - 32 ലക്ഷം രൂപ ചെലവഴിച്ചിട്ടും പ്രവർത്ത നക്ഷമമായില്ല.** തനത് ഫണ്ട് - 14,12,559/- 2013-14 ൽ 15 ലക്ഷം രൂപ വകയിരുത്തി ജില്ലാ പഞ്ചായത്ത് കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രത്തിനായുള്ള കെട്ടിടത്തിന്റെ ഒന്നാം നില പണികഴിപ്പിച്ചു. തുടർന്ന് 2014-15 വർഷത്തിൽ ബഹു വർഷ പ്രോജക്ടായി 2 ലക്ഷം രൂപ വകയിരുത്തി മുകൾ നില പണിയുന്നതിനും ഫിനിഷിങ്ങ് വർക്കിനുമായി ഗ്രാമ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയതിൽ 2015-16 ലേക്ക് വകയിരുത്തിയ 22,00,000/-/- രൂപയിൽ 17 ലക്ഷം രൂപയും കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചു. എന്നാൽ കെട്ടിടത്തിൽ വൈദ്യുതീകരണത്തിനായി നാളിതുവരെയും നടപടി സ്വീകരിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഒന്നാം നിലയിൽ (ഗ്രൗണ്ട് ഫ്ലോർ) ആറ് കട മുറികളാണ് ഉള്ളത്. പ്രസ്തുത മുറികളിൽ വെള്ളം, വൈദ്യുതി സൗകര്യങ്ങളൊരുക്കി കുടുംബശ്രീക്ക് യൂണിറ്റ് ആരംഭിക്കുന്നതിന് നൽകുവാൻ നാളിതുവരെ നടപടി കൈക്കൊണ്ടിട്ടില്ല. ഒന്നാം നിലയിലെ റൂമുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് പകരം ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽപ്പോലും പരാമർശിച്ചിട്ടില്ലാത്ത 12	കുറുവ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ പടപ്പറമ്പ് ടൗണിൽ 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഫണ്ട് വകയിരുത്തി കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം നിർമ്മാണം പൂർത്തീകരിച്ചു. കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 4 റൂമുകളും മുകളിലത്തെ നിലയിൽ 5 റൂമുകളും താഴെയും മുകളിലും ഓരോ സ്റ്റെയർ റൂമും ആയിട്ടാണ് കെട്ടിടം പണികഴിച്ചിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം 3,96,703/- രൂപ ചിലവഴിച്ച് വൈദ്യുതീകരണം നടത്തുകയും വൈദ്യുതി കണക്ഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത കെട്ടിടത്തിൽ വൈദ്യുതിയും വെള്ളവും ലഭ്യമാക്കുകയും കെട്ടിടം പ്രാർത്ഥനക്ഷമവുമാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുള്ള വിവരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	മുറികളുള്ള മുകളിലത്തെ നില പണി കഴിപ്പിച്ചതിനാലാണ് പദ്ധതി ലക്ഷ്യം കൈവരിക്കാത്തത്.	
2	**<u>ആലക്കോട് ഗ്രാമപഞ്ചായത്ത് വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടത്തിൽ അറ്റകുറ്റപ്പണി</u>** 2017-16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള സാംസ്കാരിക നിലയം (മൂന്ന് നില കെട്ടിടം) അറ്റകുറ്റപ്പണി നടത്തുന്നതിന് വേണ്ടി 2,16,250/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതേ കെട്ടിടത്തിൽ 2009-10 വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ടൈൽസ് വിരിക്കുന്നതിനും മറ്റു അറ്റകുറ്റ പണികൾക്കുമായി 86,966/- രൂപ ചെലവഴിച്ചിട്ടുണ്ട്. അന്ന് മുതൽ ഓഡിറ്റ് തീയതി (24.9.16) വരെ ഗ്രാമ പഞ്ചായത്ത് കെട്ടിടം തനത് ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുകയോ വാടകക്ക് നൽകുകയോ ചെയ്തിട്ടില്ല. 18.9.18 ന് ഓഡിറ്റിന്റെ ഭാഗമായി പ്രവൃത്തി സ്ഥലം നേരിൽ സന്ദർശിച്ചതിൽ കെട്ടിടം ശോചനീയമായ അവസ്ഥയിൽ വൃത്തിഹീനമായി കിടക്കുന്നതായി കണ്ടു. തനത് ആസ്തികൾ സംരക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്തിനുണ്ടായ വീഴ്ചയാണിത് വ്യക്തമാക്കുന്നത്. കെട്ടിടം ഗ്രാമ പഞ്ചായത്ത് തലത്തിൽ ഉപയോഗപ്പെടുത്തുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നോ കെട്ടിടം വാടകക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നോ ഇതുവരെ ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല. കെട്ടിടം ഇത്രയും വർഷങ്ങളായി	ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സാംസ്കാരിക നിലയം കുടുംബശ്രീ സ്വയംതൊഴിൽ സംരംഭകത്വ പരിശീലനത്തിന് ഉപയോഗിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ബസ് സ്റ്റാന്റിന്റെ മുകളിലത്തെ നിലയിൽ സ്ഥിതി ചെയ്യുന്ന ഈ സാംസ്കാരിക നിലയത്തിന് ബസ് സ്റ്റാൻഡിൽ നിന്നുള്ള ശബ്ദമലിനീകരണം മൂലം പ്രവർത്തനമാരംഭിക്കുന്നതിന് സാധിച്ചില്ല. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഈ കെട്ടിടം വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുള്ള വിവരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

113

	ഉപയോഗിക്കാതിരിക്കാനുള്ള കാരണം, വാടകക്ക് നൽകാതിരിരിക്കാനുള്ള കാരണം, ഉപയഗിക്കപ്പെടാത്ത കെട്ടിടത്തിൽ പണം ചെലവഴിക്കാനുള്ള കാരണം എന്നിവ ബോധ്യപ്പെടുത്തേണ്ടതാണ്. ഗ്രമപഞ്ചായത്ത് കെട്ടിടത്തിന്റെ താക്കോൽ പഞ്ചായത്തിൽ സൂക്ഷിക്കാതെ മറ്റുള്ളവരുടെ കൈവശം സൂക്ഷിക്കുന്നതും ക്രമവിരുദ്ധമായ നടപടിയാണ്. .	
3	**കഴിമണ്ണ ഗ്രാമപഞ്ചായത്ത്** **അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് നികുതി ചുമത്തിയില്ല - 3,99,432/- നഷ്ടം.** കിഴിശ്ശേരി അങ്ങാടിയിൽ കുഴിമണ്ണ ഗവ.ഹയർസെക്കണ്ടറി സ്കൂളിന് സമീപത്ത് നിർമ്മിച്ച 'സിദ്ര' എന്ന് പേരുള്ള ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിന് പഞ്ചായത്ത് 2013-ൽ കെട്ടിട നിർമാണ പെർമിറ്റ് നൽകി. കെട്ടിട നിർമാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കുന്നതിന് വേണ്ടി കെട്ടിട ഉടമ 28.01.2010 ന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അംഗീകരിച്ച പ്ലാനിനും. സമർപ്പിച്ച കംപ്ലീഷൻ പ്ലാനിനും അനുസരിച്ചല്ല കെട്ടിടം നിർമിച്ചത് എന്ന് കാണിച്ച് കെട്ടിടത്തിന് നമ്പർ നൽകുന്നതിനുള്ള അപേക്ഷ സെക്രട്ടറി നിരസിച്ചു. എന്നാൽ നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട മേൽ നിർമിതി നാളിതുവരെയും പൊളിച്ച് കളയുകയോ, അപാകത പരിഹരിച്ച് കെട്ടിടത്തിന് നമ്പർ നൽകുകയോ വസ്തുനികുതി ചുമത്തുകയോ ചെയ്തിട്ടില്ല. ഈ കെട്ടിടത്തിന് 28.01.2010 നാണ് ഉടമസ്ഥൻ നമ്പറിന് അപേക്ഷ നൽകിയത് എങ്കിലും പഞ്ചായത്തിലെ വിവാഹ രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ചതിൽ 16.12.2015	കുഴിമണ്ണ ഗ്രാമ പഞ്ചായത്തിലെ കുഴിമണ്ണ ഗവ.ഹയർസെക്കണ്ടറി സ്കൂളിന് സമീപം നിർമിച്ച സിദ്ര ഓഡിറ്റോറിയം അംഗീകരിച്ച പ്ലാനും സമർപ്പിച്ച കംപ്ലീഷൻ പ്ലാനും അനുസരിച്ചല്ല കെട്ടിടം നിർമിച്ചത് എന്നതിനാൽ നമ്പർ അനുവദിച്ചിരുന്നില്ല. തുടർന്ന് ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥന് വസ്തുനികുതി പിഴപലിശ സഹിതം അടവാക്കുന്നതിന് നോട്ടീസ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പിഴ പലിശ സഹിതം ആകെ 3,50,000/-രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് അനധികൃത നിർമാണങ്ങളുടെ ഗണത്തിൽ പെടുത്തി 2019-ൽ കെ.പി 276 എ നമ്പർ നൽകുകയും 2023 2024 വരെ (ഫസ്റ്റ് ഹാഫ്/സെക്കന്റ് ഹാഫ്) വസ്തുനികുതിയുടെ മൂന്നിരട്ടി തുക പഞ്ചായത്തിൽ അടവാക്കിയട്ടുള്ളതുമാണ്. പ്രസ്തുത ഓഡിറ്റോറിയം നിയമപരമാക്കുന്നതിന് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ന്യൂനത പരിഹരിച്ച് പ്ലാൻ പുനഃസമർപ്പിച്ചിരുന്നു. എന്നാൽ പുന:സമർപ്പിച്ച പ്ലാനിൽ അപാകതകൾ ഉള്ളതായി എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട്

114

	നം 17.01.2010 നം നടന്ന വിവാഹങ്ങൾ കുഴിമണ്ണ ഗവ.ഹയർസെക്കണ്ടറി സ്കൂളിന് സമീപത്തുള്ള "സിദ്ര" എന്ന ഓഡിറ്റോറിയത്തിൽ വച്ച് നടന്നതായി പറയുന്നു. 16.12.2015 ന് തന്നെ കെട്ടിടം ഉപയോഗപ്പെടുത്തി എന്ന് വ്യക്തമായതിനാൽ 2015-16 രണ്ടാം അർദ്ധവർഷം മുതൽ കെട്ടിടത്തിന്റെ വസ്തുനികുതി അടക്കാൻ ഉടമസ്ഥൻ ബാദ്ധ്യസ്ഥനാണ്. നിയമപ്രകാരമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടമായതിനാൽ നിയമപ്രകാരമുള്ള നികുതിയക്ക് പുറമെ അതിന്റെ രണ്ടിരട്ടി കൂടി ഈടാക്കാൻ കെട്ടിട നിർമ്മാണ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഈടാക്കേണ്ട വാർഷിക വസ്തു നികുതി 1,26,804/-, ലൈബ്രറി സെസ്- 1,33,144/- 2015-16 രണ്ടാം അർദ്ധ വർഷം മുതൽ 2018-19 ഒന്നാം അർദ്ധ വർഷം വരെയുള്ള നികുതി (ഗ്രന്ഥശാലാ വരിയടക്കം) 3,99,432/- നിയമാനുസൃതമുള്ള പിഴ പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിരദ്ദേശിച്ചിട്ടുണ്ട്. കെട്ടിടം നിയമപരമാക്കുകയോ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ തുടരാനും മേൽ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്.	ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകുകയും എന്നാൽ ന്യൂനതകൾ പരിഹിരിച്ച് കെട്ടിട ഉടമ നാളിതുവരെ പ്ലാൻ പുനസമർപ്പിച്ചിട്ടില്ലെന്നും എന്നിരുന്നാലും നാളിതുവരെയുള്ള വസ്തുനികുതി മൂന്നിരട്ടി ഉൾപ്പടെ ഓഫീസിൽ അടവാക്കുന്നുമുണ്ടെന്നും ഓഡിറ്റ് പരാമർശത്തിലെ 3,99,432/- രൂപയിൽ 3,50,000/- രൂപ ഇതുവരെ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും ബാക്കി 49,432/- രൂപ അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിൽ മൂന്നിരട്ടി നികുതി ടിയാൻ അടച്ചുവരുന്നുണ്ടെന്നുള്ള വിവരവും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
4	**<u>പെരിന്തൽമണ്ണ നഗരസഭ</u>** **<u>മരാമത്ത് പ്രവൃത്തി രേഖകളിൽ കൃത്രിമം കാണിച്ച് 3.69 ലക്ഷം രൂപ അധികം പിൻവലിച്ചു - ഓഡിറ്റ് നിർദ്ദേശിച്ചതിനെ തുടർന്ന് തുക തിരിച്ചടവാക്കി.</u>** മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി	പെരിന്തൽമണ്ണ നഗരസഭയിലെ 2017-18 വർഷത്തെ ഓഡിറ്റ് പരിശോധന നടത്തിയതിൽ പല പ്രവൃത്തി ബില്ലുകളിലും മൂല്യ നിർണ്ണയ തുകയെക്കാൾ അധികം തുക കരാറുകാർക്ക് ബിൽ തുകയായി പിൻവലിച്ച് നൽകിയിട്ടുള്ളതായും ആകെ പ്രവൃത്തി

115

	നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ രേഖകളിൽ കൃത്രിമം കാണിച്ച് 3,69,098/- രൂപ അനധികൃതമായി പിൻവലിച്ചു. മരാമത്ത് പ്രവൃത്തികളുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ ആകെ മൂല്യ നിർണ്ണയ തുകയിലും, പ്രവൃത്തി ചെക്ക് മെഷർ ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ രേഖകളിലും വെട്ടിത്തിരുത്തൽ വരുത്തി യഥാർത്ഥ തുകയിലും ഉയർന്ന തുകയാക്കി മാറ്റിയാണ് ഇത്തരത്തിൽ പൊതു പണം അപഹരിച്ചത്. ക്രമക്കേട് ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് അധികം പിൻവലിച്ച മുഴുവൻ തുകയും കരാറുകാർ/കൺവീനർമാർ നഗരസഭയിൽ തിരിച്ചടക്കുകയുണ്ടായി. തുക പിൻവലിച്ചത് മുതൽ തിരികെ അടവാക്കിയ തീയതി വരെ 18% നിരക്കിലുള്ള പിഴ കൂടി ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി നഗരസഭയിൽ അടവാക്കേണ്ടതും പ്രസ്തുത തുക മുഴുവൻ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുകയും ക്രമക്കേടിന് ഉത്തരവാദിയായ ജീവനക്കാർക്കെതിരെ ഉചിതമായ നടപടികൾ നഗരസഭ കൈകൊള്ളേണ്ടതും, ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. നഗരസഭയിൽ 2017-18 ലും തുടർന്നും നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പ്രത്യേകം സൂക്ഷ്മ പരിശോധന നടത്തി ബിൽ നൽകിയതിൽ അപാകതയില്ലെന്ന് ഉറപ്പ് വരുത്താൻ നഗരസഭ ജീവനക്കാർക്ക് പ്രത്യേക നിർദ്ദേശം നൽകേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രവർത്തികളുടെ ബിൽ നൽകുമ്പോൾ പ്രത്യേക പരിശോധന	ബില്ലുകളിൽ 3,69,059/- രൂപയുടെയും ബിറ്റുമിൻ, ഫൈൻ, സർവീസ് ടാക്സ് ഇനത്തിൽ 2,10,455 രൂപയുടെയും ഉൾപ്പെടെ ആകെ 5,79,514/- രൂപയുടെയും ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. പ്രസ്തുത വിഷയം സംബന്ധിച്ചുള്ള കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ അന്വേഷണത്തിൽ 5 ഫയലുകൾ തിരുത്തൽ വരുത്തി കരാറുകാർക്ക് അനർഹമായ തുക നൽകിയിട്ടുള്ളതായും, എം.ബുക്കിൽ രേഖപ്പെടുത്തിയ തുകകളല്ല നാല് ഫയലുകളിലായി ട്രഷറിയിൽ നൽകിയ ബില്ലുകളിൽ കാണുന്നതെന്നും സിസ്റ്റത്തിൽ തെറ്റായി തുകകൾ രേഖപ്പെടുത്തിയതിനാലാണ് ഇപ്രകാരം വന്നതെന്നും, ആയത് സിസ്റ്റത്തിൽ തെറ്റായി രേഖപ്പെടുത്തി നഗരസഭയ്ക്ക് നഷ്ടം ഉണ്ടാക്കിയതിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. മുഹമ്മദലി സി. കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ടിയാൻ സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ KSR Part III ചട്ടം 3 (എ) പ്രകാരം ടിയാന്റെ പെൻഷനിൽ നിന്ന് 1000/- രൂപ വീതം 9 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താല്ക്കാലികമായി തീരുമാനിച്ചുകൊണ്ട് ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുവാൻ 11/06/2021 ലെ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും വിശദീകരണം തേടുകയും ആരോപണ വിധേയനെ സർക്കാർ നേരിൽ കേൾക്കുന്നത് അടക്കമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പരിശോധനയിൽ ടിയാൻ അസുഖ ബാധിതനാണെന്നും ശാരീരിക അവശതകൾ നേരിടുന്നുവെന്നും എന്നും ബോധ്യപ്പെടുകയുണ്ടായി. പ്രസ്തുത വസ്തുത പരിഗണിച്ച് പെൻഷനിൽ നിന്നും മാസം കുറവു ചെയ്യാനുള്ള തുക മാനുഷികപരമായ കാരണങ്ങളാൽ 500/- രൂപയായി പുനർനിർണ്ണയിക്കുകയും ഇതിന് നടപടി ക്രമങ്ങൾ പാലിച്ച്

116

	നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.	പി.എസ്.സി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ അന്തിമ ഘട്ടത്തിലാണ്.
5	**എടരിക്കോട് ഗ്രാമപഞ്ചായത്ത് ബജറ്റ് രൂപീകരണത്തിലെ പോരായ്മകൾ**	
	a) ഉദ്യോഗസ്ഥരുടെ/ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുന്നില്ല - ബജറ്റ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ / ഘടക സ്ഥാപന മേധാവികളുടെ യോഗം ഡിസംബർ 15 ന് മുമ്പ് വിളിച്ച് ചേർക്കേണ്ടതും സ്ഥാപനങ്ങളുടെ പദ്ധതിയേതര ചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം. എന്നാൽ മിനിട്സുകൾ പരിശോധിച്ചതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ ഘടകസ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ സെക്രട്ടറിയും ഘടകസ്ഥാപന മേധാവികളും നോൺ പ്ലാൻ നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് കൈമാറുകയോ ചെയ്തത് രേഖപ്പെടുത്തിയിട്ടില്ല. വികസനകാര്യ, ക്ഷേമകാര്യ,വിദ്യാഭ്യാസ-ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാത് മേഖലകളിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് വാർഷിക ബജ്റ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയെ സഹായിക്കുകയോ നിയമപരമായ ഉത്തരാവാദിത്വം നിറവേറ്റിയിട്ടില്ലായെന്ന് കാണുന്നു.	ഓഡിറ്റ് പരാമർശത്തെ തുടർന്ന് പിന്നീടുള്ള വർഷങ്ങളിലെ ബജറ്റ് തയ്യാറാക്കിയപ്പോൾ ബജറ്റ് മാന്വലിലെ അനുബന്ധം 1 & 2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് നിർദ്ദേശങ്ങൾ ഘടക സ്ഥാപന മേധാവികളിൽ നിന്നും ശേഖരിച്ച് അതാത് സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് (വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റികൾ) സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും വാർഷിക പദ്ധതി പ്രകാരമുള്ള പദ്ധതി വരവ് ചെലവ് കണക്കുകളും ബജറ്റിൽ ഉൾപ്പെടുത്തുകയും ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള അപാകതകളെല്ലാം പരിഹരിച്ചുമാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

	വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാനുള്ള നിർദ്ദേശവും പാലിച്ചിട്ടില്ല.	
	b) ബജറ്റിൽ പ്രൊവിഷനില്ലാതെ തുക ചെലവഴിച്ചു - വേണ്ടത്ര മുന്നൊരുക്കവും കൂടിയാലോചനകളും കൂടാതെ തയ്യാറാക്കിയത് കാരണം ബജറ്റിൽ പ്രൊവിഷനില്ലാതെ തുക ചെലവഴിച്ചിട്ടുണ്ട്. ബജറ്റ് നടപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ അധികരിച്ചും ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനത്തിനും തുക ചെലവഴിച്ചിട്ടുണ്ട്.	ഓഡിറ്റ് പരാമർശം വന്നതിനെ തുടർന്ന് അപാകത പരിഹരിക്കുന്നതിന്റെ ഭാഗമായി പിന്നീടുള്ള വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുക ആയതിന്റെ ഉള്ളിൽ നിന്നുകൊണ്ട് മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്നും അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബഹു സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
	c) സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇടപെടുന്നില്ല - ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ (വികസനം, ക്ഷേമം, ആരോഗ്യം-വിദ്യാഭ്യാസം) പരിശോധിക്കപ്പെടുകയോ ചർച്ച ചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ വിശദമായ ചർച്ചയോ നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ എസ്റ്റിമേറ്റുകളുടെ പരിശോധനയോ നടന്നിട്ടില്ല.	തുടർന്നുള്ള വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കിയപ്പോൾ ബജറ്റ് മാനുലിലെ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് നിർദ്ദേശങ്ങൾ ഘടക സ്ഥാപന മേധാവികളിൽ നിന്നും ശേഖരിച്ച് അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ അവതരിപ്പിച്ച് വികസനകാര്യ, ക്ഷേമകാര്യ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയില് ചർച്ച ചെയ്ത ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും വാർഷിക പദ്ധതി പ്രകാരമുള്ള പദ്ധതി വരവ് ചെലവ് കണക്കുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

117

	d) പുതിയ നികുതി നിർദ്ദേശങ്ങൾ ഉണ്ടാകുന്നില്ല - പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായില്ല. പഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിലും അക്കൗണ്ടിംങ്ങ് ചട്ടങ്ങളുടെ പരിപാലനത്തിലും കമ്മറ്റി സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്. രേഖകളുടേയും രജിസ്റ്ററുകളുടേയും കൃത്യമായ സൂക്ഷിപ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റിൽ മുൻ വർഷത്തേതിൽ നിന്നും അധികരിച്ച പുതിയ വരുമാന സ്രോതസ്സുകൾ ഒന്നും തന്നെ ഉൾപ്പെടുന്നില്ല. മുൻവർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിരിക്കുന്നു. നഗരവൽക്കരണ സാധ്യതയുള്ള മേഖലയായതിനാൽ പരസ്യ നികുതി പോലുള്ളവ നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. കച്ചവടക്കാരുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കുകയും മുഴുവൻ കച്ചവടക്കാരും ലൈസൻസ് എടുത്തുവെന്ന് ഉറപ്പ വരുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ ഈയിനത്തിലും വരുമാന വർദ്ധനവ് നേടുവാൻ കഴിയും. തൊഴിൽ നികുതിയിനത്തിലും ബജറ്റ് ലക്ഷ്യമിട്ടതിനെക്കാൾ കൂടുതലാണ് യഥാർത്ഥ ഡിമാന്റ്. ഡി & ഒ ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമാക്കുന്നതോടൊപ്പം ബിസിനസ് സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.	തുടർന്നുള്ള വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കിയപ്പോൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലും മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളിലും ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിനും അതിലുപരി പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കുന്ന തരത്തിലുള്ള ചർച്ചകളും നടത്തിയ ശേഷമാണ് ബഡ്ജറ്റ് രൂപീകരിച്ചിട്ടുള്ളത്. രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് വരുന്നുമുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച സർക്കാർ സേവന ഉപനികുതി ഉൾപ്പെടെയുള്ള വരുമാന മാർഗങ്ങൾ ആവിഷ്കരിക്കാനും കച്ചവടക്കാരുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കി മുഴുവൻ കച്ചവടക്കാരും ലൈസൻസ് എടുത്തുവെന്ന് ഉറപ്പ വരുത്തി വരുമാന വർദ്ധനവ് ഉറപ്പ വരുത്തുന്നതിനും ഡി & ഒ ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമാക്കുകയും ബിസിനസ് സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് ഊർജ്ജിതമാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകുന്നതിനും ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനുമുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നുള്ള വിവരം ബഹു സമിതി മുമ്പാകെ അറിയിക്കുന്നു.

	e) ഡിമാന്റ് തുകകൾക്ക് ബജറ്റിൽ നിന്നുള്ള വ്യതിയാനം - ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, D & O ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ് എന്നിവയിൽ വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാന്റ് തുകകൾ ബജറ്റ് തുകയിൽ നിന്നും വലിയ അന്തരം കാണിക്കുന്നു. ബജറ്റ് രൂപീകരണ ഘട്ടത്തിൽ യഥാർത്ഥ വരുമാന സാധ്യത തിട്ടപ്പെടുത്തുന്നതിന് പരാജയപ്പെടുന്നതായി കാണാം. മുൻവർഷ ഡിമാന്റ് തുക, മുൻവർഷ ബജറ്റ് എന്നിവയിൽ നിശ്ചിത ശതമാനം വർദ്ധന വരുത്തി പ്രതീക്ഷിത വരുമാനം കണക്കാക്കുകയും യഥാർത്ഥ ലഭ്യത വിലയിരുത്താത്തതിനാലുമാണ് ബജറ്റിൽ നിന്നും ഇത്തരത്തിലുള്ള വ്യതിയാനം കാണിക്കുന്നത്.	നിലവിൽ ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥത്തിലുള്ള വരുമാനത്തിന് പൊരുത്തപ്പെട്ട മാത്രമല്ല മേൽ പരാമർശങ്ങളെല്ലാം പരിഹരിച്ച് കൊണ്ടാണ് തുടർന്നുള്ള വർഷങ്ങളിൽ ബജറ്റ് രൂപീകരിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	f) ബജറ്റ് രൂപീകരണം സമയക്രമം പാലിക്കുന്നില്ല - കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനുമുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയിരിക്കുന്നത് 30.03. 2017-നാണ്. കരട് ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 31.03.2017 നാണ്. പാസാക്കിയ ബജറ്റ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ	സമയക്രമം പാലിച്ച കൊണ്ടാണ് നിലവിൽ ബജറ്റ് തയ്യാറാക്കുന്നതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. പാസാക്കിയ ബജറ്റ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനും വാർഷിക ബജറ്റ് തയ്യാറാക്കലും അതിന്റെ അനുമതിയും സംബന്ധിച്ചുള്ള നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്നും ആവശ്യമായ മുന്നൊരുക്കങ്ങളും മേൽനോട്ടവും കൃത്യമായ ഇടപെടലുമുണ്ടാവേണ്ടതാണെന്നുമുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയട്ടുണ്ട്.

120

	പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല. വാർഷിക ബജറ്റ് തയ്യാറാക്കലും അതിന്റെ അനുമതിയും സംബന്ധിച്ചുള്ള നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്നും ആവശ്യമായ മുന്നൊരുക്കങ്ങളും മേൽനോട്ടവും കൃത്യമായ ഇടപെടലുമുണ്ടാവേണ്ടതാണ്.	
6	**<u>പൊന്നാനി നഗരസഭ</u>** **<u>ഉമ്പായികട ലൈറ്റ് ഹൗസ് റോഡ് റീടാറിംഗ് & ഇന്റർലോക്ക് പാകൽ -</u>** **<u>പാഴ്ചെലവ് 3,11,646/- രൂപ.</u>** ഉമ്പായികട ലൈറ്റ് ഹൗസ് റോഡിൽ 2 ഇടതോട്ടുകൾ കൂടിചേരുന്ന ജംഗ്ഷൻ ഉണ്ട്. താഴെ കിടക്കുന്ന ഈ ഭാഗം ഇന്റർലോക്ക് ചെയ്ത് റോഡായി ഉപയോഗിക്കുന്നതിനും താരതമ്യേന ഉയർന്ന ഭാഗം ടാർ ചെയ്ത് പുനർ നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 27.5.2017 നാണ് പ്രവൃത്തി പൂർത്തിയായത്. 11.7.17 ന് ബിൽ തുക കരാറുകാരന് അനുവദിച്ചു. 24.11.18 ന് പ്രവൃത്തി ഓഡിറ്റ് നേരിൽ പരിശോധിച്ചതിൽ മേൽ പ്രവൃത്തിയുടെ ഭാഗമായി ഇന്റർലോക്ക് ചെയ്തതിന് മുകളിലൂടെ 2018-19 സാമ്പത്തിക വർഷത്തിൽ 413/19 പ്രൊജക്റ്റ് പ്രകാരം (മീൻ തെരുവ് വടക്ക് ഭാഗത്തെ ഇടവഴികൾ ഇന്റർലോക്ക് ചെയ്യൽ, ഉമ്പായികട റോഡ് ഇന്റർലോക്ക് ചെയ്യൽ എന്ന പദ്ധതി) വീണ്ടും ഇന്റർലോക്ക് പാകിയതായി കണ്ടു. പഴയ ഇന്റർലോക്ക് കട്ടകൾ പ്രവൃത്തി സ്ഥലത്ത കുറച്ച്	2017 - 18 വർഷത്തിൽ സ്പിൽ ഓവർ ആയി ഉമ്പായികട ലൈറ്റ് ഹൗസ് റോഡ് റീ ടാറിങ് & ഇന്റർലോക്ക് എന്ന പ്രവൃത്തി നടത്തിയിരുന്നു. തുടർന്ന് മഹാ പ്രളയകാലത്ത് ടി പ്രവർത്തി നടന്ന സ്ഥലത്ത് മണ്ണും ചെളിയും അടിഞ്ഞുകൂടുകയും കാൽനടയും വാഹനഗതാഗതവും പ്രയാസകരമായിരുന്നെന്നും ഇത് പരിഹരിക്കുന്നതിനായി റോഡ് ഉയർത്തിക്കെട്ടി വെള്ളക്കെട്ട് ഒഴിവാക്കി ഗതാഗത യോഗ്യമാക്കുന്നതിന് 2018-19 വാർഷിക പദ്ധതിയിൽ 2,00,000/- വകയിരുത്തിയിരുന്നുവെങ്കിലും തുക ചെലവഴിച്ചില്ലെന്നും അതേ കരാറുകാരനെക്കൊണ്ടുതന്നെ പരിപാലനം നടത്തുകയായിരുന്നുവെന്നും ഈ വകയിൽ പാഴ്ചെലവ് ഒന്നും ഉണ്ടായിട്ടില്ലെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

121

	കൂട്ടിയിട്ടിട്ടുണ്ട്. പുതിയ പദ്ധതിയിൽ 60 mm Paving block കളാണ് ഇന്റർലോക്കിനായി ഉപയോഗിച്ചിട്ടുള്ളത്. 2016-17 വർഷത്തിൽ 413/15 പ്രൊജക്ട് പ്രകാരം പ്രവൃത്തിക്ക് വേണ്ടി 5,43,323/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോൺക്രീറ്റ് റോഡുകൾക്ക് 10 വർഷവും ടാറിംഗ് റോഡുകൾക്ക് 3-4 വർഷവും ലൈഫ് കിട്ടുമെന്നിരിക്കെ അതേ ഇനത്തിൽപ്പെട്ട മറ്റൊരു പ്രവൃത്തിയാണ് റോഡിൽ ഇന്റർലോക്ക് പാകൽ. പ്രവൃത്തി നടത്തി ഒന്നര വർഷത്തിനുള്ളിൽ, അതേ പ്രവൃത്തി തന്നെ പ്രസ്തുത സ്ഥലത്ത നടത്തിയതിനാൽ ആദ്യം ചെയ്ത പ്രവൃത്തിയിൽ ഇന്റർലോക്ക് വിരിക്കുന്നതിനായി ചെലവഴിച്ച 3,11,646/- രൂപ പാഴ്ച്ചെലവായി മാറി.	

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2022-23-ലെ സമാഹൃത റിപ്പോർട്ടിലെ ഭാഗം - 4 ൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

ഭാഗം - 4

സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രത്യേക റിപ്പോർട്ടുകളിലേയും പ്രത്യേക കത്തുകളിലേയും ഓഡിറ്റ് നിരീക്ഷണങ്ങൾ – സംക്ഷിപ്തം.

4.6	ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകകൾ അക്കൗണ്ടിൽ അടവാക്കുന്നതിലെ ക്രമക്കേടുകൾ പ്രത്യക കത്ത്. **പരപ്പനങ്ങാടി നഗരസഭ** പരപ്പനങ്ങാടി നഗരസഭയുടെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് പരിശോധനയിൽ 01.04.2019 മുതൽ 15.07.2022 വരെയുള്ള ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകകൾ അക്കൗണ്ടിൽ അടവാക്കുന്നതിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തുകയുണ്ടായി. • വരവ് തുകകൾ പൂർണ്ണമായോ, ഭാഗികമായോ അക്കൗണ്ടിൽ അടവാക്കാതെ സാമ്പത്തിക തിരിമറിനടത്തി. • നഗരസഭയുടെ പണം സ്വീകരിക്കൽ, ഒടുക്ക്, കണക്ക് സൂക്ഷിപ്പ്, പരിശോധന എന്നിവ ക്രമപ്രകാരമായിരുന്നില്ല. • 2007-ലെ കേരളാ മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ഫിനാൽഷ്യൽ കോഡ് എന്നിവ പ്രകാരം പണം അടവ് മേൽപരിശോധനയ്ക്ക് വിധേയമാക്കേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ പരപ്പനങ്ങാടി നഗരസഭയിൽ ആയത് പാലിക്കപ്പെട്ടിട്ടില്ല.	ഓഡിറ്റ് പരാമർശത്തെ തുടർന്ന് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ ഈ വിഷയത്തിൽ പരിശോധന നടത്തുകയും ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാമെന്ന് ശുപർശ ചെയ്തിട്ടുള്ളതാണെന്നും തുടർന്ന് ക്രമക്കേടിന് കാരണക്കാരായ അന്നത്തെ നഗരസഭാ സൂപ്രണ്ട്, അക്കൗണ്ടന്റ്, കാഷ്യർ, ബന്ധപ്പെട്ട ഓഫീസ് അറ്റൻഡന്റ് എന്നിവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിനു ഓഫീസ് അറ്റൻഡന്റ് ശ്രീ.പ്രതീഷ് എൽ. ഹാജരാക്കിയ മറുപടിയിൽ ടിയാൻ കുറ്റം ചെയ്തതായി സമ്മതിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി വിഷയം നഗരസഭാ കൗൺസിൽ പരിഗണിച്ചതിൽ നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ വാർഷിക ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞു വെക്കൽ/'സെൻഷർ'/സ്ഥലം മാറ്റൽ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ ശിപാർശ ചെയ്യുകയുണ്ടായതായി. എന്നാൽ നഷ്ടോത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നഗരസഭാ തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചത് ക്രമപ്രകാരമാണോ എന്നുള്ളതിൽ കൂടുതൽ പരിശോധന

	• കേരള മുനിസിപ്പാലിറ്റി നിയമം 2 2 എ (iv), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്) ചട്ടങ്ങൾ, ചട്ടം 56 പ്രകാരം ഓരോ മാസത്തെയും ഓരോ ഇനങ്ങളിലുള്ള വരവിനങ്ങളിലെയും ചെലവിനങ്ങളിലെയും പത്രിക അടുത്തമാസം 20 ന മുമ്പ് തയാറാക്കി സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും കമ്മിറ്റി പരിശോധിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ അപ്രകാരം വിശദമായ പത്രികകൾ സമർപ്പിച്ചിട്ടില്ല എന്നു വ്യക്തമായി.	ആവശ്യമാണെന്ന് കാണുന്നു. ടി ശിക്ഷണ നടപടി പ്രാബല്യത്തിൽ വരുത്തിയോ എന്നത് സംബന്ധിച്ച് ടി ഉദ്യോഗസ്ഥരുടെ 'സർവീസ് ബുക്ക്' സഹിതം പരിശോധിച്ച് സ്പഷ്ടീകരിക്കേണ്ടതുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി വിശദമായ അന്വേഷണം നടത്തി ഓഡിറ്റിൽ പരാമർശിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് മേൽ നഗരസഭാ കൗൺസിൽ ശിപാർശ ചെയ്ത അച്ചടക്ക നടപടികളിൽ വ്യക്തത വരുത്തുന്നതിനായി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്- മലപ്പുറം ജില്ലയിലെ പൊന്നാനി, പെരിന്തൽമണ്ണ, കുറ്റിപ്പുറം എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള ന്യൂനത പരിഹാര പത്രിക

ഖണ്ഡിക	വിഷയം/പരാമർശം	മറുപടി
2.5	**ബ്ലോക്ക് പഞ്ചായത്തിന്റെ പരിപാലന ചുമതലയിൽപ്പെടാത്ത റോഡുകളിൽ തുക ചെലവഴിച്ചു.** **<u>പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്</u>** കേരള പഞ്ചായത്ത് രാജ് ആക്ട് 169-ാം വകുപ്പ് പട്ടിക 4 പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുകയാണ് ചുമതലയെങ്കിലും ഇതിൽ നിന്നും വിഭിന്നമായി ഒരു പഞ്ചായത്തിൽ മാത്രം ഒതുങ്ങുന്നതും അതേ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ മാത്രമുള്ളതുമായ റോഡുകളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതായി പരിശോധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. **മലപ്പുറം ജില്ല- പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്**	പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് 2012-2013 , 2014-2015 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന റോഡുകളിൽ റീടാറിങ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് 2012-2013 വർഷം ഏറ്റെടുത്ത് റീടാറിങ് പ്രവർത്തി നടത്തിയ "തൃക്കണാപുരം-കെൽട്രോൺ റോഡ്" തവനൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്നതാണ്. പ്രസ്തുത റോഡ് അവസാനിക്കുന്നത് ഭാരതപ്പുഴയുടെ തീരത്താണ്. റോഡ് പരിധിയിൽ കെൽട്രോൺ, കെഎസ്ആർടിസിയുടെ പമ്പ് ഹൗസ് തുടങ്ങിയ സ്ഥാപനങ്ങളും നിരവധി വീടുകളും ഉണ്ട്. യാത്ര ചെയ്യുന്നതിന് സാധിക്കാത്ത രീതിയിൽ തകർന്ന് കിടന്നിരുന്ന റോഡ് ആയതിനാൽ ആണ് റീടാറിങ് പ്രവൃത്തികൾ പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ടിന്റെ പൊതു വിഭാഗം തുക ഉപയോഗിച്ച് ഏറ്റെടുത്തത്. "തവനൂർ - കണ്ണങ്കുളം തൃപ്പാലൂർ റോഡ്" പുനരുദ്ധാരണ പ്രവൃത്തി സംസ്ഥാന സർക്കാർ അനുവദിച്ച സ്പെഷ്യൽ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. തകർന്നുകിടക്കുന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾക്കായി അനുവദിച്ച ഫണ്ട് ആയതുകൊണ്ടാണ് പ്രസ്തുത പ്രവർത്തിക്കായി തുക വിനിയോഗിച്ചത്.

ക്രമ ന	വർഷം	പദ്ധതിയുടെ പേര്	ഉടമസ്ഥത	ചെലവ് തുക	ഫണ്ടിനം	നിർമ്മാണത്തി

125

നമ്പർ			യുള്ള സ്ഥാപനം			ന്റെ സ്വഭാവം
1	2012-13	തൃക്കണ്ണാപുരം-കെൽട്രോൺ റോഡ്	തവനൂർ	5,00,000	വികസന ഫണ്ട് (ജനറൽ)	റീ-ടാറിംഗ്
2	2012-13	തവനൂർ-കണ്ടകുളം തൃപ്പല്ലൂർ റോഡ്	തവനൂർ	1,53,488	Special Fund	റീ-ടാറിംഗ്
3	2012-13	കുന്നപ്പള്ളി എസ്. സി.കോളനി റോഡ്	കാലടി	3,25,910	എസ്. സി.പി	ഫില്ലിംഗ്
4	2014-15	പുലിക്കാട് - കോട്ടപ്പുറം റോഡ്	എടപ്പാൾ	5,00,000	വികസന ഫണ്ട് (ജനറൽ)	റീ-ടാറിംഗ്

കുന്നംപള്ളി എസ് സി കോളനിയിലേക്കുള്ള റോഡാണ് "കുന്നംപ്പള്ളി എസ് സി കോളനി റോഡ്" നിരവധി എസ് സി കുടുംബങ്ങൾ താമസിക്കുന്ന പ്രസ്തുത കോളനിയിലേക്ക് ഉള്ളതും ആറ് മീറ്റർ വീതിയുള്ളതുമായതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് കുന്നംപുള്ളി എസ് സി കോളനി റോഡ് ഫില്ലിംഗ് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയത്. "പുലിക്കാട്-കോട്ടപ്പുറം റോഡ്"എടപ്പാൾ ഗ്രാമപഞ്ചായത്ത് പരിധിയിലാണ് വരുന്നതെങ്കിലും പ്രസ്തുത റോഡ് അവസാനിക്കുന്നത് ആലങ്കോട്-നന്നംമുക്ക് ഗ്രാമപഞ്ചായത്തുകൾ അതിരിടുന്ന മേഖലയിലാണ്. ആയിരക്കണക്കിന് ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുന്ന കോൾ മേഖലയാണിത്. 8 മീറ്റർ വീതിയുള്ളതും നിരവധി കർഷകർക്ക് ഗുണകരമായതിനാലും ആണ് പ്രസ്തുത റോഡ് പ്രവൃത്തി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു നടപ്പാക്കിയത്.

മേൽ സൂചിപ്പിച്ച 4 റോഡുകളും ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതും പ്രവൃത്തി നടപ്പിലാക്കിയതിലൂടെ പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദം ആവുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പൂർണമായും പദ്ധതി മാർഗ്ഗരേഖ, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവക്കനുസൃതമായി മാത്രമാണ് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്. പദ്ധതി പണത്തിന്റെ ദുർവിനിയോഗമോ പ്രവർത്തികളുടെ ഇരട്ടിപ്പോ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കിയതിലൂടെ ഉണ്ടായിട്ടില്ലെന്നും ആസ്തിയുടെ പരിപാലനം ശരിയായ രീതിയിൽ നടന്നു എന്നതും കണക്കിലെടുത്ത് പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

2.6	തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ	നിലവിൽ ഡെപ്പോസിറ്റ് ചെയ്യുന്ന ഏജൻസി സ്ഥലം

	iv. എസ്റ്റിമേറ്റുകൾ സ്ഥാപനത്തിലെ സാങ്കേതിക വിഭാഗം പരിശോധനാ വിധേയമാകുന്നില്ല. **പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്** (മലപ്പുറം ജില്ല) (72/18- **പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് വൈലോങ്ങര ജംഗ്ഷൻ മുതൽ വളാഞ്ചേരി റോഡിലേക്ക് പൈപ്പ് ലൈൻ - 500000/- 2017-18)** നിർവ്വഹണ ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കുവാൻ നിലവിൽ സംവിധാനമില്ല. ആയതിനാൽ എസ്റ്റിമേറ്റിലെ നിരക്കുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും സാമ്പത്തിക നഷ്ടം/ ലാഭം വിലയിരുത്തുന്നതിനും കഴിയാതെ പോകുന്നു. പ്രവൃത്തിയുടെ ചെലവ് കഴിഞ്ഞ് ബാക്കി തുക നിർവ്വഹണ ഏജൻസിയിൽ അവശേഷിക്കുന്ന അനേകം പ്രവൃത്തികൾ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. എസ്റ്റിമേറ്റിന്റെ ആധികാരികത ഉറപ്പ് വരുത്തിയിരുന്നെങ്കിൽ ഇപ്രകാരം തുക അവശേഷിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും പ്രസ്തുത തുക അതേ സാമ്പത്തിക വർഷം തന്നെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനും സാധിക്കുമായിരുന്നു.	പരിശോധിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റിൽ കാണിച്ച തുക, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ്, വാട്ടർ അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് തുടങ്ങിയ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം വാങ്ങിച്ച് ഫയലിൽ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം ഏജൻസികളുടെ സാങ്കേതിക വിഭാഗം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് അവരുടെ തന്നെ സാങ്കേതിക അനുമതിയോടു കൂടി പ്രവൃത്തി നടപ്പിലാക്കുന്നത് ഏജൻസികളുടെ മേൽ നോട്ടത്തിലാണെന്ന് ഇതിനാൽ ബോധിപ്പിച്ച് കൊള്ളുന്നു. പരമർശ വിധേയമായ ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഏകദേശം 200 ഓളം കുടുംബങ്ങൾ ഈ പ്രവൃത്തിയുടെ ഗുണഭോക്താക്കളായിട്ടുണ്ടെന്നും പദ്ധതി നല്ല നിലയിൽ നടക്കുന്നുണ്ടെന്നും ആയതിനാൽ പരാമർശം ഒഴിവാക്കിത്തരണമെന്നും പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.
	ix. മോണിറ്ററിംഗ് നടത്തുന്നില്ല. **കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്** (മലപ്പുറം ജില്ല) **(പ്രോജക്ട് നമ്പർ 71/17 , 2016-17)** പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല. പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി	കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ ഇലക്ട്രിഫിക്കേഷൻ നവീകരണം (പ്രോജക്ട് നമ്പർ 71/17, 2016-17)എന്ന പദ്ധതി വിഭാവനം ചെയ്തിരുന്നു. എന്നാൽ ടി പദ്ധതി ലിസ്റ്റിൽ നിന്ന് ഒഴിവാക്കുകയും, പിന്നീട് 450000/-(നാല് ലക്ഷത്തി അൻപതിനായിരം) രൂപ പ്രോജക്ട് ചെലവായി പുതിയ

	പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളായ കുടിവെള്ള, ഊർജ്ജ, ആരോഗ്യ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകളൊന്നും യോഗം ചേർന്നില്ല എന്നത് വ്യക്തമാണ്. പ്രവൃത്തികളുടെ പുരോഗതിയും ഫലപ്രാപ്തിയും വിലയിരുത്തുന്നതിന് സ്ഥാപനവും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കുന്നില്ല എന്ന് പരിശോധനാ വിധേയമാക്കിയ സ്ഥാപനങ്ങളുടെ ഫയലുകളിൽ നിന്ന് വ്യക്തമായി.	പദ്ധതി വിഭാവനം ചെയ്യുകയും ആയത് നടപ്പിലാക്കിയിട്ടില്ലാത്തതുമാണ്. പ്രസ്തുത പദ്ധതി മോണിറ്ററിംഗ് സമിതി പരിശോധിച്ചതിൽ നോൺ റോഡ് ഫണ്ടിൽ നിന്നാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും ആയത് സർക്കാർ മാർഗ്ഗരേഖകൾക്ക് വിരുദ്ധവുമായതിനാൽ ടി പദ്ധതി ഉപേക്ഷിക്കുകയാണ് ചെയ്തത് എന്നുള്ള വിവരം സെക്രട്ടറി ബോധിപ്പിച്ചിരിക്കുന്നു.

127

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101258

തദ്ദേശ സ്വയംഭരണ (എഎ)വകുപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ മലപ്പുറം ജില്ലാ പഞ്ചായത്തിനെ സംബന്ധിക്കുന്ന പരാമർശങ്ങൾക്കുള്ള ന്യൂനത പരിഹാര നടപടി പത്രിക

ഖണ്ഡിക നമ്പർ	പരാമർശം	സ്വീകരിച്ച നടപടികൾ
9.12	**പരിശീലനം നടന്നില്ല- വ്യാജരേഖയുണ്ടാക്കി പിൻവലിച്ച 3 ലക്ഷം രൂപ തിരിച്ചടച്ചു** നടത്തപ്പെടാത്ത പരിശീലനത്തിന്റെ പേരിൽ വ്യാജരേഖകൾ ചമച്ച് സാമ്പത്തിക ക്രമക്കേട് നടത്തി എന്ന ഓഡിറ്റ് പരാമർശത്തെ (ഓഡിറ്റ് റിപ്പോർട്ട് 2013-14 ഖണ്ഡിക 3-3) തുടർന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് മെമ്പർമാർ, സ്റ്റാഫ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർക്ക് ദ്വിദിന പഠന ക്യാമ്പ് എന്ന പ്രോജക്ടിനുവേണ്ടി ട്രഷറിയിൽ നിന്നും പിൻവലിച്ച 3,00,000/- രൂപ പ്രോജക്ട് കോ-ഓർഡിനേറ്റർ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചു (25.04.2016 ലെ 11606100016-ാം നമ്പർ രസീത് പ്രകാരം 75,000/- രൂപയും 30.06.2016 ലെ 11606100067-ാം നമ്പർ രസീത് പ്രകാരം 2,25,000/- രൂപയും).	മൂന്ന് ലക്ഷം രൂപ MIED പ്രോജക്ട് കോർഡിനേറ്റർ തിരിച്ചടച്ചിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ MIED മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടില്ലായെന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു.
9.13	**രജിസ്റ്റേർഡ് സൊസൈറ്റിയ്ക്ക് വേണ്ടി നിയമവിരുദ്ധമായി ചെലവഴിച്ച 7.5 ലക്ഷം രൂപ തിരിച്ചടച്ചു** മലപ്പുറം പ്രിന്റിംഗ് & പബ്ലിഷിംഗ് സൊസൈറ്റിയുടെ കീഴിൽ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന ഓഫ്സെറ്റ് പ്രസ്സിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രോജക്ട് നം. 189/2014 പ്രകാരം ജില്ലാ	ജില്ലാ വ്യവസായ കേന്ദ്രം മാനേജർ 7.5 ലക്ഷം രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് പ്രിന്റിംഗ് പ്രസ് മെയിന്റനൻസിനോ പ്രസ്സിന് വേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിനോ തുക അനുവദിച്ചിട്ടില്ലാ എന്നും ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട് .

129

	വ്യവസായ കേന്ദ്രം മാനേജർ (നിർവ്വഹണ ഉദ്യോഗസ്ഥൻ) 7.5 ലക്ഷം രൂപ ചെലവഴിച്ചു. (ബിൽ നം.3/2013-14 തീയതി : 25.03.2014). ഇത് പഞ്ചായത്ത് രാജ് നിയമത്തിന് വിരുദ്ധമാണെന്ന 2013-14 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തെ (ഖണ്ഡിക 3-6) തുടർന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചു (രസീത് നം. 11506100338/17.03.2016).	

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ മലപ്പുറം ജില്ലാ പഞ്ചായത്തിനെ സംബന്ധിക്കുന്ന പരാമർശങ്ങൾക്കുള്ള ന്യൂനത പരിഹാര നടപടി പത്രിക</u>

ഖണ്ഡിക നമ്പർ	പരാമർശം	സ്വീകരിച്ച നടപടികൾ
1.10.9	**വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം - ലക്ഷ്യം കൈവരിച്ചില്ല** (മലപ്പുറം ജില്ലാ പഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-52) 2014-15 കാലയളവിൽ ആരംഭിച്ച വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണ പ്രവൃത്തിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 2016-17 വർഷം പ്ലാൻ വിഹിതം 4,66,202/- രൂപ വകയിരുത്തി 23/17 നമ്പർ സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. ബിൽ നമ്പർ 22/14.02.2017 പ്രകാരം പദ്ധതിക്കായി 1,28,832/- രൂപ പിൻവലിച്ചിട്ടുണ്ട്. ഫയൽ G3-2813/14 പരിശോധിച്ചതിൽ താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.	മലപ്പുറം ജില്ലാ പഞ്ചായത്ത് 2015-16, 2016-17 വർഷങ്ങളായി നിർവഹണം നടത്തിയ വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട ശ്മശാനത്തിന്റെ കെട്ടിട നിർമ്മാണവും ഗ്യാസ് ഫർണസിന്റെ ഇൻസ്റ്റലേഷന്റെ പ്രവർത്തികളും പൂർത്തീകരിച്ചിരുന്നു. • ശ്മശാനത്തിനു വേണ്ടി വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ പതിനേഴാം വാർഡിൽ വണ്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 78-ൽ റിസർവ്വേ 32/1 ൽ ഉൾപ്പെട്ട 0.4720 ഹെക്ടർ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ക്രമനമ്പർ 211 ആയി രേഖപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം -1). • കോസ്റ്റ്ഫോർഡ് കരാർ പ്രകാരമുള്ള ഗ്യാസ് ചൂളയും

130

തദ്ദേശ സ്വയംഭരണ (എഎ) വകുപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ മലപ്പുറം ജില്ലാ പഞ്ചായത്തിനെ സംബന്ധിക്കുന്ന പരാമർശങ്ങൾക്കുള്ള ന്യൂനത പരിഹാര നടപടി പത്രിക

ഖണ്ഡിക നമ്പർ	പരാമർശം	സ്വീകരിച്ച നടപടികൾ
9.12	**പരിശീലനം നടന്നില്ല- വ്യാജരേഖയുണ്ടാക്കി പിൻവലിച്ച 3 ലക്ഷം രൂപ തിരിച്ചടച്ചു** നടത്തപ്പെടാത്ത പരിശീലനത്തിന്റെ പേരിൽ വ്യാജരേഖകൾ ചമച്ച് സാമ്പത്തിക ക്രമക്കേട് നടത്തി എന്ന ഓഡിറ്റ് പരാമർശത്തെ (ഓഡിറ്റ് റിപ്പോർട്ട് 2013-14 ഖണ്ഡിക 3-3) തുടർന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് മെമ്പർമാർ, സ്റ്റാഫ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർക്ക് ദ്വിദിന പഠന ക്യാമ്പ് എന്ന പ്രോജക്ടിനുവേണ്ടി ട്രഷറിയിൽ നിന്നും പിൻവലിച്ച 3,00,000/- രൂപ പ്രോജക്ട് കോ-ഓർഡിനേറ്റർ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചു (25.04.2016 ലെ 11606100016-ാം നമ്പർ രസീത് പ്രകാരം 75,000/- രൂപയും 30.06.2016 ലെ 11606100067-ാം നമ്പർ രസീത് പ്രകാരം 2,25,000/- രൂപയും).	മൂന്ന് ലക്ഷം രൂപ MIED പ്രോജക്ട് കോർഡിനേറ്റർ തിരിച്ചടച്ചിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ MIED മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടില്ലായെന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു.
9.13	**രജിസ്റ്റേർഡ് സൊസൈറ്റിയ്ക്ക് വേണ്ടി നിയമവിരുദ്ധമായി ചെലവഴിച്ച 7.5 ലക്ഷം രൂപ തിരിച്ചടച്ചു** മലപ്പുറം പ്രിന്റിംഗ് & പബ്ലിഷിംഗ് സൊസൈറ്റിയുടെ കീഴിൽ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന ഓഫ്സെറ്റ് പ്രസ്സിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രോജക്ട് നം. 189/2014 പ്രകാരം ജില്ലാ	ജില്ലാ വ്യവസായ കേന്ദ്രം മാനേജർ 7.5 ലക്ഷം രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് പ്രിന്റിംഗ് പ്രസ് മെയിന്റനൻസിനോ പ്രസ്സിന് വേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിനോ തുക അനുവദിച്ചിട്ടില്ലാ എന്നും ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട് .

	വ്യവസായ കേന്ദ്രം മാനേജർ (നിർവ്വഹണ ഉദ്യോഗസ്ഥൻ) 7.5 ലക്ഷം രൂപ ചെലവഴിച്ചു. (ബിൽ നം.3/2013-14 തീയതി : 25.03.2014). ഇത് പഞ്ചായത്ത് രാജ് നിയമത്തിന് വിരുദ്ധമാണെന്ന 2013-14 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തെ (ഖണ്ഡിക 3-6) തുടർന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചു (രസീത് നം. 11506100338/17.03.2016).	

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ മലപ്പുറം ജില്ലാ പഞ്ചായത്തിനെ സംബന്ധിക്കുന്ന പരാമർശങ്ങൾക്കുള്ള ന്യൂനത പരിഹാര നടപടി പത്രിക

ഖണ്ഡിക നമ്പർ	പരാമർശം	സ്വീകരിച്ച നടപടികൾ
1.10.9	**വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം - ലക്ഷ്യം കൈവരിച്ചില്ല** (മലപ്പുറം ജില്ലാ പഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-52) 2014-15 കാലയളവിൽ ആരംഭിച്ച വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണ പ്രവൃത്തിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 2016-17 വർഷം പ്ലാൻ വിഹിതം 4,66,202/- രൂപ വകയിരുത്തി 23/17 നമ്പർ സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. ബിൽ നമ്പർ 22/14.02.2017 പ്രകാരം പദ്ധതിക്കായി 1,28,832/- രൂപ പിൻവലിച്ചിട്ടുണ്ട്. ഫയൽ G3-2813/14 പരിശോധിച്ചതിൽ താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.	മലപ്പുറം ജില്ലാ പഞ്ചായത്ത് 2015-16, 2016-17 വർഷങ്ങളായി നിർവഹണം നടത്തിയ വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട ശ്മശാനത്തിന്റെ കെട്ടിട നിർമ്മാണവും ഗ്യാസ് ഫർണസിന്റെ ഇൻസ്റ്റലേഷന്റെ പ്രവർത്തികളും പൂർത്തീകരിച്ചിരുന്നു. • ശ്മശാനത്തിനു വേണ്ടി വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ പതിനേഴാം വാർഡിൽ വണ്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 78-ൽ റിസർവ്വേ 32/1 ൽ ഉൾപ്പെട്ട 0.4720 ഹെക്ടർ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ക്രമനമ്പർ 211 ആയി രേഖപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം -1). • കോസ്റ്റ്ഫോർഡ് കരാർ പ്രകാരമുള്ള ഗ്യാസ് ചൂളയും

132

വിഭജനം

മലപ്പുറം ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്ത റോഡുകളിൽ ചെലവഴിച്ച തുകയുടെ ഉദാഹരണം ചുവടെ ചേർക്കുന്നു.

വർഷം	ഡിവിഷൻ	മറ്റ് റോഡുകൾക്കായി വിനിയോഗിച്ച പ്രോജക്ടുകളുടെ എണ്ണം	ചെലവ് തുക	ഫണ്ടിനം
2012-13	ആതവനാട്	7	21,65,614	മെയിന്റെനൻസ് ഗ്രാന്റ് റോഡ്
2012-13	എടപ്പാൾ	3	1,88,679	മെയിന്റെനൻസ് ഗ്രാന്റ് റോഡ്
2012-13	ആതവനാട്	4	18,98,004	വികസന ഫണ്ട് (ജനറൽ)
2012-13	എടപ്പാൾ	2	9,45,251	വികസന ഫണ്ട് (ജനറൽ)

അധീനതയിലുള്ള റോഡുകൾ വളരെ ശോചനീയമായ അവസ്ഥയിലായതിനാൽ അവ അറ്റകുറ്റ പണി ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ ഫണ്ട് ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ഉണ്ടാകുന്ന സമ്മർദ്ദങ്ങളെ തുടർന്ന് ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള പ്രസ്തുത റോഡുകൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തണമെന്ന് ബന്ധപ്പെട്ട ഡിവിഷൻ മെമ്പർമാർ ഭരണസമിതി യോഗങ്ങളിൽ ആവശ്യപ്പെടുകയും, ഭരണസമിതിയുടെ തീരുമാന പ്രകാരവുമാണ് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള ആവശ്യങ്ങൾ അവഗണിക്കാൻ ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർമാർക്ക് കഴിയാതെ വരുന്നതും, സുഗമമായ രീതിയിൽ ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളും ഏറ്റെടുക്കേണ്ടത് അത്യാവശ്യമായി വരുന്നു. എന്നാൽ പല പ്രവൃത്തികളും പൂർണ്ണമാകാത്തതിനാൽ ജില്ലാ പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി അതേ റോഡിലെ മറ്റ് റീച്ചുകളിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളും പദ്ധതി ഏറ്റെടുക്കേണ്ടി വരുന്നുണ്ട്.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 ലെ മലപ്പുറം

133

		ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ ജില്ലാ പഞ്ചായത്തിന്റേതല്ലാതെ റോഡുകളിൽ പ്രവർത്തി നടത്തുക വഴി 19,11,32,479/- രൂപ വകമാറ്റി ചെലവഴിച്ചെന്ന ഓഡിറ്റ് പരാമർശത്തെ തുടർന്ന് പ്രസ്തുത പ്രവൃത്തി നടത്തിയതിന് സാധൂകരണം നൽകണമെന്നുള്ള ജില്ലാ പഞ്ചായത്തിന്റെ അപേക്ഷ സർക്കാർ പരിശോധിക്കുകയും 30.09.2022 ലെ സ.ഉ.(സാധാ)നം.2383/2022/എൽഎസ്ജിഡി പ്രകാരം 2017-18 ജില്ലാ പഞ്ചായത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് 273 ഗ്രാമപഞ്ചായത്ത് റോഡുകൾ പുനരുദ്ധരിച്ചതിന് സാധൂകരണം നൽകുകയും ചെയ്തിട്ടുണ്ട് (അനുബന്ധം-5). പ്രസ്തുത വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

Asset Register Report -Form1-Extract of Digital Register

,143,354.00

Local Body Name : Wandoor Grama Panchayat

Form : Land

Asset register I

Serial No	Book Page Rec. No	Form (A-G)	Transferred/Not	Description	Land Type	Village/SurveyNo	Area Hect	Area Are	Area Sq.M	Building Description	Pond, Well etc	Description of Protection Wall	Details of Trees: Coconut	Aracanut	Mango	Jack Fruit	Sandal	Rose Wood	Teak Wood	Tamarind	Mahagani	Anjili	Others	Remarks	Ward No	Panchayat No	waterShed ID	Aq.date and BookValue	Addition date and Cost	Deduction date and Cost	Depreciation(%)
1		2A	2B	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19A	19B	19	20	21	22	23	24	25	26	27
Cremation grounds(Land)																															
1	vol-1 21 1	Cremation grounds(Land)	Local body	[illegible]	Garden land	32/1	0	47	20.000		ഇല്ല	Compound Wall	0	0	0	0	0	0	0	0	0	0	0								

Mammed Abdul Latheef. N
Secretary
Wandoor Grama Panchayath
Mob: 9496 047 835

Wandoor Grama Panchayat Office • P.O. Wandoor • 679328 •

Supervisor's Signature

135

അനുബന്ധം – 2

Beneficiary Claim Details in Respect of the Submitted bill.

Name of Office	District Panchayat Malappuram
Name of DDO	Mansoor Hussain.H
DDO Code	1501520003
Name of Project	23/17 - Purchase of equipments for Gas Crematorium, Wandoor
Bill No.& Date	

Name of Beneficiary	Mobile No of DDO	Type of Account	Bank Name & IFSC Code	Account No.	Amount	Purpose
Secretary Kerala Building & Other Construction Workers Welfare Board Thiruvananthapuram	8281285148	STSB Account	NIL	799011400000072	18405	KCWWF Deduction.To be credited to STSB account

OFFICE OF THE DISTRICT PANCHAYATH * MALAPPURAM *

Signature of the authority who generated the fund transfer

Secretary
District Panchayat
Malappuram

അനുബന്ധം - 3

വണ്ടൂർ ഗ്രാമപഞ്ചായത്ത്

04/10/2023 തീയ്യതി നടന്ന സാധാരണ മീറ്റിംഗിലെ

6(1) -ാം നമ്പർ തീരുമാനം

വണ്ടൂർ ഗ്രാമപഞ്ചായത്തിലെ 17-)ാം വാർഡിൽ വണ്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 78 ൽ റീ - സർവേ നമ്പർ 32/1 ൽപെട്ട 0.4720 ഹെക്ടർ ശ്മശാനത്തിന് വേണ്ടിയുള്ള സ്ഥലം ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനു വേണ്ടി മലപ്പുറം ജില്ലാ പഞ്ചായത്തിന് കൈമാറിയിരുന്നതാണ്. മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 26/09/2023 തീയതിയിലെ പി5-2813/14 നമ്പർ കത്ത് പ്രകാരം ഗ്യാസ്ക്രിമിറ്റോറിയം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയത് ഏറ്റെടുത്ത് വണ്ടൂർ പഞ്ചായത്തിൻറെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്നും അറിയിച്ചിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ ഗ്യാസ് ക്രിമിറ്റോറിയം ഏറ്റെടുത്ത് ടി സ്ഥലത്ത് ഉൾപ്പെട്ടതായി ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനീയർ റിപ്പോർട്ട് ചെയ്ത താഴെ പറയുന്ന ആസ്തികൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

1. Building Area - 117.13 M^2
2. Chamber with 6 ft (180 cm) width, 9.5 ft (290cm) length and 5 ft (150cm) Height.
3. Burner System with full length burners on either side (3 ft*4 nos)
4. Gas pipe line Unit made out of copper/MS with pressure gauge
5. Insulation Kit withstanding 1100^0 C with special cement
6. Chimney 30 meter Height
7. Power - 3 phase power connection
8. Exhaust Pipe with heat resistant insulated pipe

9. Bed - Stainless steel with MS Hospital Trolly

10. Ashok Leyland Generator of 15 (LS)KVA with serial number DG 20/2253241

11. 2 Water tanks (5000 litre and 2500 litre)

ഒപ്പ്

പ്രസിഡൻറ്

//ശരിപകർപ്പ് //

സെക്രട്ടറി

Mammed Abdul Latheef N
Secretary
Wandoor Grama Panchayath
Mob: 9496 047 835

Wandoor Grama Panchayat Office

138

ഭരണഭാഷ-മാതൃഭാഷ

അനുബന്ധം-4

നമ്പർ.400855/FMAA03/GPO/2024/6623/(1)

വണ്ടൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്

വണ്ട ൂർ
വണ്ട ൂർ.പി.ഓ
മലപ്പുറം
Phone No:04931247033
E-mail:wandoorgp@gmail.com

തീയതി : 12/08/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

Secretary
District Panchayat, Malappuram

സർ,

വിഷയം:- വണ്ടൂർ ഗ്രാമ പഞ്ചായത്ത്-സമാഹൃത ഓഡിറ്റ് റിപ്പോർട്ട്-2017-18 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം -റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന- അങ്ങയുടെ 08/08/2024 ലെ എൽ.എസ്.ജി.ഡി/ജിപി/എംപിഎം/17/2024-ജി3 നമ്പർ കത്ത്.

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.വണ്ടൂർ ഗ്രാമ പഞ്ചായത്തിൻറെ വാതക ശ്മശാനം പ്രവർത്തന സജ്ജമാക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്. മറ്റ് അടിയന്തിര പ്രവർത്തികൾ കൂടി പൂർത്തിയാക്കി ,ക്വട്ടേഷൻ ക്ഷണിച്ച് ശ്മശാനത്തിൻറെ നടത്തിപ്പ് ഒരാളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 3 മൃതദേഹങ്ങൾ ഈ ശ്മശാനത്തിൽ സംസ്കരിച്ചിട്ടുണ്ടെന്ന വിവരവും സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by Mammed Abdul Latheef N
Date: 2024.08.12 11:10:14 IST
Reason: ILGMS Govt of Kerala

മമ്മദ് അബ്ദുൽ ലത്തീഫ് എൻ

സെക്രട്ടറി

139 അനുബന്ധം - 5

സ.ഉ.(സാധാ) നം.2383/2022/LSGD

ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് -റോഡ് മെയിന്റനൻസ് ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (എഎ) വകുപ്പ്

സ.ഉ.(സാധാ) നം.2383/2022/LSGD തീയതി,തിരുവനന്തപുരം, 30-09-2022

പരാമർശം:-

1. സ.ഉ.(എം.എസ്.) നം.72/2017/തസ്വഭവ തീയതി :.29.03.2017
2. ചീഫ് [illegible] എഞ്ചിനീയർ ,തദ്ദേശ സ്വയം ഭരണ വകുപ്പ് -ന്റെ 02/12/2019 ലെ ഡിബി3/753/2013/സി.ഇ/തസ്വഭവ നമ്പർ കത്ത് .
3. സെക്രട്ടറി ,മലപ്പുറം ജില്ലാ പഞ്ചായത്ത് -ന്റെ 01/06/2022 ലെ ജി 3-938/2020 നമ്പർ കത്ത് .

ഉത്തരവ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പ്രസ്തുത വർഷത്തെ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ജില്ലാ പഞ്ചായത്തിന്റേതല്ലാത്ത റോഡുകളിൽ പ്രവർത്തി നടത്തുക വഴി വകമാറ്റി ചെലവഴിച്ച 19,11,32,479/- രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാകുന്നതുവരെ തടസ്സപ്പെടുത്തിയിരുന്നു. ഇതിനെ തുടർന്ന് മേൽ പ്രവർത്തിയുടെ സാധൂകരണത്തിനായി പരാമർശം (2)പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു .

2017-18 വർഷത്തെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 19,11,32,479/-രൂപ ചെലവഴിച്ച് ചെയ്ത 2 7 3 റോഡുകൾ, ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെടുന്ന, 6 മീറ്ററും 8 മീറ്ററും വീതിയുള്ള റോഡുകളാണെന്നും ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിച്ച് മാത്രം ഇവ പുനരുദ്ധരിക്കാൻ കഴിയാത്തതിനാൽ ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് അത് ചെയ്യണമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ജില്ലാ പഞ്ചായത്തിന്റെ

സ.ഉ.(സാധാ) നം.2363/2022/LSGD

വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിലും ടി റോഡുകളുടെ ശോചനീയാവസ്ഥ പരിഗണിച്ചുമാണ് പ്രസ്തുത പ്രവൃത്തികൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയതെന്നും ആയതിനാൽ ഈ ഇനത്തിൽ ചെലവായ 19,11,32,479 രൂപയ്ക്ക് സാധൂകരണം നൽകണമെന്നുമാണ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള എല്ലാ റോഡുകളും പൂർണ്ണ ഗതാഗതയോഗ്യമാക്കിയതിനു ശേഷം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് 2017 - 18 വർഷത്തെ പദ്ധതി മാർഗ്ഗരേഖ പുറപ്പെടുവിച്ചുകൊണ്ടുള്ള പരാമർശം (1) ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 148 റോഡുകളിൽ അറ്റകുറ്റപ്പണി ആവശ്യമുള്ള റോഡുകളെല്ലാം തന്നെ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള 6 മീറ്ററും അതിൽ കൂടുതൽ വീതിയുമുള്ള റോഡുകളുടെ പരിഷ്കരണം ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്തിരുന്നതെന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2017-18 ലെ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനായി 19,11,32,479 രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റീജ ജസ്റ്റസ്

ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് ~~[illegible]~~ എഞ്ചിനീയർ ,തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം , പബ്ലിക് ഓഫീസ് കെട്ടിടം , തിരുവനന്തപുരം

സെക്രട്ടറി,മലപ്പുറം ജില്ലാ പഞ്ചായത്ത് ,മലപ്പുറം

ഡെപ്യൂട്ടി ഡയറക്ടർ , മലപ്പുറം ജില്ലാ പഞ്ചായത്ത് ഓഡിറ്റ് , സംസ്ഥാന ഓഡിറ്റ് വകുപ്പ് ,മലപ്പുറം

കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ